Vol. 6 No. 2 July 2023

ISSN 2582-2594

www.akgct.org

# ACADEMIC RESEARCH AND REVIEW LETTERS

**(A Peer Reviewed, Multi- disciplinary, Bilingual and Biannual Research Journal)**

A Biannual Research Journal

Association of Kerala Government College Teachers

# ACADEMIC RESEARCH AND REVIEW LETTERS

(A Peer Reviewed, Multi- disciplinary, Bilingual and Biannual Research Journal)

Vol. 6 No. 2 July 2023

A Biannual Research Journal

---

**Association of Kerala Government College Teachers**
AKGCT Bhavan, Panavila Jn., Thycaud
Thiruvananthapuram - 695014, Kerala.
Ph: 8848295637, E-mail: akgctresearchjournal@gmail.com
Web: www. akgct.org

**ACADEMIC RESEARCH AND REVIEW LETTERS**
A Peer Reviewed, Multi- disciplinary, Bilingual and Biannual Research Journal

*Published in India by*
Association of Kerala Government College Teachers,
Thiruvananthapuram

Email: akgctresearchjournal@gmail.com

VOL. 6 NO. 2 July 2023

ISSN: 2582 - 2594

RNI No. KERMUL/2018/77513

Book design: SJ Communications

[Free and private circulation only]

## Disclaimer

All data, views, opinions etc that are published in this journal are the sole responsibility of the individual authors. Neither the publisher nor the editors are in anyway responsible for them. The author(s) is solely responsible for taking permission from earlier publications for inclusion in their papers. The journal shall not be responsible for any copyright infringements.

**Editorial Correspondence**
All correspondence to the journal should be made to
The Editor, ACADEMIC RESEARCH AND REVIEW LETTERS
AKGCT Bhavan, Panavila Jn., Thycaud
Thiruvananthapuram - 695 014, Kerala.
Ph: 8848295637, E-mail: akgctresearchjournal@gmail.com
Web: www. akgct.org

Printed at: Akshara Offset, Vanchiyoor, Thiruvananthapuram 35, Kerala, India

# *Editorial Board*

Managing Editor
**Dr. K. K. Damodaran**
*Principal, Government College, Malappuram*

Chief Editor
**Dr. Muhammed Rafeeq T.**
*Associate Professor, Dept. of Islamic History, University College, Thiruvananthapuram*

Issue Editor
**Dr. Muhamed Basheer K. K.**
*Assistant Professor, Dept. of Malayalam, KKTM Govt. College, Pullut*

Editorial
**Dr. Sandhya S. Nair**
*Associate Professor, Dept. of Political Science, University College, Thiruvananthapuram*

**Dr. Baiju S.**
*Associate Professor, Dept. of Mathematics, Govt. College Kariavattom, Thiruvananthapuram*

**Dr. Ajaykumar. A. P**
*Associate Professor, Dept. Zoology, Sree Neelakanta Government Sanskrit College, Pattambi*

**Dr. P. K. Sujathan**
*Assistant Professor, Dept. of Economics, KKTM Govt. College, Pullut*

**Dr. Sajikumar K. B.**
*Assistant Professor, Dept. of Commerce, PMG College, Chalakkudy, Thrissur.*

**Dr. Finosh G. Thankam**
*Assistant Professor, Tissue Engineering and Regenerative Medicine*
*Department of Translational Research, Western University of Health Sciences*
*Pomona, CA-91766*

**Dr. Sherin B. S.**
*Associate Professor, Department of Comparative Literature and India Studies,*
*The English and Foreign Languages University, Hyderabad.*

Statement about ownership and other particulars about

# ACADEMIC RESEARCH AND REVIEW LETTERS

**Form IV**

| | | | |
|---|---|---|---|
| 1. | Place of publication | : | AKGCT Bhavan, Panavila Jn.,<br>Thiruvananthapuram District<br>695014, Kerala |
| 2. | Periodicity of Publication | : | Half Yearly |
| 3. | Printers Name | : | K. K. DAMODARAN |
| | Nationality | : | Indian |
| | Address | : | AKGCT Bhavan, Panavila Jn.,<br>Thiruvananthapuram District<br>695014, Kerala |
| 4. | Publishers Name | : | K. K. DAMODARAN |
| | Nationality | : | Indian |
| | Address | : | AKGCT Bhavan, Panavila Jn.,<br>Thiruvananthapuram District<br>695014, Kerala |
| 5. | Editor's Name | : | Dr. MUHAMMED RAFEEQ T. |
| | Nationality | : | Indian |
| | Address | : | AKGCT Bhavan, Panavila Jn.,<br>Thiruvananthapuram District<br>695014, Kerala |
| 6. | Name and Address of the Individual who own the Periodical | : | K. K. DAMODARAN |
| | Nationality | : | Indian |
| | Address | : | AKGCT Bhavan, Panavila Jn.,<br>Thiruvananthapuram District<br>695014, Kerala |

I, Dr. K. K. Damodaran hereby declare that the particulars given above are true to the best of my knowledge and belief.

25-07-2023

Sd/-
K. K. DAMODARAN
Publisher

# ആമുഖം

ഭാഷാശാസ്ത്രം, സാഹിത്യം, ബോട്ടണി, ചലച്ചിത്രപഠനം, സംസ്കാരപഠനം എന്നിങ്ങനെ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പുതിയ അന്വേഷണങ്ങളാണ് Academic Research and Review Letters - ന്റെ ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

സക്കറിയയുടെ 'പ്രപഞ്ചത്തിന്റെ അവശിഷ്ടങ്ങൾ' എന്ന കഥയെ അടിസ്ഥാനമാക്കി അപരനിർമിതിയുടെ സങ്കല്പനബോധങ്ങൾ അതിലെ കഥാപാത്രമായ തവളയിൽ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് അന്വേഷിക്കുന്നതാണ് അപരനിർമിതിയുടെ സങ്കല്പനരൂപങ്ങൾ 'പ്രപഞ്ചത്തിന്റെ അവശിഷ്ടങ്ങ'ളിൽ എന്ന പ്രബന്ധം. കഥയിലൂടെ സാധ്യമായ/സാധ്യമാവാത്ത ആത്മബോധത്തിന്റെ സംഘർഷങ്ങളിൽനിന്ന് അപരനിർമിതിയുടെ സങ്കല്പനമാനങ്ങളെ വേർതിരിച്ചെടുക്കാനാണ് ഗവേഷകൻ ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നത്.

ജോൺ കീറ്റ്സിന്റെ 'Odd to a Nightingale' എന്ന കവിതയ്ക്ക് സുഗതകുമാരി ചെയ്ത വിവർത്തനമാണ് 'രാപ്പാടിയോട്'. സമാന ചിന്തയും സഹൃദയത്വവും പുലർത്തുമ്പോഴും സുഗതകുമാരിയുടെ വിവർത്തനത്തിൽ ഒളിഞ്ഞിരിക്കുന്ന സ്ത്രീപക്ഷചിന്തകളെ വേർതിരിച്ചെടുക്കുന്നതാണ് 'സ്ത്രൈണചാരുതയും താദാത്മീകരണവും' - എന്ന പ്രബന്ധം.

മത, സംസ്കാര സ്വാധീനങ്ങൾക്ക് വഴങ്ങിയുള്ള ഭിന്നശേഷി അടയാളപ്പെടുത്തലുകൾ പൊതുബോധ നിർമ്മിതിയിൽ വിവിധ കാലങ്ങളിൽ രൂപപ്പെട്ടു വന്നിട്ടുണ്ട്. 'ഭിന്നശേഷി : കടുവ സിനിമയുടെ അരികുകാഴ്ചകളും ക്രൈസ്തവദൈവശാസ്ത്ര സ്വാധീനവും' - എന്ന പ്രബന്ധം പഠനവിധേയമാക്കുന്നത് കടുവ എന്ന സിനിമയിലെ ഭിന്നശേഷി വിവാദത്തിന് തിരികൊളുത്തിയ സംഭാഷണങ്ങൾക്കും ക്രൈസ്തവദൈവശാസ്ത്ര ഇടപെടലുകളും തമ്മിലുള്ള ബന്ധമാണ്.

തിരുവനന്തപുരം ജില്ലയിലെ പ്രാദേശികഭേദങ്ങളിൽനിന്നും മലയോര മേഖലയിലെ കാണി സമുദായത്തിൽ പ്രചാരത്തിലുള്ള ഭാഷാഭേദങ്ങളെ സാമൂഹികഭാഷാശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുകയാണ് 'കാണിക്കാരുടെ മലയോര ഭാഷാഭേദങ്ങൾ' - എന്ന പ്രബന്ധം.

സവർണ-വരേണ്യ ബോധത്തെ പിൻപറ്റുന്ന മലയാളത്തിലെ നോവൽ സാഹിത്യ ചരിത്രങ്ങൾ ജനപ്രിയനോവലുകളെ എങ്ങനെയാണ് അഭിമുഖീകരിച്ചതെന്നും അടയാളപ്പെടുത്തിയതെന്നുമുള്ള അന്വേഷണമാണ് 'മലയാളജനപ്രിയനോവലും സാഹിത്യചരിത്രങ്ങളും - ചില പുനരാലോചനകൾ'- എന്ന പ്രബന്ധം നിർവഹിക്കുന്നത്.

നൂതന സാങ്കേതികവിദ്യകളുടെ വികാസം കാർഷികവിളകളുടെ ഉത്പാദനത്തെ എങ്ങനെയെല്ലാം ബാധിക്കുന്നുവെന്ന് കൂൺകൃഷി ഉദാഹരണമായെടുത്ത് വിശകലനം ചെയ്യുകയാണ് 'കൂൺകൃഷി - നൂതനസാങ്കേതിക വൈദഗ്ധ്യ പരിസരലോകത്തിൽ' - എന്ന പ്രബന്ധത്തിൽ. വിളകളുടെ ഉല്പാദനം, പുനരുല്പാദനം, രോഗ പ്രതിരോധശേഷി വർധിപ്പിക്കൽ, രാസവസ്തുക്കളുടെ ഉപയോഗം കുറയ്ക്കൽ, വിപണനം എന്നിങ്ങനെ കൃഷിയുടെ എല്ലാ തലങ്ങളിലും സാങ്കേതിക വിദ്യ ഏറെ പ്രയോജനപ്പെടുന്നുണ്ടെന്ന് പ്രബന്ധം വസ്തുനിഷ്ഠമായി സ്ഥാപിക്കുന്നു.

'നാട്ടിൻപുറത്തിന്റെ നാൾവഴികൾ എം.ടി. കഥകളിൽ' എന്ന പ്രബന്ധത്തിൽ എം.ടിയുടെ കഥകളെ ഗ്രാമത്തിലേക്ക് തിരിച്ചുവരുന്ന യാത്രകളും ഗ്രാമത്തിൽനിന്ന് അകന്നുപോകുന്ന യാത്രകളുമായി വർഗീകരിച്ചുകൊണ്ട് ആ കഥകളിൽ കൂടല്ലൂർ എന്ന ഗ്രാമം എങ്ങനെ അടയാളപ്പെടുത്തപ്പെട്ടിരിക്കുന്നു എന്ന് അന്വേഷിക്കുകയാണ്.

അക്കാദമിക സമൂഹത്തിന്റെ വിലയിരുത്തലുകൾക്കായി 2023 ജൂലൈ ലക്കം സമർപ്പിക്കുന്നു.

**ഡോ. മുഹമ്മദ് റഫീഖ് ടി.**
ചീഫ് എഡിറ്റർ

**ഡോ. മുഹമ്മദ് ബഷീർ കെ.കെ.**
ഇഷ്യു എഡിറ്റർ


ISSN: 2582 - 2594

**ACADEMIC RESEARCH AND REVIEW LETTERS**
Vol. 6 No. 2 July 2023

## CONTENTS

**അപരനിർമിതിയുടെ സങ്കല്പനരൂപങ്ങൾ 'പ്രപഞ്ചത്തിന്റെ അവശിഷ്ടങ്ങ'ളിൽ** 9
കൃഷ്ണൻ പി.സി.

**മലയാളജനപ്രിയനോവലും സാഹിത്യചരിത്രങ്ങളും – ചില പുനരാലോചനകൾ** 18
ആസിഫ് എം.

**കാണിക്കാരുടെ മലയോര ഭാഷാഭേദങ്ങൾ–** 30
(സാമൂഹികഭാഷാശാസ്ത്രത്തെ അടിസ്ഥാനമാക്കിയുള്ള പഠനം)
ഡോ. ദീപ എസ്.എസ്.

**ഭിന്നശേഷി : കടുവ സിനിമയുടെ അരികുകാഴ്ചകളും ക്രൈസ്തവദൈവശാസ്ത്ര സ്വാധീനവും** 45
ലിജ്ജ ടി. വർഗീസ്

**നാട്ടിൻപുറത്തിന്റെ നാൾവഴികൾ എം.ടി. കഥകളിൽ** 59
ഡോ. മിജോയ് ജോസ്

**രാപ്പാടിയും നൈറ്റിംഗേലും–വിവർത്തനത്തിന്റെ സ്ത്രൈണചാരുതയും താദാത്മീകരണവും** 69
ജിനി എം.ടി.

**Mushroom Cultivation in a Techno – Savvy Environmental Space** 76
Dr. Jinu G.V.

# അപരനിർമ്മിതിയുടെ സങ്കല്പനരൂപങ്ങൾ 'പ്രപഞ്ചത്തിന്റെ അവശിഷ്ടങ്ങ'ളിൽ

**കൃഷ്ണൻ പി.സി.**
ഗവേഷകൻ
മലയാളവിഭാഗം
കെ.കെ.ടി.എം.ഗവ.കോളേജ്,
പുല്ലൂറ്റ്.
E-mail: kichuspallikkara@gmail.com

**സംഗ്രഹം**

മനുഷ്യനെ കേന്ദ്രകഥാപാത്രമാക്കി വളർന്നുവന്ന പ്രപഞ്ചവീക്ഷണം അധീശത്വസങ്കല്പനങ്ങൾക്ക് വഴിമാറി. മനുഷ്യൻ എന്നാൽ ഞാൻ, എന്റെ മതം, എന്റെ ദേശക്കാർ, എന്റെ വർഗം എന്നിങ്ങനെ മനുഷ്യനിലെ സങ്കല്പങ്ങൾ ചുരുങ്ങി ചുരുങ്ങി വന്നു. മനുഷ്യൻ, മനുഷ്യേതരജീവികൾ എന്നീ വർഗബോധങ്ങളിൽ പൊതുവായ ചില സങ്കല്പനങ്ങൾ നിലനിൽക്കുന്നുണ്ട്. മനുഷ്യനിലെ അറിവിന്റെ പരിമിതികൾ കൊണ്ട് സാമാന്യവത്കരണം സാധ്യമായിരുന്ന മനുഷ്യേതരജീവികളുടെ തലങ്ങൾ ഇവിടെയാണ് വികാസം പ്രാപിക്കുന്നത്. യാഥാർത്ഥ്യത്തിന്റെ ആവിഷ്കരണങ്ങളിൽ നിലനിൽക്കുമ്പോഴും അവയിലെ അപരനിർമിതി വേറിട്ട വായനയ്ക്ക് ഇടം നൽകുന്നു. സക്കറിയയുടെ 'പ്രപഞ്ചത്തിന്റെ അവശിഷ്ടങ്ങൾ' എന്ന കഥയെ അടിസ്ഥാനമാക്കി അപരനിർമിതിയുടെ സങ്കല്പനബോധങ്ങൾ തവളയിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്ന് അന്വേഷിക്കുന്നു. അധികാരം / അധീശത്വം, കീഴാളത / വരേണ്യത എന്നിവ ഈ കഥയിൽ രൂഢമാക്കപ്പെട്ട് കിടക്കുന്നു. കഥയിലൂടെ സാധ്യമായ/സാധ്യമാവാത്ത ആത്മബോധത്തിന്റെ സംഘർഷങ്ങളിൽ നിന്ന് അപരനിർമിതിയുടെ സങ്കല്പനമാനങ്ങളെ വേർതിരിച്ചെടുക്കുന്നതാണ് ഈ പ്രബന്ധം.

**താക്കോൽ വാക്കുകൾ:** അപരനിർമിതി, കീഴാളത, വരേണ്യത, അധികാരം, അധീശത്വം, ആത്മം, അപരം, സ്വത്വം.

ആഖ്യാനത്തിന്റെ സാധ്യതകളെ ഏറെ ഉപയുക്തമാക്കുന്ന സാഹിത്യ ജനുസ്സാണ് ചെറുകഥ. വേങ്ങയിൽ കുഞ്ഞിരാമൻ നായനാരിൽ തുടങ്ങി ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, മൂർക്കോത്ത്

കുമാരൻ, വൈക്കം മുഹമ്മദ് ബഷീർ, കാക്കനാടൻ തുടങ്ങിയവരിലൂടെ വളർന്ന് മലയാള ചെറുകഥാപ്രസ്ഥാനം രൂപഭാവങ്ങളിലേറെ വൈവിധ്യം പുലർത്തുന്ന ഇന്നത്തെ എഴുത്തുകാരിൽ വന്നു നിൽക്കുന്നു. നേരിട്ടുള്ള ഉപദേശങ്ങളെയും സന്ദേശങ്ങളെയും നവോത്ഥാന കഥകൾ നിരസിച്ചു. ഈ സന്ദർഭത്തിന്റെ സൃഷ്ടിയാണ് കഥയിലെ ആധുനികത. ആധുനിക / ആധുനികാനന്തര കഥകളിൽ ശാസ്ത്രീയ അറിവുകളുടെയും, സാങ്കേതികവിദ്യകളുടെയും, പരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ മനുഷ്യൻ തന്റെ ചുറ്റുപാടുകളെ നിർമ്മിക്കാനും, മെച്ചപ്പെടുത്താനും, മാറ്റിയെഴുതാനുമുള്ള കഴിവ് നേടിയെടുത്തു. ഇത്തരം സൃഷ്ടിയുടെ വക്താണ് സക്കറിയ.

ഒരേസമയം ആധുനിക ആശയങ്ങളോട് ചേർന്നുനിൽക്കുമ്പോഴും അതിന്റെ എതിർ ധ്രുവങ്ങളിലൂടെയുള്ള സഞ്ചാരവും അദ്ദേഹത്തിൽ കാണാം. 1964 ജനുവരി 26 ന് മാതൃഭൂമി ആഴ്ച്ചപ്പതിപ്പിൽ പ്രിസിദ്ധീകരിച്ച 'ഉണ്ണി എന്ന കുട്ടി' എന്ന ചെറുകഥ മുതൽ ആനുകാലികങ്ങളിൽ സമകാലികമായി പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ കഥകളിൽ വൈരുദ്ധ്യത്തിന്റെ ആവിഷ്ക്കാരമെന്ന നിലകളിൽ മൃഗപക്ഷിപ്രാണിഉഭയഉരഗ കഥകളിലേയ്ക്ക് കടക്കുന്ന പരകായ പ്രവേശങ്ങളുടെ ഭിന്ന വിചിത്രങ്ങളായ സ്വഭാവങ്ങളും സ്വരൂപങ്ങളും അടയാളപ്പെട്ടുകിടക്കുന്നു. അവയിൽ ജന്തുജീവിതങ്ങളെ സത്താപരമായി നിർവ്വചിച്ചവതരിപ്പിക്കുകയും ചെയ്യുന്നു. അവ യാഥാർത്ഥ്യത്തിന്റെ പ്രതീകങ്ങളായി നിൽക്കുമ്പോഴും അവയിൽ സൃഷ്ടിക്കുന്ന പ്രതീതി സാംസ്കാരിക സങ്കല്പനങ്ങൾക്ക് പ്രചോദനമാകുന്നു.

വിവിധങ്ങളായ സങ്കല്പനങ്ങളുടെ വായനയ്ക്ക് ഇടം നൽകുന്നു എന്നതാണ് അപരനിർമിതിയുടെ മറ്റൊരു തലം. ആഖ്യാനപരമായ വർഗീകരണത്തിൽ ജന്തുപ്രാണങ്ങളുടെ ആത്മഭാഷണമെന്ന നിലയിലും അവയെ കുറിച്ചുള്ള കഥപറച്ചിൽ എന്ന നിലയിലും ഇത്തരം കഥകളെ രണ്ടായി വിഭജിക്കാം. അപരമായ ഒന്നിലേയ്ക്ക് കടക്കുന്ന രൂപാന്തരത്തിന്റെ സൃഷ്ടിയാണ് ആദ്യഭാഗം കഥകളിൽ കാണുന്നതെങ്കിൽ രണ്ടാമത്തെ ഭാഗം ഉടലിന്റെ രൂപാന്തരങ്ങളിലും ഭാവാന്തരങ്ങളിലും ഒരുപോലെ തന്നെ സംഘർഷങ്ങൾ പ്രകടമാക്കുന്നുണ്ട്.

പ്രപഞ്ചത്തിന്റെ കേന്ദ്രമായി മനുഷ്യനെ കാണുന്ന കൊളോണിയൽ യുക്തി ജനിതകമായി മനുഷ്യവംശത്തിൽ വികസിച്ചു വന്നിട്ടുണ്ട്. പരിഷ്കൃതനും വെളുത്ത് നീണ്ട്, മെലിഞ്ഞവനുമായ മനുഷ്യസങ്കല്പത്തെയാണ് കൊളോണിയൽ യുക്തി മുന്നോട്ട് വച്ചത്. കറുത്തവരും, സ്ത്രീകളും, കുട്ടികളും, ആദിവാസികളും, ദളിതരുമെല്ലാം ഈ യുക്തിയ്ക്ക് പുറത്താണ്. അവയിലെ മാനങ്ങൾ രാത്രി /പകൽ, കീഴാളത /വരേണ്യത, കീഴടങ്ങൽ /കീഴടക്കൽ, അധികാരം /വിധേയത്വം, ആൺ /പെൺ എന്നീ ദ്വന്ദ്വസങ്കല്പനങ്ങൾക്ക് വഴിമാറുകയും ചെയ്യുന്നു. മനുഷ്യൻ ഈ ലോകബോധത്തിൽ സ്വയം അന്യനാവുകയും ഇതര ജീവിവർഗങ്ങൾ മനുഷ്യന് അപരമാവുകയും ചെയ്യുന്നു. മനുഷ്യന്റെ യുക്തി അപരമായ ഈ അനുഭവസ്ഥലങ്ങളെ രണ്ടാതരവും അപഹാസ്യവുമായാണ് കരുതുന്നത്. അനുഭവങ്ങളുടെ പരിമിതികൊണ്ട് മൃഗപക്ഷിപ്രാണിഉഭയഉരഗ കഥകൾ ചമയ്ക്കുമ്പോഴും മനുഷ്യന്റെ സ്വഭാവഗുണങ്ങൾ തന്നെയാണ് അവയിൽ നാം അന്വേഷിക്കുന്നത്. ഇത്തരം അന്വേഷണങ്ങൾ ചെന്നെത്തുന്നത് അരികുവത്ക്കരിക്കപ്പെട്ട മനുഷ്യന്റെ സ്വഭാവങ്ങളിലാണ്. എന്നാൽ പൂർണമായും പാർശ്വവത്ക്കരിക്കപ്പെടുന്നത് എന്ന് ഇതിന് അർഥം ഇല്ല. അരികുവത്ക്കരണത്തിന്റെ സ്വഭാവങ്ങളിൽ നിലനിൽക്കുമ്പോഴും അവ പ്രകടമാക്കുന്ന യുക്തിയുടെ തലങ്ങൾ അവയിലെ മാനങ്ങളായി കടന്നുവരുകയും സ്വത്വബോധങ്ങളായി പരി


ISSN: 2582 - 2594

ണമിക്കുകയും ചെയ്യുന്നു. അപരമായ സങ്കല്പത്തിൽ സൃഷ്ടിക്കപ്പെടുന്ന ബോധം ആത്മത്തിന്റെ സൃഷ്ടിയാണ്. സത്താപരമായ അംശത്തെ അപരത്തിൽ കാണുകയും ആത്മം ക്രമരഹിതമായ ബോധത്തെ വീണ്ടെടുക്കുകയും ചെയ്യുന്നു. മൃഗപക്ഷിപ്രാണിഉഭയഉരഗ കഥകളിൽ അപരത്തെ കാണുന്ന മനുഷ്യനിലെ ആത്മബോധം പ്രതീതി സൃഷ്ടിക്കുന്നു. രൂപപ്പെടുന്ന പ്രതീതിയിൽ ആരോപിക്കുന്ന സ്വത്വം ആത്മത്തിന്റേതാണ്. സൃഷ്ടിക്കുന്ന ഇടം അപരത്തിന്റേതും. ഇപ്രകാരം രൂപകല്പന ചെയ്യപ്പെടുന്ന അപരനിർമിതിയെയാണ് 'പ്രപഞ്ചത്തിന്റെ അവശിഷ്ടങ്ങൾ' എന്ന സക്കറിയയുടെ കഥയിൽ ആരോപിക്കുന്നത്.

**ആത്മം – അപരം**

മനുഷ്യനെ കേന്ദ്രമാക്കുന്ന കൊളോണിയൽ യുക്തിബോധപ്രവണതകളിൽ ബോധ, അബോധ മണ്ഡലങ്ങളുടെ ദ്വന്ദ്വാത്മക സൂചകങ്ങളാണ് ആത്മം /അപരം. തന്നിലേയ്ക്ക് തന്നെയുള്ള ഒരിടമാണ് ആത്മം (self). അപരം (other) വ്യത്യസ്തതയാണ്. അനന്യത കാഴ്ചയുടെ അർഥം നിർണയിക്കുമ്പോൾ അപരം ആത്മത്തെ പൂരിപ്പിക്കുന്നു. ആത്മം സങ്കല്പനം ചെയ്യുന്ന അപരത്തിലൂടെ ആത്മത്തിൽ വീണ്ടെടുപ്പുകൾ സൃഷ്ടിക്കുന്നു. അപരത്വത്തെ (otherness) അസ്തിത്വത്തിന്റെ അടിസ്ഥാനമായി കാണുമ്പോൾ ആത്മം അസ്തിത്വം തന്നെയാകുന്നു. എന്നാൽ ആത്മത്തിന്റെ പൂർത്തീകരണത്തിന് അപരത്തിന്റെ ആധികാരികത ആവശ്യപ്പെടുന്നുണ്ട്. ആത്മത്തിൽ നിന്ന് അപരത്തെ ഒഴിച്ചുകളയുമ്പോൾ അധിനിവേശം സ്ഥാപിതമാകുന്നു. അല്ലെങ്കിൽ അപരത്തെ കീഴ്പ്പെടുത്തിക്കൊണ്ട് ആത്മം സ്വയം സ്ഥാപിതമാകുന്നിടത്താണ് അധിനിവേശം അതിന്റെ പ്രാഥമിക സ്ഥാനം അടയാളപ്പെടുത്തുന്നത്. ഇത്തരം ലോകബോധത്തിൽ നിന്ന് ഉടലെടുക്കുന്ന അപരത്തിനുമേലുള്ള ആത്മത്തിന്റെ അധിനിവേശം ആത്മത്തിലൂടെ അപരത്തെ നിർണയിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുന്നു. മൂർത്തമായ മനുഷ്യബന്ധങ്ങളെ അമൂർത്ത ആശയമാക്കിയാണ് ഈ പരികല്പന അവതരിപ്പിക്കുന്നത്. അധീശത്വമുള്ള ഈ ആശയങ്ങൾ / പ്രകടനങ്ങൾ അധീശത്വമുള്ള സാമൂഹികബന്ധങ്ങളുടെ ആദർശാത്മകമായ ആവിഷ്ക്കാരങ്ങളായി മാറുന്നു. ബോധത്തെ നിർണയിക്കുന്നത് അസ്തിത്വത്തിന്റെ കാഴ്ചപ്പാടുകളാണെന്ന ധാരണയും ബലപ്പെടുത്തുകയും ചെയ്യുന്നു. ഇത്തരത്തിൽ കീഴടക്കലിന്റെയും കീഴടങ്ങലിന്റെയും ആധികാരികതയെ നിലനിർത്തുന്ന ആത്മ /അപരങ്ങളിൽ ആത്മം പൊതുബോധനിർമിതിയിൽ ഉടലെടുക്കുമ്പോൾ അപരം അതിന് ബദലായി മാറുന്നു.

'മനുഷ്യന്റെ അപരമായി പ്രകൃതി, ആണിന്റെ അപരമായി പെണ്ണ്, ആത്മാവിന്റെ അപരമായി ശരീരം, വിചാരത്തിന്റെ അപരമായി വികാരം, പടിഞ്ഞാറിന്റെ അപരമായി കിഴക്ക്, യൂറോപ്പിന്റെ അപരമായി ഏഷ്യ ഇങ്ങനെ പല നിലയിൽ നിർവചിക്കപ്പെട്ട അപരങ്ങളാണ് അധിനിവേശത്തിന്റെ ആധാരതത്വം. അതുകൊണ്ട് അധിനിവേശത്തിനെതിരായ നമ്മുടെ വീക്ഷണത്തിന്റെ, നമ്മുടെ കാഴ്ചയുടെ, നമ്മുടെ ആലോചനകളുടെ കേന്ദ്രമായിരിക്കേണ്ടത് ഈ അപരത്വത്തെ മറികടന്ന് നിൽക്കുന്ന അഥവാ അപരത്തെ ഭേദിച്ച് പോകുന്ന അപരവും ആത്മവും ചേർന്നുവരുന്ന ജീവിതബോധമാണ്' (സുനിൽ പി. ഇളയിടം: 2016:23). ഇത്തരം അപരങ്ങളിലൂടെ മാത്രം സാധ്യമാകുന്ന ഒന്നാണ് ആത്മം. ആത്മത്തിൽ അപരത്തെ ഉൾക്കൊള്ളാൻ കഴിഞ്ഞാൽ മനുഷ്യന്റെ അകത്ത് പ്രകൃതി വരും. അപരത്തിൽ ആത്മത്തെ ഉൾക്കൊള്ളാൻ

കഴിഞ്ഞാൽ ആണിനകത്ത് പെണ്ണ് വരും. പെണ്ണിനകത്ത് ആൺ വരും. യൂറോപ്പിനകത്ത് യൂറോപ്പല്ലാത്ത ലോകങ്ങളും വരും. വികാരങ്ങൾക്കകത്ത് വിചാരങ്ങൾ വരും. ആത്മാവിൽ ശരീരം വരും. ഇത്തരത്തിൽ അപരത്തെ വിഭവസ്ഥാനങ്ങളാക്കി ആത്മവും, ആത്മത്തെ വിഭ വസ്ഥാനങ്ങളാക്കി അപരവും നിലവിൽ വന്ന ആത്മ /അപരത്തിന്റെ ചരിത്രം വാസ്തവത്തിൽ പാശ്ചാത്യനാഗരികതയുടെ യുക്തിബോധമാണ്.

മനുഷ്യൻ വിഷയീഭവിക്കുന്ന യുക്തിബോധത്തിൽ ബോധപൂർവ്വമെന്ന് കരുതി ചെയ്യുന്ന പ്രവൃത്തികൾക്ക് പിന്നിൽ അബോധമായി പ്രവർത്തിക്കുന്ന ചില തത്വങ്ങളുണ്ടെന്ന് മനുഷ്യൻ മറക്കുന്നു. സ്വയം പൂർണതയുണ്ട് എന്ന് കരുതിയ ആധുനികതയിലെ അഹമാണ് അവിടെ തകരുന്നത്. 'ആത്മം ഈ ലോകബോധത്തിൽ നിന്ന് അപരത്തിന്റെ സാന്നിധ്യത്തിൽ ഉണ്ടാക്കിയെടുക്കുന്നതാണെന്നും വാസനാപരമായി ജന്മപരമ്പരകളിൽനിന്ന് ഇറങ്ങിവരു ന്നതല്ലയെന്നും വരുന്ന' (പി.പവിത്രൻ: 2013:59). ഈ ലോകബോധത്തിൽ നിന്ന് തികച്ചും ഭൗതികവാദപരമായി സ്വാംശീകരിക്കുന്ന ഒന്നായി അഹം മാറുന്നു. അഹം ബോധമാണ്. തിരിച്ചറിവാണ്. ആത്മത്തിന്റെയും അപരത്തിന്റെയും സംഘർഷാത്മകമായ വൈരുദ്ധ്യങ്ങ ളുടെ ആവിഷ്ക്കാരമാണത്. സാംസ്കാരികനിർമിതികളെയും അവയുൽപ്പാദിപ്പിക്കുന്ന അനുഭൂതി ലോകങ്ങളെയും നിർണയിച്ചുകൊണ്ട് അഹം വർത്തിക്കുന്നു. സാംസ്കാരികതലങ്ങളിൽ ദമനം ചെയ്യപ്പെട്ടതോ സംസ്കരിക്കപ്പെട്ടതോ ആയ ബോധത്തെ വീണ്ടെടുക്കുകയാണ് ആധുനികാനന്ത രലോകബോധം. വീണ്ടെടുപ്പുകൾ വർഗബന്ധങ്ങളെയും, വർഗസംഘർഷങ്ങളെയും, നിയന്ത്രി ക്കുന്ന ബോധമണ്ഡലങ്ങളുടെ (കൊളോണിയൽ) സാകല്യമാണ്. ആത്മത്തിൽ സൂചിതമാകുന്ന ബോധത്തിന്റെയും അപരത്തെ സാധ്യമാക്കുന്ന വർഗബന്ധങ്ങളെയും/ വർഗസംഘർഷങ്ങ ളെയും സവിശേഷഘട്ടത്തിൽ ആത്മ /അപരത്തിൽ അവയെ തിരിച്ചെടുത്ത് നിർമിക്കുന്ന വീണ്ടെടുപ്പുകളുടെയും ലോകത്തെയാണ് ഈ തലങ്ങൾ അഭിസംബോധന ചെയ്യുന്നത്. പര സ്പരബന്ധം പുലർത്തുമ്പോൾ തന്നെ വ്യത്യസ്തങ്ങളായ വ്യാഖ്യാനപ്രക്രിയകളിൽ/സാമാന്യ അർഥങ്ങളിൽ അവ വകഭേദങ്ങൾ സൃഷ്ടിക്കുന്നു. അവയെ പുനർനിർമിച്ചെടുക്കുന്നു.

### അപരനിർമിതി പ്രപഞ്ചത്തിന്റെ അവശിഷ്ടങ്ങളിൽ

ഏതൊരു സാമൂഹികവിഭാഗത്തിന്റെയും സ്വത്വനിർമ്മാണം നടക്കുന്നത് സ്ഥലകാല നിർണീതമായ അനുഭവങ്ങളിലൂടെ മറ്റ് വിഭാഗങ്ങളിൽനിന്ന് വേർപെട്ട് സ്വയം നിർണ്ണയി ക്കുന്നതിലൂടെയാണ്. അന്യൻ നൽകുന്ന സാമൂഹിക പ്രതിച്ഛായ (image) അത് തിരസ്കരിക്കുന്നു. ഒരേ ജ്ഞാന / വർണവ്യവസ്ഥയുടെ ഇരകൾ എന്ന നിലയിൽ ആത്മബോധം വീണ്ടെടു ക്കാനും, പ്രതിരോധ സാമൂഹിക പ്രത്യയശാസ്ത്രം രൂപീകരിക്കാനും അത് തയ്യാറാകുന്നു. ഇവ സ്വത്വത്തിലധിഷ്ഠിതമായി നിലനിൽക്കുന്നു എന്ന തോന്നൽ സൃഷ്ടിച്ച് സ്വത്വപ്രതീതി മറ്റൊരു ആശയത്തെ നിലനിർത്താൻ ശ്രമിക്കുന്നു. അവിടെ നിശബ്ദമായി പ്രവർത്തിക്കുന്ന ആത്മത്തി ന്റെ രൂപം അപരനിർമിതിയ്ക്ക് കാരണമാകുന്നു. തോന്നലിന്റെ ആഖ്യാനമാതൃകയായിരുന്ന പ്രതീതി സാധാരണ പ്രതിബിംബത്തിനപ്പുറം വർഗവാസനകളുടെ സവിശേഷമായ സാംസ്കാ രികബിംബമായി അപരനിർമിതിസ്വത്വങ്ങൾ സൃഷ്ടിക്കുന്നു. യഥാർത്ഥ സമസ്യകളിൽ നിന്നും അനുഭവങ്ങളിൽ നിന്നും ജനങ്ങളെ അകറ്റി അബോധത്തിന്റെ താത്പര്യങ്ങൾക്ക് കീഴടങ്ങി നിൽക്കുന്ന പ്രതീതിയാഥാർത്ഥ്യം ഒരുതരത്തിൽ അപരനിർമിതിസ്വത്വമാണ്. മനുഷ്യനിലൂ

 ISSN: 2582 - 2594

ടെ അപരനിർമിതിസ്വത്വം വികാസം പ്രാപിക്കുമ്പോൾ അപരമായി മാറുന്നത് മനുഷ്യൻ തന്നെയാണ്. 'പ്രപഞ്ചത്തിന്റെ അവശിഷ്ടങ്ങൾ' എന്ന കഥയിൽ മനുഷ്യന്റെ ആത്മത്തിൽ നിലനിൽക്കുന്ന അപരത്തിന്റെ പ്രതീതിയിലൂടെ ആത്മാപരനിർമിതികളെ വായിച്ചെടുക്കാൻ ശ്രമിക്കുന്നു. ആത്മത്തിൽ പ്രവർത്തിക്കുന്ന സ്വത്വവും അപരത്തിൽ പ്രവർത്തിക്കുന്ന സ്വത്വവും തമ്മിൽ കലങ്ങുന്നു. ഈ കലക്കങ്ങളുടെ അതിരുകളിൽ നിന്ന് സ്ഥാനഭ്രംശം സംഭവിക്കുന്നതാണ് യഥാർത്ഥ അപരനിർമിതി.

ഏകാന്തസഞ്ചാരിയായ ഒരു തവള മഴവില്ല് വിരിഞ്ഞ് നിന്ന തന്റെ സ്വപ്നലോകങ്ങൾ തേടിനടത്തിയ നീണ്ടയാത്രയ്ക്കിടയിൽ വീണുപോയ കിണറിന്റെ ഇത്തിരിവട്ടത്തിനുള്ളിൽ ജീവിതം അവസാനിപ്പിക്കുന്ന പരിഹാരമില്ലാത്ത ഒരു ജീവിതത്തിന്റെ /സമൂഹത്തിന്റെ കഥ പറയുന്ന 'പ്രപഞ്ചത്തിന്റെ അവശിഷ്ടങ്ങൾ'. 'രഹസ്യമാർന്ന ദൂരദേശങ്ങൾക്കുവേണ്ടിയുള്ള ഒരു തീക്ഷ്ണമോഹത്തിൽ വലഞ്ഞും അപരിചിത പുഷ്പങ്ങളുടെ സൗരഭ്യം മനസ്സാ ശ്വസിച്ചും മതിമറന്നും അകലെയേതോ ആകാശങ്ങളിൽ താനറിയാത്ത നക്ഷത്രസംഘങ്ങൾ തുടിക്കുന്നുണ്ടാവാമെന്നോർത്ത് വിഷാദിച്ചും അജ്ഞാതമായ കൊടുമുടിത്താഴ്വകളിൽ കണ്ണാടിപോലെ തിളങ്ങിയൊഴുകി പാറകളിൽ പൊടിഞ്ഞുചിതറിപ്പായുന്ന പുഴകളുടെ കിലുക്കം ഹൃദയത്തിൽ ശ്രവിച്ചും കുഴങ്ങി ഒരു ഗ്രീഷ്മകാലാന്ത്യത്തിൽ ഒരു തവള തന്റെ അരുവിയിൽനിന്നു പിടഞ്ഞുകയറി യാത്ര പുറപ്പെട്ടു' (സക്കറിയ: 2012:323). ഇവിടെ ജീവിതത്തെ ജീവനിൽ അപനിർമിച്ച് സ്വപ്നത്തിന്റെയും സമാന്തരതയുടെയുമായ ഒരു ഘടന സൃഷ്ടിക്കുന്നു. അരികുവത്കരണത്തിലൂടെ ഒരു സമൂഹത്തെ അങ്ങേയറ്റം ജീവിതവിരുദ്ധമാക്കിയ ഇടപെടലുകൾ മനുഷ്യജീവിതത്തെ അതിന്റെ എല്ലാ സ്വാഭാവികതകളിൽനിന്നും അകറ്റിനിർത്തി. ഈ അകറ്റിനിർത്തലുകളാണ് ലോകത്തിന്റെ നിഗൂഢസ്വഭാവത്തെ സ്വപ്നം കാണുവാനും അരുവിയിൽ നിന്ന് പുറപ്പെട്ടുപോകുവാനും തവളയെ പ്രേരിപ്പിച്ചത്. അന്വേഷണത്തിന്റെ താത്പര്യങ്ങളെ യാത്രയിൽ അപരമായി നിലനിർത്തി അടിച്ചമർത്തലുകൾ ആദർശങ്ങളോടും, കീഴ്പ്പെടലുകൾ ശരീരത്തോടും നിരന്തരം ഇടയുന്നു. ആത്മവും അപരവും തമ്മിലുള്ള സങ്കല്പനങ്ങളുടെ കലക്കങ്ങൾ തന്നെയാണ് ഈ ഇടയലുകൾ. പ്രപഞ്ചം അതിന് ബദലാവുകയും കൊളോണിയൽ യുക്തിബോധത്തിൽനിന്ന് മാറ്റിനിർത്തിയ 'മനുഷ്യൻ' അവയിൽ അന്യമാവുകയും ചെയ്യുന്നു. പ്രപഞ്ചത്തിന്റെ ദുരൂഹസ്വഭാവത്തെയും അസ്തിത്വത്തെയും യാഥാർത്ഥ്യത്തെയും അജ്ഞതയെയും കുറിച്ച് ആധുനികത പുലർത്തിയ പ്രതീതിയുടെ ആവിഷ്കാരമായി കഥ മാറുമ്പോൾ തവള മനുഷ്യന് അപരമാകുന്നു.

'ആധികാരികതയ്ക്കുവേണ്ടിയുള്ള അന്വേഷണമാണ് ജീവിതത്തിൽ ആത്യന്തികലക്ഷ്യം എന്നാൽ ഈ ലോകത്ത് അത് അസാധ്യമായിരിക്കുന്നു' (പി.കെ രാജശേഖരൻ: 2007:57). ആധികാരിക മൂല്യങ്ങൾക്കുവേണ്ടിയുള്ള ആധുനിക മനുഷ്യന്റെ അന്വേഷണത്തെയും അതിന്റെ പരാജയത്തെയും അന്യാപദേശരൂപത്തിലാക്കുകയായിരുന്നു പ്രപഞ്ചത്തിന്റെ അവശിഷ്ടങ്ങളിൽ സക്കറിയ. ആധുനികതാവാദത്തിന്റെ ആശയങ്ങളിലൊന്നായിരുന്നു ക്രമരഹിതമായ ലോകത്ത് യഥാർത്ഥ ക്രമത്തിനും ആധികാരികതയ്ക്കും വേണ്ടിയുള്ള അന്വേഷണം. അതിനെ അസ്തിത്വത്തിന്റെ ലക്ഷണവും സാക്ഷാത്കാരവുമായി ആധുനികതാവാദം കണ്ടു. എന്നാൽ മൂല്യരഹിതവും ക്രമരഹിതവുമായ ലോകം ആ അന്വേഷണത്തെ പരാജയപ്പെടുത്തുന്നു. ഈ കാഴ്ച പൊട്ടക്കിണറിന്റെ പ്രതിരൂപത്തിൽ പ്രത്യക്ഷപ്പെടുമ്പോൾ തവള മനുഷ്യന് അപരമാകുന്നു.

പൊതുസമൂഹത്തിൽനിന്ന് ഒറ്റതിരിഞ്ഞ് മനസിലാക്കപ്പെട്ടവന്റെ സ്വത്വപ്രതിസന്ധിയാണ് ഈ സംഘർഷത്തിൽ കാണുന്നത്. ഇവിടെ നിർമിച്ചെടുക്കുന്ന അപരസ്വത്വം സത്താപരമല്ല ചരിത്രപരമാണെന്ന തിരിച്ചറിവാണ് പ്രധാനം. വ്യത്യസ്തത എന്നത് ആത്മാഭിമാനകരമായ ജനാധിപത്യ നിർമിത സ്വത്വമല്ല എന്ന ബോധമാണ് ചിന്തകൾക്കടിസ്ഥാനം. 'വ്യത്യസ്ത തയുടെ അധികാരവത്ക്കരണം ജനാധിപത്യവിരുദ്ധമായ സമീപനമാണ്. വ്യത്യസ്തതയെ ന്നത് അതായിരിക്കാനുള്ള അവകാശം മാത്രമായാണ് ജനാധിപത്യം നിർവചിക്കുക. അവ സർവാധിപത്യപരമായ വീക്ഷണങ്ങളെ പ്രോത്സാഹിപ്പിക്കുകയില്ല. സവർണ്ണതയെപ്പോലും സംഘർഷാത്മകമായ തലത്തിൽ വീക്ഷിക്കേണ്ടുന്നതിന്റെ ആവശ്യകതയെയാണിത് സൂ ചിപ്പിക്കുന്നത്' (പ്രദീപൻ പാമ്പിരികുന്ന്: 2017:127). കഥയിലെ കിണർ പാരമ്പര്യത്തിന്റെ പ്രതീകമാണ്. ജീവിതാനുഭവങ്ങളുടെ ഓർമ്മകളും പ്രതീതികളുമാണ് ചരിത്രബോധത്തിൽ / പാരമ്പര്യത്തിൽ ശേഖരിക്കപ്പെടുന്നത്. കിണർ പ്രകൃതിയല്ല നിർമിതിയാണ്. കൊളോണിയൽ സംസ്കാരത്തിന്റെ/ അടിച്ചമർത്തലിന്റെ/ കീഴടക്കലിന്റെ/ കരിങ്കൽ ഭിത്തിയുടെ/ വരേണ്യതയു ടെ അധീശത്വപരമായ നിർമിതി. പറ്റിയ ഇടം കണ്ടെത്തി കുഴിച്ചെടുക്കുകയാണ്/ അധികാരം സ്ഥാപിക്കുകയാണ്. കിണറിലകപ്പെടുന്ന വ്യക്തി/ ജനവിഭാഗം തന്റെ ജീവിതംകൊണ്ട് ഒരു സമൂഹ/ പാരമ്പര്യത്തിന്റെ ചരിത്രം നിർമിക്കുന്നു.

സക്കറിയ നിർമിക്കുന്ന കിണർ പാരമ്പര്യത്തിന്റെയും അധികാരത്തിന്റെയും ധ്വന്യാ ത്മകമായ അകൽച്ച സൃഷ്ടിച്ച് പകർപ്പുകളിൽ പ്രതികരണത്തെ സങ്കീർണ്ണമാക്കുന്നു. തവള, കരിങ്കൽഭിത്തി എന്നിവയിലൂടെ പ്രതികരണത്തിന്റെ പകർപ്പുകൾ അടയാളപ്പെടുത്തുന്നു. അവയിൽ നിർമിച്ചെടുക്കുന്ന ദ്വന്ദ്വവത്ക്കരണമാണ് സങ്കീർണ്ണതകൾക്ക് വഴിയൊരുക്കുന്നത്. മനുഷ്യന്റെ അപരമായ തവള (ഉഭയജീവി എന്ന അർഥത്തിൽ) കീഴാളതയെ പ്രശ്നവത്ക്കരി ക്കുമ്പോൾ കരിങ്കൽഭിത്തി വരേണ്യതയുടെ രൂപമാകുന്നു. എന്നാൽ കൊളോണിയൽ യുക്തി ബോധത്തിന്റെ അപരമായ 'മനുഷ്യനെ' തവള പ്രശ്നവത്ക്കരിക്കുമ്പോൾ അവന്റെ തടസങ്ങൾ അവനായിത്തീരുന്ന സാമാന്യയുക്തിയെ കരിങ്കൽഭിത്തി പ്രശ്നവത്ക്കരിക്കുന്നു. ദേശസഞ്ചാരം ആധുനികതയുടെ യാത്രാവിവരണം എന്ന നിലയിൽ അരുവിയിൽ ജനിച്ച തവള മാറ്റത്തി ന്റെ അർഥം അറിയുമ്പോൾ കിണർ വരേണ്യസംസ്കാരത്തിന്റെ നിർമിതി എന്ന നിലയിൽ കീഴടങ്ങലിന്റെ ഒറ്റപ്പെടലുകൾ അറിയുന്നു. അപരത്വം നിർമിച്ച ആത്മബോധം ജീവിത/ മരണത്തിൽ യുക്തിപൂർവ്വം തമ്മിൽ ഇടയുന്നു. ജീവിതം/മരണം, ആത്മം/അപരം എന്നിവ തമ്മിൽ ഇടഞ്ഞ് പ്രതീക്ഷയുടെയും കീഴടങ്ങലിന്റെയും തലങ്ങൾ പ്രകടമാക്കുന്നു. കീഴാളത കിണറിലെ ജീവിതമായി പരിണമിക്കുന്നു. മറ്റൊരർഥത്തിൽ പൊട്ടക്കിണർ, മരിച്ച കിണർ, അന്ധമായ കിണർ, ഉപേക്ഷിക്കപ്പെട്ട കിണർ, തണുത്ത ഉറവകളെ പ്രസവിക്കാനാവാത്ത പരാജയപ്പെട്ട ഗർഭപാത്രം ഇടങ്ങിയ സങ്കല്പനങ്ങൾ അരികുവത്ക്കരിക്കപ്പെട്ടവന്റെ പാര മ്പര്യത്തെക്കുറിച്ചുള്ള ധാരണകളും വരേണ്യവർഗത്തിന്റെ കിണർ/കീഴാള ബോധവുമാണ്. ചത്തയിലകൾ, ശവങ്ങൾ, പൊട്ടപാത്രങ്ങൾ ഇത് അകപ്പെട്ടവന്റെ ദൈന്യതയാണ്. തന്റെ ഉള്ളിലേയ്ക്കുള്ള തവളയുടെ ചാടിമറിയലിലൂടെ ദൈന്യതയുടെ പൂർത്തീകരണവും സാധ്യമാകുന്നു. കിണർബോധം അസ്തിത്വത്തിന്റേതാണ്. എന്നാൽ 'മരണത്തിന്റെ കിണർ അസ്തിത്വത്തെയും ആരായലിനെയും അർത്ഥശൂന്യവും അസംബന്ധവുമാക്കുന്നു. അസംബന്ധമനുഷ്യൻ എന്ന


ISSN: 2582 - 2594

ആശയമാണ് തവളയിലൂടെ പ്രതിരൂപാത്മകമായി കഥാകൃത്ത് അവതരിപ്പിച്ചത്' (പി.കെ രാജശേഖരൻ:2011:989). പാശ്ചാത്യശൂന്യതാവാദത്തിന്റെ സങ്കല്പനം 'പൊട്ടക്കിണറിലെ തവള' എന്ന പരിചിത ബിംബത്തിലേയ്ക്ക് സന്നിവേശിപ്പിക്കുന്നു.

ജലനിരപ്പിലേയ്ക്കുള്ള തവളയുടെ എത്തിനോട്ടം തന്റെ സമുദായത്തിന്റെ ഉണർവിലേയ്ക്കുള്ള എത്തിനോട്ടമാണ്. ഇത്തിരി വട്ടത്തിലും ആഴത്തിലുമുള്ള ഇടം പ്രതീക്ഷകളെ പാടെ നശിപ്പിച്ചു. കർശനപരമായ ജാതിവ്യവസ്ഥയുടെ ഉല്പന്നമാണ് ഇടുങ്ങിയ സ്ഥലകാല സങ്കല്പം. എന്നാൽ പാരമ്പര്യത്തോട് മൗലികവാദപരമായ സമീപനം സ്വീകരിക്കുന്ന തവള. 'പെട്ടെന്ന് വികലശബ്ദത്തോടെ മുകളിലേയ്ക്ക് ആഞ്ഞുചാടി. ആകാശത്തെ വാരിപ്പിടിക്കാനെന്നവണ്ണം വിടർത്തിയ കൈകാലുകളോടെ, തുറിച്ച കണ്ണുകളോടെ, അത് കിണറ്റിനടിയിൽനിന്നും ചാടിയുയർന്നു. നിസഹായതയോടെ താഴെ വന്നുവീണു. പിടഞ്ഞുയർന്നു വീണ്ടും വീണ്ടും ചാടി. ചാടാനുള്ള ശക്തി അവസാനിച്ചപ്പോൾ അത് കരിങ്കൽഭിത്തിയിലൂടെ കയറിപ്പോകാൻ ശ്രമിച്ചു. തല കുത്തി തിരികെ വീണപ്പോൾ മറ്റൊരു വശത്തേക്ക് അന്ധമായി ഓടിച്ചെന്ന് തലയും വയറും നാലുകാലുകളും ആത്മാവിനെത്തന്നെയും ഉപയോഗിച്ച് വീണ്ടും പിടഞ്ഞ് കയറാൻ ശ്രമിച്ചു' (സക്കറിയ:2012:329). എന്നാൽ കരിങ്കൽഭിത്തി അതിനെ ഒരവിശുദ്ധവസ്തുവിനെപ്പോലെ ഉന്തി നീക്കി, അടിച്ച് മാറ്റി. മണ്ണിന്റെ പ്രഹരങ്ങളും കരിങ്കല്ലിന്റെ ക്രൂരതയും ഒന്നുചേർന്ന് അതിനെ നിശ്ചലമാക്കി. അധീശപ്രത്യയശാസ്ത്രങ്ങളുടെ രാഷ്ട്രീയത്തിൽ കീഴാളസങ്കല്പനം തവളയുടെ സ്വത്വത്തെ ദമിതമാക്കുന്നു. ബലപ്രയോഗത്തിലൂടെ കീഴടക്കുന്ന സാമാന്യശാസ്ത്രമാണ് ഇവിടെ അവലംബിക്കുന്നത്. 'എറിയപ്പെട്ടവന്റെ ലോകത്തിൽ നിന്നും മനുഷ്യനു രക്ഷയില്ല. അതിൽ നിന്നു രക്ഷപ്പെടാനുള്ള ശ്രമം നിഷ്ഫലമാവുകയാണ്. എന്നാൽ ഈ നൈഷ്ഫല്യമോഹത്തിൽ വീണ് തകരാൻ മനുഷ്യവ്യക്തി ആഗ്രഹിക്കുന്നില്ല. സൃഷ്ടികളിലൂടെ തന്റെ സ്വത്വം സ്ഥാപിച്ചെടുക്കാൻ അയാൾ ഉദ്യമിക്കുന്നു' (കല്പട രാമചന്ദ്രൻ:1998:142).

എന്നാൽ തന്നെ ചുറ്റിനിന്ന കരിങ്കൽഭിത്തിയും പായൽ വികൃതരൂപങ്ങൾ വരച്ചിരുന്ന കരിങ്കല്ലുകളും അതിനെ ചുറ്റിവരിഞ്ഞ് അടിച്ചമർത്തി. ഇടുങ്ങിയ ഇടവും കരിങ്കൽഭിത്തിയും തവളയിൽ ആധിപത്യം സ്ഥാപിക്കാൻ ഒരുക്കങ്ങൾ തുടങ്ങുന്നതോടെയാണ് അതിരുകളുടെ ബോധം ശരീരത്തിനുമപ്പുറം പ്രവർത്തനസജ്ജമാകേണ്ട നാവുകളിലേയ്ക്ക് ശ്രദ്ധ തിരിയുന്നത്. 'അതിവേഗം മായുന്ന ഓർമകളെ, മനസിലെ അന്ധകാരത്തിലൂടെ വല്ലപ്പോഴും പാറിപ്പോയ്ക്കൊണ്ടിരുന്ന ഈ പ്രകാശധാരകളെ അനുധാവനം ചെയ്ത്, വാരിപ്പിടിച്ച, ഒരു വിറയ്ക്കുന്ന നാവുകൊണ്ട്, തവള അവയെ കരിങ്കൽഭിത്തിയിൽ അങ്ങോളമിങ്ങോളം ചിത്രീകരിച്ചു. ദിവസങ്ങൾ നീളെ, മനസ് അബോധാവസ്ഥയുടെ വക്കിലിരുന്ന് വിറയ്ക്കും വരെ, അത് അകലെ പറന്ന ഓർമയുടെ ശകലങ്ങളെ പിടികൂടി കിണറ്റിനടിയിലേയ്ക്ക് ആനയിച്ചു. വ്രണപ്പെട്ട, വേദനിക്കുന്ന ഒരു നാവുകൊണ്ട് കരിങ്കല്ലിലേയ്ക്ക് തന്റെ തടവുകാരെ പകർത്തി; പതിപ്പിച്ചു' (സക്കറിയ:2012:330). ഒരു സമൂഹ/സമുദായത്തിന്റെ ചരിത്രം ഇവിടെ അടയാളപ്പെട്ടുകിടക്കുന്നു. അടിച്ചമർത്തിയ ഒരു വർഗ്ഗത്തിന്റെ നാവ് പ്രതിരോധമാകുമ്പോൾ പതിഞ്ഞ ശബ്ദങ്ങളെക്കാൾ ഉറച്ച ശബ്ദങ്ങൾ തലമുറയുടെ അവശേഷിപ്പുകളാകുന്നു. പ്രതികരണശേഷി നഷ്ടപ്പെട്ട (ബലപ്രയോഗത്തിലൂടെ അടിച്ചമർത്തിയ) കൂട്ടങ്ങൾക്കിടയിൽ തവളയുടെ നാവ് വരയ്ക്കുന്ന ചിത്രങ്ങൾ പ്രതിരോധത്തിന്റെ അറിയിപ്പുകളാണ്. തവള അനുഭവത്തിലൂടെ അറിഞ്ഞ ഓർമകളും നാവ് കരിങ്കല്ലിൽ വരച്ച

ഓർമകളും തമ്മിൽ കലങ്ങുന്നു. ഈ കലക്കങ്ങൾ തമ്മിലുള്ള അന്തരം ആത്മവും അപരവും തമ്മിലുള്ള അന്തരം തന്നെയാണ്. ശരീരവും ആത്മാവും കൊണ്ട് തവള അനുഭവിച്ചറിഞ്ഞ ഓർമകളെ കാലഘട്ടവും കരിങ്കല്ലും നിശബ്ദമാക്കി. എന്നാൽ തളരുന്ന ശരീരത്തിലെ ഉറച്ച മനസിന്റെ പ്രവർത്തനം കരിങ്കല്ലിലെ നിഴൽചിത്രങ്ങൾ തന്നെയായിരുന്നു. ഇത്തരം കാഴ്ചപ്പാടുകളിലൂടെയാണ് 'കാഴ്ച' എന്ന വസ്തുതയെ പ്രശ്നവത്ക്കരിച്ച് ദൃഷ്ടാന്തകഥകൾ അനുഭൂതിവത്ക്കരിക്കുന്നത്. 'അതിനുമപ്പുറം മറ്റൊരു ലോകമുണ്ടാക്കാൻ തനിയ്ക്ക് കഴിയില്ല എന്ന വിശ്വാസത്തെ അംഗീകരിച്ചുകൊണ്ട് ഇതാണ് തന്റെ ലോകമെന്ന് അയാൾ വിശ്വസിക്കാൻ തുടങ്ങുന്നു' (കല്പട രാമചന്ദ്രൻ: 1998:142). കേവലമനുഷ്യന്റെ ഈ അസ്തിത്വസമസ്യയെ കഥ ചോദ്യം ചെയ്യുന്നു. അസ്തിത്വത്തിന്റെ ഈ തീവ്ര ആവിഷ്കരണത്തിൽ സ്വപ്നവും/യാഥാർത്ഥ്യവും, ഭൂതവും/ വർത്തമാനവും, ആത്മവും/അപരവും, ജനനവും/മരണവും, വരേണ്യതയും/കീഴാളതയും, രാത്രിയും/ പകലും, അകവും/പുറവും, ഭൂമിയും/ആകാശവും തമ്മിൽ സംഘർഷങ്ങൾ സൃഷ്ടിച്ച് ഉപേക്ഷിച്ച ലോകത്തിന്റെയും മനുഷ്യൻ (കൊളോണിയൽ ബോധം) സൃഷ്ടിച്ച ലോകത്തിന്റെയും ഭാഗമായ കിണറിൽ തവള മരണ(ശരീരം മാത്രം)ത്തിന് കീഴടങ്ങുന്നു. ഇവിടെ മരണം കീഴടങ്ങലല്ല പ്രതിരോധമാണ്. ഒരു ജനതയുടെ പ്രതിരോധം. കീഴാളസംസ്കാരത്തിന്റെ ആത്മാഭിമാനബോധത്തിൽനിന്നും, പാരമ്പര്യത്തിൽനിന്നും, അടിച്ചമർത്തലുകളിൽനിന്നും രൂപപ്പെടുന്ന പ്രതിരോധത്തിന്റെ ബദൽ ജ്ഞാന സൗന്ദര്യവ്യവസ്ഥകളെ ചോദ്യം ചെയ്യുന്നു. അത് സമത്വസാധ്യതയുള്ള തുല്യസാമൂഹിക ഘടകങ്ങളാണ്. ജാതി/വർണ്ണ സങ്കല്പം ഈ സമത്വത്തെ തത്വശാസ്ത്രപരമായി അംഗീകരിക്കുന്നില്ല. 'അധികാരശക്തികൾ നൽകിയ പ്രതിബിംബങ്ങളുടെ പൂർണ്ണമായ തിരസ്കാരത്തിന്റെ സ്വയം നിർവചിക്കലാണതിൽ അടങ്ങിയിരിക്കുന്നത്. അതുവഴിയായി വ്യവഹാരത്തിന്റെ അടിസ്ഥാനഘടകങ്ങൾ കീഴ്മേൽ മറിയുന്നു' (പ്രദീപൻ പാമ്പിരികുന്ന്: 2017:118-19).

'അപ്പോൾ അത് തന്റെ തല താഴ്ത്തി, ചിതറിക്കിടന്ന അസ്ഥികൾക്കിടയിലൂടെ നീങ്ങിച്ചെന്ന് കരിങ്കല്ലിലെ ഒരു വിള്ളലിനുള്ളിലേയ്ക്ക്, അതിന്റെ അന്തരാളരഹസ്യങ്ങളിലേയ്ക്ക്, തന്റെ ദേഹത്തെ വലിച്ച് കയറ്റി. അവിടത്തെ ഇരുട്ടിൽ മണ്ണിനോടും കരിങ്കല്ലിനോടും ചേർത്തു തന്റെ ദേഹത്തെ അടക്കിവച്ച് ചത്ത ഇലകളുടെ ഗന്ധം തന്നെ പിൻതുടർന്ന് വന്നത് ശ്വസിച്ചുകൊണ്ട് അത് അല്പമൊന്ന് വിങ്ങി. പിന്നെ അതിന്റെ സ്വരം ആവർത്തിച്ചാവർത്തിച്ച് പറയാനാരംഭിച്ചു. "ഇതാണ് ലോകം. ഇതാണെന്റെ ലോകം. ഇതുമാത്രം. വേറെ ലോകമില്ല." കുറേ കഴിഞ്ഞ് എല്ലാം നിശബ്ദമായി' (സക്കറിയ: 2012:331). ഒരു ജനതയുടെ പ്രതിരോധം ശരീരം/മരണം കൊണ്ട് അടയാളപ്പെടുത്തുന്ന തവള അടിച്ചമർത്തപ്പെട്ടവരുടെ നിർമിതിയാണ്. 'ആത്മത്തിനും അപരത്തിനുമിടയിലുള്ള അനന്തമായ രൂപാന്തരസാധ്യതകൾകൊണ്ട് ജീവിതത്തിനു നിർമിച്ചു നൽകുന്ന കല്പിത യാഥാർത്ഥ്യങ്ങളായി പ്രപഞ്ചത്തിന്റെ അവശിഷ്ടങ്ങൾ മാറുന്നു' (ഷാജി ജേക്കബ്:2015:22). ഇത്തരത്തിൽ താറുമാറാകുന്ന പ്രപഞ്ചത്തിന്റെ അവശിഷ്ടങ്ങളാണ് സക്കറിയ ശേഖരിക്കുന്നത്.

അപരനിർമിതിയുടെ അടയാളപ്പെടുത്തലുകളായ 'പ്രപഞ്ചത്തിന്റെ അവശിഷ്ടങ്ങൾ' എന്ന കഥയിൽ തവള ദമിതമായ മനുഷ്യനെ അടയാളപ്പെടുത്തുന്നു. അവസാനവാക്കായി പരിണമിക്കാതെ മറ്റൊരു ആശയത്തിന്റെ തുടക്കം എന്ന രീതിയിലാണ് അപരനിർമിതിയുടെ ഉപയോഗം


ISSN: 2582 - 2594

സാധ്യമാക്കിയിരിക്കുന്നത്. ഈ സാധ്യതകളിലൂടെ മൂർത്തവും അമൂർത്തവുമായ ആശയങ്ങളി ലേയ്ക്കുള്ള ഒരു തുറന്നാട്ടം മാത്രമായി അപരനിർമിതിയെ പറയുകയും ചെയ്യുന്നു.

## ഗ്രന്ഥസൂചി


1. ബഷീർ, എം.എം., (2014), ചെറുകഥ എഴുതുമ്പോൾ, തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി.
2. ബഷീർ, എം.എം., (2015), മലയാളചെറുകഥാസാഹിത്യചരിത്രം (ഭാഗം ഒന്ന് 1888- 1950), തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി.
3. പി.സി., കൃഷ്ണൻ, (2017), ചെറുകഥയിലെ അപരപ്രതീതിസ്വത്വങ്ങൾ സക്കറിയയുടെ തെരഞ്ഞെടുത്ത കഥകളെ അവലംബിച്ചുള്ള പഠനം (എം.ഫിൽ ഗവേഷണ പ്രബന്ധം), വാക്കാട്: തുഞ്ചത്തെഴുത്ത ച്ഛൻ മലയാളസർവകലാശാല.
4. രാമചന്ദ്രൻ, കല്ലട, (1998), ആധുനികരുടെ കഥാപ്രപഞ്ചം, കൊല്ലം:ഇംപ്രിൻ്റ് ബുക്സ്.
5. അപ്പൻ, കെ. പി., (1999), കഥ ആഖ്യാനവും അനുഭവസത്തയും, കോട്ടയം: ഡി.സി.ബുക്സ്.
6. അപ്പൻ, കെ. പി., (2006), "പാരമ്പര്യശ്രുതിയുണർത്തുന്ന ആഖ്യാനശൈലി" (അവതാരിക), സക്ക റിയയുടെ തിരഞ്ഞെടുത്ത കഥകൾ, തൃശ്ശൂർ : കറൻ്റ്ബുക്സ്.
7. കെ.ഇ.എൻ., (1999), കറുപ്പിന്റെ സൗന്ദര്യശാസ്ത്രം, കോഴിക്കോട്: ലിപി പബ്ലിക്കേഷൻസ്.
8. കൊച്ച്, കെ.കെ., (2005), വായനയുടെ ദലിത് പാഠം, കോഴിക്കോട്: പൂർണ പബ്ലിക്കേഷൻസ്.
9. രവികുമാർ, കെ. എസ്., (2008), കഥയുടെ കഥ, തിരുവനന്തപുരം: ദേശാഭിമാനി ബുക്ക് ഹൗസ്.
10. പവിത്രൻ, പി., (2013), എം.എൻ വിജയൻ എന്ന കേരളീയ ചിന്തകൾ, കണ്ണൂർ: കൈരളി ബുക്സ്.
11. പാമ്പിരികുന്ന്, പ്രദീപൻ, (2017), ദലിത് പഠനം സ്വത്വം സംസ്കാരം സാഹിത്യം, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
12. രാജശേഖരൻ, പി.കെ., (2011), ഏകാന്തനഗരങ്ങൾ ഉത്തരാധുനിക മലയാളസാഹിത്യത്തിന്റെ സൗന്ദര്യശാസ്ത്രം, കോട്ടയം: ഡി.സി.ബുക്സ്.
13. രാജശേഖരൻ, പി.കെ., (2007), കഥാന്തരങ്ങൾ, കോട്ടയം: മാതൃഭൂമിബുക്സ്.
14. രാജകൃഷ്ണൻ, വി., (2002), ചെറുകഥയുടെ ഛന്ദസ്സ്, കോട്ടയം: ഡി.സി.ബുക്സ്.
15. ജേക്കബ്, ഷാജി, (2015), "ആത്മത്തിനും അപരത്തിനുമിടയിൽ ആധുനികതയുടെ കാമനാഭൂപ ടങ്ങൾ" (അവതാരിക), മൃഗപക്ഷിപ്രാണി കഥകൾ, കണ്ണൂർ: കൈരളി ബുക്സ്.
16. സക്കറിയ, (2012), സക്കറിയയുടെ കഥകൾ, കോട്ടയം: ഡി.സി.ബുക്സ്.
17. ഇളയിടം, സുനിൽ പി., (2013), ദമിതം ആധുനികതയുടെ രാഷ്ട്രീയ അബോധം, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
18. ഇളയിടം, സുനിൽ പി., (2016), ആത്മം അപരം അധിനിവേശം, കേരള: ഐ ബുക്സ്.

# മലയാളജനപ്രിയനോവലും സാഹിത്യചരിത്രങ്ങളും - ചില പുനരാലോചനകൾ

**ആസിഫ് എം.**
ഗവേഷകൻ
മലയാളകേരളപഠനവിഭാഗം
കോഴിക്കോട് സർവ്വകലാശാല
E-mail: assifmandodan@gmail. com

**സംഗ്രഹം**

ഭാഷ, ചരിത്രം, സാഹിത്യം, സംസ്കാരം നിരൂപണം തുടങ്ങി വിവിധ വൈജ്ഞാനികശാഖകളുടെ സമന്വയമാണ് സാഹിത്യചരിത്രം. സാഹിത്യചരിത്രപഠനത്തിനുള്ള വിമർശനപദ്ധതികളിൽ ശ്രദ്ധേയമാണ് സാഹിത്യചരിത്രവിജ്ഞാനീയം. നിലനിൽക്കുന്ന സാഹിത്യചരിത്രങ്ങളെ സൂക്ഷ്മതയിൽ മനസ്സിലാക്കാനും പ്രശ്നവൽക്കരിക്കാനും കെൽപ്പുള്ള ആശയപദ്ധതിയാണത്. മലയാളസാഹിത്യചരിത്രങ്ങൾ പൊതുവേ പരിഗണിക്കാത്ത മേഖലയാണ് ജനപ്രിയസാഹിത്യം/ജനപ്രിയനോവൽ. സാഹിത്യത്തിന്റെ മുഖ്യശ്രേണികളിൽ ഇടമില്ലാതെ പോകുന്ന ജനപ്രിയാഖ്യാനങ്ങളെ കുറിച്ചുള്ള പഠനം സാഹിത്യചരിത്രങ്ങളെ മുൻനിർത്തി അപഗ്രഥിക്കാനാണ് ഈ പ്രബന്ധം ശ്രമിക്കുന്നത്. ഭൂരിഭാഗം ജനങ്ങളെയും ആകർഷിക്കുന്ന ജനപ്രിയനോവലുകളെ മലയാളസാഹിത്യചരിത്രങ്ങൾ പ്രത്യേകിച്ച് നോവൽസാഹിത്യചരിത്രങ്ങൾ എങ്ങനെ അഭിസംബോധന ചെയ്തുവെന്നും പരിഗണിച്ചുവെന്നും വിലയിരുത്താനുള്ള ശ്രമമാണിത്. മലയാളനോവലിന്റെ ചരിത്രത്തെ അടയാളപ്പെടുത്തിയ സാഹിത്യചരിത്രങ്ങൾ ജനപ്രിയസാഹിത്യത്തെ ഏത് രീതിയിലാണ് നോക്കിക്കണ്ടത് എന്ന അന്വേഷണത്തിന് പ്രസക്തിയുണ്ട്. അതിനാൽ തന്നെ മലയാളത്തിലെ പ്രശസ്തമായ സാഹിത്യചരിത്രങ്ങളെ പ്രത്യേകിച്ച് നോവൽസാഹിത്യചരിത്രവുമായി ബന്ധപ്പെട്ട ഭാഗങ്ങളെ മുൻനിർത്തിയുള്ള അന്വേഷണമാണ് പ്രബന്ധത്തിൽ നടത്താൻ ശ്രമിക്കുന്നത്.

**താക്കോൽവാക്കുകൾ :** ജനപ്രിയസംസ്കാരം, ജനപ്രിയസാഹിത്യം, സാഹിത്യചരിത്രവിജ്ഞാനീയം, കാനോനികരണം.

## ജനപ്രിയസാഹിത്യത്തിന്റെ വഴികൾ

കൊളോണിയൽ ആധുനികത സൃഷ്ടിച്ച സാംസ്കാരികനവോത്ഥാനത്തിന്റെ ഭാഗമാണ് അച്ചടികേന്ദ്രിതമായ പത്രമാസികകളും പുസ്തകങ്ങളും അവ സൃഷ്ടിച്ച വായനയുടെ സാംസ്കാരി


ISSN: 2582 - 2594

കഅനുഭവങ്ങളും മലയാളിയുടെ ജീവിതത്തിന്റെ ഭാഗമാകുന്നത്. ആനുകാലികപ്രസിദ്ധീകരണങ്ങളുടെ പ്രചരണം, ഗ്രന്ഥശാലാസംഘത്തിന്റെ പ്രവർത്തനങ്ങൾ, ഗ്രാമീണവായനശാലകളുടെ ഉദയം എന്നിവയാണ് മലയാളത്തിൽ/കേരളത്തിൽ മുഖ്യമായും ജനപ്രിയസാഹിത്യത്തിന്റെ ഉദയത്തിന് കാരണമായത്. ജനപ്രിയസാഹിത്യത്തിന് ഒപ്പം തന്നെ ജനപ്രിയസിനിമയും ഇവിടെ പ്രചരിക്കപ്പെട്ടുന്നുണ്ടായിരുന്നു. എല്ലാ കലകളിലും ലളിതവും ഗൗരവവുമായ ഭിന്ന ധാരകൾ കാണാം. ഒന്ന് ജനപ്രിയകലയും മറ്റൊന്ന് വരേണ്യകലയുമാണ്. ദൃശ്യകലകളിലും ശ്രാവ്യകലകളിലും ഈ വ്യത്യാസം കാണാം. ആധുനികതയുടെ കാലത്ത് തന്നെ ഉയർന്ന കല, താണകല എന്നിങ്ങനെ തരംതിരിവുകൾ ഉണ്ടായിരുന്നു. ഉയർന്നകല ജനപ്രിയകലയിൽ നിന്ന് ഭിന്നമാണെന്നും ആധുനികതയുടെ വക്താക്കൾ വിശ്വസിച്ചു. ആധുനികതയുടെ പരിസരത്തിൽ നോക്കുമ്പോൾ കലയിലായാലും സാഹിത്യത്തിലായാലും ക്ലാസിക്കൽ, ജനകീയം, ജനപ്രിയം എന്നീ ഗുണങ്ങളെല്ലാം വേർതിരിക്കാൻ പറ്റാത്തവിധം കൂടിച്ചേർന്നാണ് നിലകൊള്ളുന്നത്.

സവിശേഷമായ ചരിത്രസന്ദർഭത്തിലും സാംസ്കാരികസ്വഭാവത്തിലും സാമൂഹികപശ്ചാത്തലത്തിലും പ്രത്യയശാസ്ത്രപരിസരത്തിലും ഉൽപാദന വിതരണ ഉപഭോഗരീതികളിലും നിന്നാണ് സംസ്കാരചിന്തകളിൽ ജനപ്രിയസംസ്കാരം എന്ന സങ്കല്പനം കടന്നുവരുന്നത്. ജനപ്രിയസംസ്കാരത്തിന്റെയും കലകളുടെയും വികാസം പ്രാഥമികമായും 'ബഹുജനം' എന്ന സങ്കൽപത്തിൽ അധിഷ്ഠിതമാണ്. ജനസാമാന്യത്തിന്റെ സംസ്കാരം എന്ന അർത്ഥത്തിലാണ് ജനപ്രിയസംസ്കാരം എന്ന പദം പ്രയോഗിക്കപ്പെടാറുള്ളത്. "ഒരു സമൂഹത്തിലെ ജനങ്ങൾ പൊതുവേ പങ്കുവെക്കുന്ന മൂല്യങ്ങളുടെയും ആചാരങ്ങളുടെയും വിശ്വാസങ്ങളുടെയും ഇതര പ്രതീകാത്മകവൃത്തികളുടെയും സമുച്ചയം ആണ് ജനപ്രിയസംസ്കാരം"[1]. ജനങ്ങളിൽ നിന്ന് രൂപപ്പെട്ടുന്നതാണ് ജനപ്രിയസംസ്കാരം. അത് വിപണിസംസ്കാരമാണെന്നും അഭിപ്രായമുണ്ട്. ജനപ്രിയസംസ്കാരത്തിന്റെ രാഷ്ട്രീയവും സാമ്പത്തികശാസ്ത്രവും പ്രത്യയശാസ്ത്രവും പഠനവിധേയമാക്കിയത് ഫ്രാങ്ക്ഫർട്ട് ചിന്തകന്മാരായിരുന്നു. ജനപ്രിയസാഹിത്യത്തെ കുറിച്ച് ചർച്ച ചെയ്യുമ്പോൾ ജനപ്രിയസംസ്കാരവും പരാമർശിക്കാതെ പോവാൻ നിർവാഹമില്ല.

മലയാളത്തിലെ സാഹിത്യപണ്ഡിതമാരും നിരൂപകരും വേണ്ടത്ര പരിഗണിക്കാതെ പോയ വിഭാഗമാണ് ജനപ്രിയസാഹിത്യത്തിന്റെ മേഖല. ഇരുപതാം നൂറ്റാണ്ടിലെ രണ്ടാം പകുതിയോടെ ശക്തമാകുകയും 1990 കളോടെ കളം വിടുകയും ചെയ്ത ജനപ്രിയസാഹിത്യത്തെ ആ കാലത്ത് തന്നെ വരേണ്യം-ജനപ്രിയമെന്ന പരികല്പനങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് നിരൂപകർ വിലയിരുത്തിയത്. ജനപ്രിയസാഹിത്യം എന്ന സങ്കൽപ്പനം സൗന്ദര്യശാസ്ത്രപരവും സാമൂഹ്യശാസ്ത്രപരവുമായ വിവക്ഷകൾ നിറഞ്ഞതാണ് . അതിനാൽ അതിലളിതം എന്ന് തോന്നാവുന്ന ഈ ആശയം സങ്കീർണ്ണവുമാണ്. മലയാളത്തിലെ ജനപ്രിയസാഹിത്യത്തിന്റെ ചരിത്രം മലയാളപത്രമാസികകളുടെ വികാസചരിത്രവുമായി ബന്ധപ്പെട്ട് നിലകൊള്ളുന്നു.

ഒരു സാക്ഷരന്റെ മാനസികനിലവാരത്തിന് അനുയോജ്യമായ വിധത്തിലാണ് ജനപ്രിയസാഹിത്യം രൂപപ്പെട്ടുത്തിയിരിക്കുന്നത്. മനുഷ്യമനസ്സുകളിലെ മൃദുലവികാരങ്ങളെ ഉണർത്തി ഭാവനയിൽ ചാലിച്ച് വാമൊഴിയുടെ സാംസ്കാരിക വകഭേദങ്ങളിലൂടെ അവതരിപ്പിക്കുമ്പോൾ അവ നവസാക്ഷരമനസ്സുകളിൽ കൊടുങ്കാറ്റുയർത്തുന്നു. സ്നേഹം, ദുഃഖം, പ്രേമം, സാമ്പത്തികതകർച്ച, ജാതി, മതം, വർഗ്ഗവ്യത്യാസങ്ങൾ എന്നീ അനവധി വിഷയങ്ങൾ ജനപ്രിയസാഹിത്യ

ത്തിന്റെ ഉള്ളടക്കങ്ങളാണ്. ജീവിതത്തിന്റെ സങ്കീർണതകളെ ഒരുതരത്തിലും സ്പർശിക്കാത്ത യാഥാർത്ഥ്യത്തിന്റെയും അനുഭവത്തിന്റെയും ഉപരിതലങ്ങളെ നോക്കിക്കാണാൻ മാത്രം കെൽപ്പുള്ള ജനകീയസംസ്കാരത്തിന്റെ ഉൽപ്പന്നമായാണ് ജനപ്രിയസാഹിത്യം രൂപപ്പെട്ടതെന്ന് ഫ്രാങ്ക്ഫർട്ട്ചിന്തകൾ നിരീക്ഷിച്ചിട്ടുണ്ട്.

**സാഹിത്യചരിത്രവിജ്ഞാനീയം**

വളരെ അടുത്താണ് സാഹിത്യചരിത്രവിജ്ഞാനീയം (Literary Historiography) മലയാളപഠനത്തിന്റെ ഭാഗമായി തീർന്നത്. സാഹിത്യചരിത്രവിജ്ഞാനീയത്തിന്റെ അടിസ്ഥാന ലക്ഷ്യം സാഹിത്യത്തെ പുനർനിർമ്മിക്കുക എന്നതാണ്. സാമ്പ്രദായിക സാഹിത്യഘടകങ്ങൾ നിലനിർത്താൻ അല്ല, പുതുവഴികൾ തുറക്കാനാണ് സാഹിത്യചരിത്രവിജ്ഞാനീയം ശ്രമിക്കുന്നത്. സാഹിത്യത്തിലെ പരസ്പരബന്ധങ്ങൾ വേർതിരിച്ചറിഞ്ഞ് സമവായബോധം (Systematic Understanding)ആയപ്പെടുത്തുക എന്നതാണ് സാഹിത്യചരിത്രവിജ്ഞാനീയത്തിന്റെ പ്രധാനലക്ഷ്യങ്ങളിൽ ഒന്ന്(2008:2799)[2] എന്ന് സ്കറിയ സക്കറിയ നിരീക്ഷിക്കുന്നു. സാഹിത്യചരിത്രങ്ങളുടെ കേവലപഠനമല്ല അവയുടെ നിർമ്മിതിക്ക് കളമൊരുക്കിയ ധൈഷണികസംരംഭങ്ങളുടെ വിശദീകരണവും വിശകലനവുമാണ് സാഹിത്യചരിത്രവിജ്ഞാനീയം എന്ന പഠനശാഖയെ വ്യതിരിക്തമാക്കുന്നത്. 'സാഹിത്യചരിത്രപഠനത്തിനുള്ള വിമർശനപദ്ധതികളിൽ ശ്രദ്ധേയമാണ്സാഹിത്യചരിത്രവിജ്ഞാനീയം. നിലനിൽക്കുന്ന സാഹിത്യചരിത്രങ്ങളെ സൂക്ഷ്മതയിൽ മനസ്സിലാക്കാനും പ്രശ്നവല്ക്കരിക്കാനും കെൽപ്പുള്ള ആശയപദ്ധതിയാണത്'(2008:2898)[3].

ഭാഷ, സാഹിത്യം, ചരിത്രം എന്നീ വ്യവഹാരങ്ങൾക്ക് ദേശത്തോടുണ്ടായ സാംസ്കാരിക -രാഷ്ട്രീയബന്ധത്തിൽ നിന്നാണ് സാഹിത്യചരിത്രങ്ങളുടെ പിറവി. പ്രകൃതിയുടെ നിയമങ്ങളും സാമൂഹ്യനിയമങ്ങളും വ്യത്യസ്തതലങ്ങളുമായി പ്രതിപ്രവർത്തിക്കുന്നതിന്റെ ചരിത്രമാണ് സാഹിത്യചരിത്രത്തിൽ പ്രതിഫലിക്കുന്നത് എന്നതുകൊണ്ട് സാഹിത്യചരിത്രം മനുഷ്യരാശിയുടെ ചരിത്രം കൂടിയായിത്തീരുന്നു. 'സാഹിത്യത്തിൽ ചരിത്രം നിക്ഷിപ്തമായിരിക്കുന്നു എന്ന് പറയുമ്പോൾ ചരിത്രം അധികാരസമരങ്ങളുടെ രാഷ്ട്രീയത്തെ ഉൾക്കൊള്ളുന്നുവെന്നും പറയേണ്ടിവരും. സാഹിത്യചരിത്രരചനയിലൂടെ വെളിപ്പെടുന്നത് ഈ രാഷ്ട്രീയമായിരിക്കും അല്ലെങ്കിൽ സാഹിത്യചരിത്രകാരൻ ഏതു രാഷ്ട്രീയ പക്ഷത്ത് നിൽക്കുന്നു എന്നുള്ളതിന്റെ വെളിപ്പെടുത്തൽ കൂടിയാവും സാഹിത്യരചന'[4] എന്ന എസ്. സുധീഷിന്റെ നിരീക്ഷണം ഇതിനോട് ചേർത്ത് പറയേണ്ടതുണ്ട്. അതായത് കാലത്തെക്കുറിച്ചുള്ള, ചരിത്രത്തെക്കുറിച്ചുള്ള സങ്കല്പമാണ് സാഹിത്യചരിത്ര സങ്കൽപ്പത്തേയും നിർണയിക്കുന്നത് എന്ന് സാരം. ചരിത്രം പോലെ സാഹിത്യചരിത്രങ്ങളും വിചാരണ ചെയ്യപ്പെടുകയും വിമർശിക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്.

'ചരിത്രത്തെ സംബന്ധിച്ച സൂക്ഷ്മധാരണകളാണ് ചരിത്രവിജ്ഞാനത്തെ സാധ്യമാക്കുന്നത്. ചരിത്രവിജ്ഞാനീയം നിലനിൽക്കുന്ന ചരിത്രത്തെ പ്രശ്നവല്ക്കരിക്കുന്നു. സാഹിത്യചരിത്രവിജ്ഞാനീയം സാഹിത്യചരിത്രത്തെ പ്രശ്നവൽകരിക്കുന്നു. സാഹിത്യചരിത്രത്തെ ആഖ്യാനമായി പരിഗണിച്ച് ആഖ്യാനത്തിൽ കലരുന്ന പ്രത്യയശാസ്ത്രഘടകങ്ങളെ സാഹിത്യചരിത്രവിജ്ഞാനീയം വിശദീകരിക്കുന്നു' (2015:2902)[5]. സാഹിത്യചരിത്രങ്ങളുടെ വിമർശനാത്മകവായനയാണ് സാഹിത്യചരിത്രവിജ്ഞാനീയം. സാഹിത്യത്തെ ഒരു ഭൗതികവസ്തുവായി കണ്ട് ആഖ്യാന

 ISSN: 2582 - 2594

വൽകരിക്കുന്ന സൃഷ്ടിയാണ് സാഹിത്യചരിത്രം. അതിനാൽ ഓരോ സാഹിത്യചരിത്രങ്ങളും ഓരോരോ ആഖ്യാനങ്ങളാണെന്ന് പറയാം. സാഹിത്യചരിത്രവിജ്ഞാനീയം ഓരോ സാഹിത്യചരിത്രവും എങ്ങനെ വ്യത്യസ്തമാകുന്നു എന്ന് അന്വേഷിക്കുന്നു. സാഹിത്യചരിത്രത്തിലെ പ്രസ്ഥാനവിഭജനം, സന്ദേശം, എഴുത്തുകാരെ മഹത്വവൽക്കരിക്കൽ, തിരസ്കരിക്കൽ, പ്രത്യയശാസ്ത്രം, കർതൃത്വം, എന്നിവയെ ഈ പഠനശാഖ വിശകലനം ചെയ്യുന്നു. എഴുതപ്പെട്ട മലയാളസാഹിത്യചരിത്രങ്ങൾ മിക്കതും ഏകസ്വരത, വരേണ്യത, പുരുഷാധിപത്യം, തമസ്കരണം, വിടവുകൾ, പക്ഷപാതം, ന്യൂനീകരണം, മഹത്വവൽക്കരണം, സ്തുതികൾ, നിന്ദകൾ, വിചാരണകൾ, വിധിയെഴുത്തുകൾ, സ്ഥാപനവൽക്കരണങ്ങൾ, ശുദ്ധവൽക്കരണങ്ങൾ, ലിംഗനീതി, ജാതിവെറി, വംശവൈരം, മതവത്കരണം, വർഗ്ഗവിരുദ്ധത, പ്രത്യയശാസ്ത്രം എന്നിവയാൽ നിറഞ്ഞതാണെന്ന് ഡോ: ഷാജി ജേക്കബ് (2015: 2877)[6] നിരീക്ഷിച്ചിട്ടുണ്ട്. അതിനാൽ ഇവ പുനർവായനക്ക് വിധേയമാക്കേണ്ടത് അനിവാര്യമാണ്.

കേരളത്തിൽ വലിയതോതിൽ വായനക്കാരെ നേടിയെടുത്ത ജനപ്രിയനോവലുകളും കാഴ്ചക്കാരെ സൃഷ്ടിച്ചെടുത്ത പ്രൊഫഷണൽനാടകങ്ങളും എക്കാലത്തും സാഹിത്യചരിത്രത്തിന് വെളിയിലായിരുന്നു. പ്രസ്ഥാനവത്കരണത്തിനുള്ള അമിതവ്യഗ്രത ചരിത്രപരിധിയിൽ പ്രബലമാകുന്നവയെ ഉൾപ്പെടുത്തുകയും അല്ലാത്തവയെ പുറന്തള്ളുകയുമാണ് ചെയ്തുപോന്നത്. ഇത്തരമൊരു സന്ദർഭത്തിൽ മലയാളസാഹിത്യചരിത്രങ്ങളിൽ ജനപ്രിയനോവലുകളും നോവലിസ്റ്റുകളും അടയാളപ്പെടുത്തപ്പെട്ടത് എങ്ങനെയെന്നുള്ള അന്വേഷണവും, ഉൾക്കൊള്ളലിന്റെയും തമസ്കരണത്തിന്റെയും പിന്നിൽ പ്രവർത്തിച്ച പ്രത്യയശാസ്ത്രഘടകങ്ങൾ വിശകലനം ചെയ്യുന്നതും പ്രസക്തിയുള്ള കാര്യങ്ങളായിരിക്കും. പ്രബന്ധത്തിന്റെ തുടർഭാഗങ്ങളിൽ അത്തരത്തിലുള്ള അന്വേഷണമാണ് നടത്തുന്നത്.

## ജനപ്രിയസാഹിത്യം മലയാളനിരൂപണത്തിലും സിനിമയിലും

ജനപ്രിയസാഹിത്യത്തെ സാഹിത്യചരിത്രങ്ങൾ പരിഗണിച്ചത് എങ്ങനെ എന്ന് അന്വേഷിക്കുന്നതിന് മുമ്പ് മലയാളത്തിലെ മുഖ്യധാരാവിമർശകരും നോവൽപഠിതാക്കളും അതിനെ സമീപിച്ച രീതി എങ്ങനെയെന്ന അന്വേഷണവും പ്രസക്തമാണ്. സാഹിത്യചരിത്രങ്ങളിൽ ഇത്തരം രചനകൾക്കും രചയിതാക്കൾക്കും ഇടം കിട്ടിയില്ല. അതോടൊപ്പം നോവൽപഠനങ്ങളിലും ഭ്രഷ്ട് കൽപ്പിക്കപ്പെട്ടു. വൻകിട പ്രസിദ്ധീകരണ സ്ഥാപനങ്ങൾ അടുത്തകാലം വരെ ഇത്തരം രചനകൾ പ്രസിദ്ധീകരിച്ചിരുന്നില്ല. അങ്ങനെ പ്രസാധനരംഗത്തും ജനപ്രിയസാഹിത്യകൃതികൾ അവഗണിക്കപ്പെട്ടു. ജനപ്രിയനോവൽ വായനയെ കറുപ്പ് തീറ്റയോടാണ് പാശ്ചാത്യചിന്തകരായ എഫ്. ആർ. ലിവിസും ക്യൂ. ഡി. ലിവിസും ഉപമിച്ചത്. അഴുക്കുചാൽ സാഹിത്യം എന്ന് തായാട്ട് ശങ്കരനും, കടലാസിലെ വേശ്യാലയം എന്ന് നരേന്ദ്രപ്രസാദും ഇക്കിളിസാഹിത്യം എന്ന് എൻ കൃഷ്ണപിള്ളയും വിരൂപങ്ങളായ നപുംസകസൃഷ്ടികൾ എന്ന് ഗുപ്തൻനായരും വിഷക്കുമിളകളെന്ന് ബി രാജീവനും ജനപ്രിയസാഹിത്യത്തെ വിശേഷിപ്പിച്ചതായി അവരുടെ സാഹിത്യവിമർശനങ്ങളിൽ കാണാം. ജനപ്രിയസാഹിത്യത്തിനെതിരെ ഈ നിരൂപകർ ഉയർത്തുന്ന വിമർശനങ്ങൾ മലയാളത്തിൽ എക്കാലത്തും ആധിപത്യം നിലനിർത്തിയ ആഭിജാതവർഗ്ഗത്തിന്റെ സ്വരത്തെ സൂചിപ്പിക്കുന്നു. 'കാൽപനികസൗന്ദര്യബോധ

വും നിയോക്ലാസിക്കൽ മൂല്യബോധവും കൈമുതലാക്കി ആധുനികതയുടെ കാലത്ത് സാഹിത്യവിചാരം നടത്തിയ അക്കാദമിക് നിരൂപകരാണ് മലയാളത്തിൽ ജനപ്രിയകലകളെയും സാഹിത്യത്തെയും വിചാരണ ചെയ്ത് ഉക്കിലേറ്റിയത് ' (2003:121)[7] എന്ന് ഷാജി ജേക്കബ് നിരീക്ഷിച്ചിട്ടുണ്ട്.

മലയാളസിനിമ ജനപ്രിയസാഹിത്യത്തെ കൈകാര്യം ചെയ്തത് ഇതിലും മോശമായ രീതിയിലാണ്. പൈങ്കിളിസാഹിത്യത്തെ മലയാളസിനിമ പലവിധത്തിൽ പരിഹസിക്കുകയും ആക്രമിക്കുകയും ചെയ്തിട്ടുണ്ട്. പൈങ്കിളിയെ എക്കാലത്തും അപലപിച്ചുകൊണ്ട് സിനിമയെടുത്ത ശ്രീനിവാസന്റെ ചില തിരക്കഥകൾ ഇതിന് മികച്ച ഉദാഹരണമാണ്. വടക്കുനോക്കിയന്ത്രം (ഇന്നസെന്റ് അവതരിപ്പിച്ച തലക്കുളം), ഗാന്ധിനഗർ സെക്കൻഡ്സ്ട്രീറ്റ് (ശങ്കരാടി അവതരിപ്പിച്ച നോവലിസ്റ്റ് കുട്ടിച്ചൻ), സന്മനസ്സുള്ളവർക്ക് സമാധാനം (സോമൻ അവതരിപ്പിച്ച പൂങ്കിനാവ് വാരികയുടെ പത്രാധിപർ) കുസൃതിക്കാറ്റ് (ജഗതി അവതരിപ്പിച്ച മനസുഖം വാരികയുടെ പത്രാധിപർ മാധവൻകുട്ടി), ബോയിങ് ബോയിങ്(ഒ.പി. ഒളശ്ശ-ജഗതി), അയാൾ കഥ എഴുതുകയാണ് (മോഹൻലാൽ അവതരിപ്പിച്ച സാഗർ കോട്ടപ്പുറം), പോക്കിരിരാജ, മധുരരാജ (സലിംകുമാർ അവതരിപ്പിച്ച മനോഹരൻ മംഗളോദയം), അഴകിയ രാവണൻ, ചിറകൊടിഞ്ഞ കിനാവുകൾ (ശ്രീനിവാസൻ അവതരിപ്പിച്ച അംബുജാക്ഷൻ) എന്നിങ്ങനെ സാമൂഹിക ചുറ്റുപാടുകളോടോ വായനക്കാരോടോ യാതൊരു കടപ്പാടും ഇല്ലാത്ത ഇക്കിളിക്കഥകൾ എഴുതിവിടുന്ന എഴുത്തുകാരായി കഥാപാത്രങ്ങളെ സിനിമ അവതരിപ്പിച്ചു. ഇത്തരം സിനിമകളിലെ മിക്ക പൈങ്കിളിസാഹിത്യകാരന്മാർക്കും നൽകിയിരിക്കുന്ന പേരുകൾ ശ്രദ്ധേയരായ മലയാളത്തിലെ ജനപ്രിയ സാഹിത്യകാരന്മാരുടെ പേരുമായി സാമ്യമുള്ളവയാണ്. ഈ കഥാപാത്രങ്ങളും ഇവരെഴുതുന്ന നോവലും ഹാസ്യമുൽപാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് അവതരിക്കപ്പെട്ടിട്ടുള്ളത്. ഇത്തരത്തിൽ ജനപ്രിയസാഹിത്യത്തെ ഇകഴ്ത്തി കാണിക്കുന്ന പ്രവണത എൺപതുകളിലും തൊണ്ണൂറുകളിലും ഇറങ്ങിയ മിക്ക ചലച്ചിത്രങ്ങളിലും ആവിഷ്കരിച്ചതായി കാണാം.

### ജനപ്രിയനോവലും സാഹിത്യചരിത്രങ്ങളും

ഭാഷാഗദ്യസാഹിത്യചരിത്രം (ടി. എം. ചുമ്മാർ-1964), ഭാഷാസാഹിത്യചരിത്രം (പ്രൊഫസർ സി. ജെ മണ്ണുമൂട്-1968), മലയാളസാഹിത്യം (എ. ഡി ഹരിശർമ്മ-1959), മലയാളസാഹിത്യചരിത്രം (ഡോ. കൽപ്പറ്റ ബാലകൃഷ്ണൻ - 1982), സമ്പൂർണ്ണ മലയാളസാഹിത്യചരിത്രം (പന്മന രാമചന്ദ്രൻ നായർ -2008), മലയാള നോവൽസാഹിത്യചരിത്രം (കെ. എം തരകൻ -1978), കൈരളിയുടെ കഥ (എൻ. കൃഷ്ണപിള്ള - 1958), ആധുനിക മലയാളസാഹിത്യം പ്രസ്ഥാനങ്ങളിലൂടെ (കെ. എം ജോർജ് - 2018), മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ (എരുമേലി പരമേശ്വരൻപിള്ള -1996), മലയാളസാഹിത്യചരിത്രം (പി . കെ പരമേശ്വരൻ നായർ - 1958) ജനപ്രിയസാഹിത്യം മലയാളത്തിൽ (ഏ. ജി ശ്രീകുമാർ-2014), അപസർപ്പകനോവൽ മലയാളത്തിൽ (ഹമീദ്-2015), എന്നിങ്ങനെയുള്ള മലയാളത്തിലെ പ്രധാനപ്പെട്ട സാഹിത്യചരിത്രങ്ങളിൽ വിശേഷിച്ച് നോവൽസാഹിത്യം ചർച്ച ചെയ്യുന്ന ഭാഗങ്ങളിൽ ജനപ്രിയനോവലും നോവലിസ്റ്റുകളും എങ്ങനെ അടയാളപ്പെടുത്തപ്പെട്ടു എന്ന് അന്വേഷിക്കുന്നതാണ് പ്രബന്ധത്തിന്റെ തുടർഭാഗം.

 ISSN: 2582 - 2594

**1) മലയാളസാഹിത്യചരിത്രം – പി കെ പരമേശ്വരൻ നായർ – 1958**

പുസ്തകത്തിലെ പതിനൊന്നാം അധ്യായത്തിലാണ് നോവൽസാഹിത്യത്തെ കുറിച്ച് പി കെ പരമേശ്വരൻ നായർ ചർച്ച ചെയ്യുന്നത്. മലയാളത്തിലെ ആദ്യകാല നോവലുകൾ (കുന്ദലത) മുതൽ ഉറൂബിന്റെ രചനകൾ വരെ ഈ അധ്യായത്തിൽ പരാമർശിക്കുന്നു. നവോത്ഥാനനോവലിസ്റ്റുകളെ വിശദമല്ലെങ്കിലും ചുരുക്കി വിവരിക്കുന്നുണ്ട്. ജനപ്രിയനോവലിസ്റ്റുകളെ പറ്റി പൊതുവിൽ ഒന്നും പറയുന്നില്ല. നോവൽസാഹിത്യത്തെ പരിപോഷിപ്പിച്ച എഴുത്തുകാരുടെ കൂട്ടത്തിൽ മുട്ടത്ത് വർക്കിയുടെ 'ഇണപ്രാവുകൾ' എന്ന കൃതിയുടെ പേരുമാത്രം പരാമർശിച്ചു പോകുന്നു.

**2) കൈരളിയുടെ കഥ – എൻ. കൃഷ്ണപിള്ള – 1958**

'കൈരളിയുടെ കഥ' പേര് സൂചിപ്പിക്കുന്ന പോലെ കഥാത്വം നിലനിർത്തുന്ന സാഹിത്യചരിത്രമാണ്. ആഖ്യാനാത്മകമായ സാഹിത്യചരിത്രം (Narrative Literary history)വിജ്ഞാനകോശപരമായ സാഹിത്യചരിത്രം (Encyclopedic Literary History)എന്നിങ്ങനെ സാഹിത്യചരിത്രങ്ങളെ ഡേവിഡ് പെർക്കിൻസ് രണ്ടായി തിരിക്കുന്നുണ്ട് (1992:29-60).[8] അതിൽ ആദ്യത്തേതിന് ഉദാഹരണമാണ് കൈരളിയുടെ കഥ. 'കാലംകുറഞ്ഞ ദിനമെങ്കിലുമർത്ഥദീർഘം' എന്ന പേരിലാണ് കൃഷ്ണപിള്ള ഗദ്യസാഹിത്യത്തെ ചർച്ച ചെയ്യുന്നത്. നവോത്ഥാനകാല നോവലുകൾവരെ മാത്രമേ ഗ്രന്ഥത്തിൽ എൻ. കൃഷ്ണപിള്ള പരിഗണിക്കുന്നുള്ളൂ. ആ കാലത്ത് തന്നെ എഴുതപ്പെട്ട ജനപ്രിയസാഹിത്യരചനകളെക്കുറിച്ചും നോവലിസ്റ്റുകളെക്കുറിച്ചും എൻ കൃഷ്ണപ്പിള്ള മൗനം പാലിക്കുന്നു. 'ഇക്കിളിസാഹിത്യം' എന്ന് വിളിച്ച് ഒരു ലേഖനത്തിൽ ജനപ്രിയസാഹിത്യത്തെ കൃഷ്ണപിള്ള പരിഹസിക്കുന്നുണ്ട്. മലയാളത്തിലെ ശ്രദ്ധേയമായ ഒരു സാഹിത്യചരിത്രത്തിൽ ജനപ്രിയസാഹിത്യരചനകളെ പരിഗണിക്കാത്തതിന്റെ സാംഗത്യം തേടി വേറെയെവിടെയും പോകേണ്ടതില്ല എന്ന് തോന്നുന്നു. ജനപ്രിയസാഹിത്യരചനകളോടുള്ള അനിഷ്ടം 'ഇക്കിളിസാഹിത്യം' എന്ന പ്രയോഗത്തിലൂടെത്തന്നെ കൃഷ്ണപിള്ള വെളിവാക്കുന്നുണ്ട്.

**3) മലയാളസാഹിത്യം –എ. ഡി ഹരിശർമ്മ –1959**

ആഖ്യായിക എന്ന പേരിലാണ് നോവലിനെ പറ്റി ഈ ഗ്രന്ഥത്തിൽ എ. ഡി ഹരിശർമ്മ ചർച്ച ചെയ്യുന്നത്. മുൻപ് പറഞ്ഞ സാഹിത്യചരിത്രങ്ങളിൽ നിന്ന് ഭിന്നമായി കുറ്റാന്വേഷണാഖ്യായികകൾ എന്ന പേരിൽ മലയാളസാഹിത്യത്തിലെ ആദ്യത്തെ അപസർപ്പകനോവലായ അപ്പൻ തമ്പുരാന്റെ ഭാസ്കരമേനോൻ എന്ന രചനയെപ്പറ്റി പറയുന്നു. കാരാട്ട് അച്യുതമേനോൻ എഴുതിയ വിരുതൻ ശങ്കു എന്ന രചനയെ അദ്ദേഹം കുറ്റാന്വേഷണനോവലായി പരിഗണിക്കുന്നുണ്ട്. എന്നാൽ അത് പൂർണ്ണമായും ശരിയല്ല. 1950കളിൽ തന്നെ കുറ്റാന്വേഷണനോവലുകളെഴുതിയ അനുജൻ തിരുവാങ്കുളം, ബി. ജി കുറുപ്പ്, എം. ആർ നാരായണപിള്ള, നീലകണ്ഠൻ പരമാര എന്നീ നോവലിസ്റ്റുകളെ ഗ്രന്ഥകാരൻ പരിഗണിക്കുന്നില്ല. അതേസമയം മുട്ടത്തുവർക്കിയെ പറ്റി ചില കാര്യങ്ങൾ മാത്രം സൂചിപ്പിച്ചു പോകുന്നു.

**4) ഭാഷാഗദ്യസാഹിത്യചരിത്രം – ടി. എം. ചുമ്മാർ – 1964**

പ്രസ്ഥാനരൂപത്തിലുള്ള സാഹിത്യചരിത്രഗ്രന്ഥമാണിത്. വിവരങ്ങൾ കൂടുതലും വിലയിരു

ത്തൽ കുറവുമുള്ള സാഹിത്യചരിത്രഗ്രന്ഥമാണിത്. 'മലയാളഭാഷയിലെ ഗദ്യത്തിന്റെ ഉല്പത്തി മുതൽ ആധുനികഘട്ടം വരെയുള്ള ഗദ്യസാഹിത്യത്തെ നിരൂപണപരമായും ചരിത്രപരമായുള്ള മൂല്യങ്ങൾക്ക് ഏതാണ്ട് തുല്യപ്രാധാന്യം കൽപ്പിച്ചുകൊണ്ടുള്ള ഒരു ഗ്രന്ഥനിർമ്മിതിക്കാണ് ഇവിടെ ശ്രമിച്ചിട്ടുള്ളത്' (1964: 6)[9] എന്ന് ആമുഖത്തിൽ ചുമ്മാർ പ്രസ്താവിക്കുന്നു. 25 അധ്യായങ്ങൾ ഉള്ള ഈ ഗ്രന്ഥത്തിൽ 5, 6 അധ്യായങ്ങളിലാണ് നോവൽ, കഥ എന്നിവ വിശദീകരിക്കുന്നത്. ഭാസ്കരമേനോൻ എന്ന കുറ്റാന്വേഷണനോവലിനെ പറ്റി പ്രതിപാദിക്കുന്നുണ്ട്. മലയാളത്തിലെ ആദ്യ കുറ്റാന്വേഷണനോവൽ എന്ന നിലയിൽ ആ കൃതിക്കുള്ള പ്രാധാന്യത്തെ ഗ്രന്ഥകാരൻ ചർച്ചചെയ്യുന്നു. ഓ. എം ചെറിയാന്റെ കാലന്റെ കൊലയറ എന്ന അപസർപ്പകരചനയെപറ്റിയും പരാമർശം കാണാം. മുട്ടത്തുവർക്കിയെ പറ്റിയും അദ്ദേഹത്തിന്റെ രചനകളെ പറ്റിയും (ഇണപ്രാവുകൾ എന്ന നോവൽ വിശേഷിച്ച് ചർച്ച ചെയ്യുന്നു) വിശദീകരണങ്ങൾ ഉണ്ട്. കാവ്യാത്മകമായ ശൈലിയാണ് വർണ്ണനകളിൽ വർക്കി കൊണ്ടുവരുന്നത് എന്നും നിരീക്ഷിക്കുന്നുണ്ട്. വർക്കിയുടെ നോവൽരചനയുടെ പോരായ്മകളെ പറ്റിയും സൂചിപ്പിക്കുന്നു. വല്ലച്ചിറ മാധവൻ, ബിജി കുറുപ്പ്, മൊയ്തു പടിയത്ത്, കാനം. ഇ. ജെ., പമ്മൻ, അയ്യനേത്ത്, പി. ആർ. ശ്യാമള എന്നീ നോവലിസ്റ്റുകളുടെ രചനകളും പരാമർശിക്കുന്നുണ്ട്. ജനപ്രിയനോവലുകൾ എഴുതിയ മറ്റു സ്ത്രീ എഴുത്തുകാരികളെ പറ്റി പരാമർശം കാണുന്നില്ല.

**5) ഭാഷാസാഹിത്യചരിത്രം –സി. ജെ. മണ്ണുമ്മൂട് –1968**

ആധുനിക സാഹിത്യപ്രസ്ഥാനങ്ങൾ എന്ന പേരിലാണ് ഈ ഗ്രന്ഥത്തിൽ നോവൽസാഹിത്യം ചർച്ചചെയ്യുന്നത്. മലയാളത്തിലെ അപസർപ്പകനോവലുകൾക്ക് തുടക്കമിട്ടത് അപ്പൻ തമ്പുരാണെന്ന് ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നുണ്ട് (പു. 198). മുട്ടത്തുവർക്കിയുടെ രചനകൾ, ഭാഷ, ഗദ്യരീതി, വിഷയം എന്നിവ ചെറിയമട്ടിൽ വിശദീകരിക്കുന്നുണ്ട്. വല്ലച്ചിറ മാധവൻ, പി. വി. തമ്പി, ചെമ്പിൽ ജോൺ, എം. ഡി രത്നമ്മ, രാജൻ ചിന്നങ്ങത്ത്, ജോൺ ആലുങ്കൽ, മാത്യുമറ്റം എന്നിങ്ങനെ മുൻകാല സാഹിത്യചരിത്രങ്ങളിൽ പരാമർശിക്കാത്ത ജനപ്രിയ നോവലിസ്റ്റുകളെ ചെറിയതോതിൽ പ്രതിപാദിച്ചുപോകുന്നു. കൂടുതൽ വിശകലനങ്ങൾ ഇല്ല. 'ലൈംഗികവികാരങ്ങളെ ഇക്കിളിപ്പെടുത്തുവാൻ പോരുന്ന' നിരവധി നോവലുകളുടെ കർത്താവാണ് മൊയ്തുപടിയത്ത് (1968:29)[10] എന്ന ഗ്രന്ഥകാരന്റെ വാദം മുഴുവൻ ശരിയല്ല. ഏതാനും ചില നോവലുകളെ മുൻനിർത്തിയാണ് ഈ ഒരു വാദം. മുസ്ലിം സമുദായത്തിലെ പരിഷ്കാരങ്ങൾ ലക്ഷ്യം വെക്കുന്ന അനവധി നോവൽ പടിയത്ത് എഴുതിയിട്ടുണ്ട്. അതിനെ സംബന്ധിച്ചപരാമർശം ഒന്നും ഈ സാഹിത്യചരിത്രത്തിൽ കാണുന്നില്ല.

**6) മലയാള നോവൽസാഹിത്യചരിത്രം –കെ. എം തരകൻ –1978**

ഈ ഗ്രന്ഥത്തിന്റെ രണ്ടാമത്തെ അധ്യായത്തിൽ ഭാസ്കരമേനോൻ എന്ന നോവലിനെ കുറിച്ചും മൂന്നാം അധ്യായത്തിൽ മുട്ടത്തുവർക്കി, കുറ്റാന്വേഷണ കൃതികൾ, പമ്മൻ, കാനം, അയ്യനേത്ത് എന്നിവരുടെ രചനകളും ചർച്ചചെയ്യുന്നു. സ്ത്രീ എഴുത്തുകാരികളുടെ രചനകൾ ഒന്നും ഗ്രന്ഥകാരൻ പരിഗണിച്ചിട്ടില്ല. "ആഹ്ലാദകാരികളായ കൃതികൾ" എന്നാണ് ജനപ്രിയനോവലിനെ കെ.എം. തരകൻ വിശേഷിപ്പിച്ചിരിക്കുന്നത്. ജനപ്രിയസാഹിത്യത്തെ ജനകീയസാഹിത്യം എന്ന പേരിലാണ് ഗ്രന്ഥകാരൻ അടയാളപ്പെടുത്തുന്നത്. സാധാരണക്കാരായ വായനക്കാ


ISSN: 2582 - 2594

രുടെ അഭിരുചികൾ തൃപ്തിപ്പെടുത്തുന്ന വിധത്തിലുള്ള രചനകളാണ് ജനപ്രിയനോവലുകൾ എന്ന് അദ്ദേഹം സൂചിപ്പിക്കുന്നു. കേവലം വിനോദോപാധിയായിട്ടാണ് നോവലിനെ ഇത്തരം നോവലിസ്റ്റുകൾ കണ്ടതെന്നും സൂചിപ്പിക്കുന്നുണ്ട്. 'ഗാഢമായ ജീവിതദർശനം ഇല്ലാത്തവരും രചനാപാടവം കഷ്ടിയായവരുമായ (പു. 242), 'മനസ്സിനെ മഥിക്കുന്ന വികാരങ്ങൾ ഒന്നുമില്ലാത്ത രചനകൾ'എന്നിങ്ങനെ പോകുന്നു ജനപ്രിയനോവലുകൾക്കെതിരെയുള്ള കുറ്റപത്രങ്ങൾ. ആദ്യകാല മലയാളനോവലുകളെ പറ്റി പറയുമ്പോൾ അവയെ സാമൂഹികനോവലുകൾ, റൊമാൻസുകൾ അപസർപ്പകനോവലുകൾ, രാഷ്ട്രീയകഥകൾ എന്നിങ്ങനെ ഗ്രന്ഥകാരൻ തരംതിരിക്കുന്നുണ്ട്. പക്ഷേ മറ്റു മൂന്നു ജനുസ്സുകൾ വിശദമായി ചർച്ച ചെയ്യുമ്പോഴും അപസർപ്പകരചനകളെ പാടെ ഒഴിവാക്കുന്നമട്ടാണ് ഗ്രന്ഥകാരൻ കാണിക്കുന്നത്. തരംതാണ നോവലുകളായിട്ടാണ് ജനപ്രിയനോവലുകളെ തരകൻ പരിഗണിക്കുന്നത്. ദുർബലവികാരങ്ങളെ ഇക്കിളിയിട്ടുണർത്തുകയും മനസ്സിനെ അധീരമാക്കുകയും ചെയ്യുന്നവയാണ് ജനപ്രിയനോവലുകൾ എന്ന് തരകൻ വിമർശിക്കുന്നു. 'ഭൂരിഭാഗം ജനകീയകഥകളും അഭിലാഷസാഫല്യത്തിന്റെ ആവിഷ്കാരങ്ങളാണ്. ജീവിതത്തിൽ ലഭിക്കാതിരുന്നത് തങ്ങൾക്ക് ഇഷ്ടമുള്ള നായികാനായകന്മാർ കഥയിൽ നേടിയെടുക്കുന്നത് കാണുമ്പോൾ ഉണ്ടാകുന്ന പ്രതിപുരുഷാനുഭൂതി (vicarious pleasure) വായനക്കാർക്കു പ്രിയങ്കരമാകുന്നു (2023:243)[11] എന്ന മട്ടിൽ ജനപ്രിയരചനകളുടെ പ്രസക്തിയെ ചുരുക്കുന്നു ഗ്രന്ഥകാരൻ.'

**7) മലയാളസാഹിത്യചരിത്രം –കൽപ്പറ്റ ബാലകൃഷ്ണൻ –1982**

'നോവൽ വളരുന്നു' എന്ന അധ്യായത്തിൽ ജനപ്രിയനോവലിസ്റ്റുകൾ എന്ന തലക്കെട്ടിൽ കേവലം അരപ്പേജിൽ മാത്രം ബാലകൃഷ്ണൻ ജനപ്രിയ എഴുത്തുകാരെ പരാമർശിച്ചു പോകുന്നു. 'അധ്വാനിക്കുന്നവർക്ക് ഉല്ലാസം നൽകുന്ന രചനകളാണ് ജനപ്രിയരചനകൾ എന്നും ശാന്തജീവിതം ഇഷ്ടപ്പെടുന്നവരും മിതമായ സാക്ഷരതയുള്ളവരുമായ വായനക്കാരികളെയാണ് ജനപ്രിയവാരികകൾ ലക്ഷ്യം വെക്കുന്നതെന്നുമുള്ള' (1981:211)[12] നിരീക്ഷണം ഗ്രന്ഥകാരൻ പങ്കുവെക്കുന്നു. വർക്കിയും കാനവും എഴുതിയ നോവലുകൾക്ക് ആഴമോ സങ്കീർണതകളോ ഇല്ലെന്നും പ്രണയമാധുര്യം, വികാരം, തിരയൊഴുക്ക് പോലുള്ള കഥാകഥനം, സ്വപ്നങ്ങൾ ഉണർത്തുന്ന വാക്യഭംഗികൾ എന്നിവയിൽ മാത്രമാണ് ഇത്തരം നോവലിസ്റ്റുകൾ ശ്രദ്ധിച്ചത് എന്നും വിമർശനരൂപേണ പറയുന്നു. ചില ജനപ്രിയനോവലിസ്റ്റുകളുടെ പേരുകൾ മാത്രം സൂചിപ്പിക്കുന്നു. അതേസമയം സാഹിത്യം ജനപ്രിയമാകുന്ന പശ്ചാത്തലം പഠിക്കപ്പെടേണ്ടതാണെന്നവാദവും ബാലകൃഷ്ണൻ മുന്നോട്ടുവയ്ക്കുന്നുണ്ട്. ആൾക്കൂട്ടം, ഖസാക്കിന്റെ ഇതിഹാസം അടക്കമുള്ള ആധുനികനോവലിസ്റ്റുകളുടെ രചനകളെ വിശദമായിത്തന്നെ ബാലകൃഷ്ണൻ പഠിക്കാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ ഒരൊറ്റ ജനപ്രിയനോവലുകളും ഈ സാഹിത്യചരിത്രഗ്രന്ഥത്തിൽ വിലയിരുത്തപ്പെടുന്നില്ല.

**8) മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ – എരുമേലി പരമേശ്വരൻപിള്ള – 1996**

മുൻപറഞ്ഞ സാഹിത്യചരിത്രഗ്രന്ഥങ്ങളിൽ നിന്ന് വ്യത്യസ്തമായി ജനപ്രിയനോവലിസ്റ്റുകളെ കുറെ കൂടി പരിഗണിക്കുന്ന സാഹിത്യചരിത്ര ഗ്രന്ഥമാണിത്. പി. വി തമ്പി, പമ്മൻ, മുട്ടത്തുവർക്കി, പി.ആർ. ശ്യാമള, ചന്ദ്രകല എസ് കമ്മത്ത്, വല്ലച്ചിറ മാധവൻ, മൊയ്തു പടി

യത്ത്, പ്രസന്നൻ ചമ്പക്കര എന്നിങ്ങനെ അനവധി ജനപ്രിയനോവലിസ്റ്റുകളും അവരുടെ രചനാസവിശേഷതകളും കൃതികളും എരുമേലി വിശദീകരിക്കുന്നുണ്ട്.

**9) സമ്പൂർണ്ണ മലയാളസാഹിത്യചരിത്രം -(എഡി)പന്മന രാമചന്ദ്രൻനായർ - 2008**

ഈ സാഹിത്യചരിത്രഗ്രന്ഥത്തിൽ അഞ്ചാം ഭാഗത്ത് നോവൽ ഒന്ന് നോവൽ രണ്ട് എന്നീ ഖണ്ഡങ്ങളായിട്ടാണ് നോവൽസാഹിത്യം ചർച്ചചെയ്യുന്നത്. എസ്. വി. വേണുഗോപാലൻനായർ, പി. കെ. രാജശേഖരൻ എന്നിവരാണ് യഥാക്രമം ഈ ഭാഗങ്ങൾ കൈകാര്യം ചെയ്തിട്ടുള്ളത്. ജനപ്രിയനോവലുകൾ, നോവലിസ്റ്റുകൾ എന്നിവയെ സംബന്ധിച്ച ഒരു സൂചന പോലും ഈ രണ്ടു ഭാഗങ്ങളും നൽകുന്നില്ല. തീർത്തും ജനപ്രിയസാഹിത്യത്തെ അവഗണിക്കുന്നു ഈ സാഹിത്യചരിത്രഗ്രന്ഥം.

**10) ആധുനിക മലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ : (എഡി) കെ. എം ജോർജ് - 2018**

ഈ സാഹിത്യചരിത്രഗ്രന്ഥത്തിന്റെ രണ്ടാം ഖണ്ഡത്തിലാണ് നോവൽ സാഹിത്യം ചർച്ച ചെയ്യുന്നത്. ജോർജ് ഓണക്കൂറാണ് ഈ ഭാഗം എഴുതിയിരിക്കുന്നത്. മുട്ടത്തുവർക്കി, പി. അയ്യനേത്ത്, പി. ആർ. ശ്യാമള എന്നീ മൂന്ന് എഴുത്തുകാരെമാത്രമേ ജോർജ് ഓണക്കൂർ പരിഗണിക്കുന്നുള്ളൂ. വർക്കിയുടെ രചനകളുടെ പരിമിതികളും വിശദീകരിക്കുന്നുണ്ട്. ഒട്ടുമിക്ക സാഹിത്യവിദ്യാർഥികളും ഗവേഷകരും അധ്യാപകരും റഫറൻസ് ഗ്രന്ഥമായി ഉപയോഗിക്കുന്ന ഈ സാഹിത്യചരിത്രത്തിൽപോലും ജനപ്രിയസാഹിത്യം എന്ന ശാഖയോട് അവഗണനയാണ് പുലർത്തുന്നത്.

**11) ജനപ്രിയസാഹിത്യം മലയാളത്തിൽ -(എഡി) ശ്രീകുമാർ എ. ജി - 2014**

സമ്പൂർണ്ണമായ അർത്ഥത്തിൽ ഈ ഗ്രന്ഥം ഒരു സാഹിത്യചരിത്രഗ്രന്ഥമായി പരിഗണിക്കാമോ എന്ന് സംശയമാണ്. രണ്ടു ഭാഗങ്ങളായി വിഭാവന ചെയ്തിരിക്കുന്ന ഈ ഗ്രന്ഥം ജനപ്രിയസാഹിത്യം, മുട്ടത്ത് വർക്കി എന്നിവയുമായി ബന്ധപ്പെട്ട് പലരാൽ എഴുതിയ ലേഖനങ്ങളുടെ സമാഹാരമാണ്. മുട്ടത്തുവർക്കിക്ക് സമർപ്പിച്ചിരിക്കുന്ന ഗ്രന്ഥം ജനപ്രിയസാഹിത്യത്തെകുറിച്ച് പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഒരു റഫറൻസ് ഗ്രന്ഥമായിഉപയോഗപ്പെടുത്താവുന്നതാണ്. ജനപ്രിയസാഹിത്യകാരന്മാരുമായുള്ള അഭിമുഖങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു. സംവാദാത്മകവും വിമർശനാത്മകവുമായ ലേഖനങ്ങളുടെ സമ്പുടമാണ് ഈ ഗ്രന്ഥം. ഇ. എം. എസ്, പി. എസ്. രാധാകൃഷ്ണൻ, പി. കെ രാജശേഖരൻ, കെ. എം നരേന്ദ്രൻ, കേസരി, സ്കറിയ സക്കറിയ, സക്കറിയ, ഷാജി ജേക്കബ്, ഷംസാദ് ഹുസൈൻ, ശാരദക്കുട്ടി എന്നിങ്ങനെ ശ്രദ്ധേയരായവരുടെ പഠനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ടാം ഭാഗം മുട്ടത്ത് വർക്കിയുടെ രചനകളുടെ വിശകലനങ്ങളിൽ മാത്രമായി ഒതുങ്ങിപ്പോയി. മറ്റു ജനപ്രിയനോവൽജനുസ്സുകൾ (മന്ത്രവാദനോവൽ, കുറ്റാന്വേഷണം, ആക്ഷൻ ത്രില്ലർ, കുടുംബനോവൽ, പ്രണയനോവൽ) എന്നിവയൊന്നും കാര്യമായി പഠിക്കുന്ന ലേഖനങ്ങൾ കാണുന്നില്ല.

**12) അപസർപ്പകനോവലുകൾ മലയാളത്തിൽ -ഹമീദ് - 2015**

അപസർപ്പകനോവലുകൾ എന്ന ജനുസ്സിനെമാത്രം മുൻനിർത്തി രചിക്കപ്പെട്ട സമഗ്രപ

ഠനമാണ് ഈ ഗ്രന്ഥം. അപസർപ്പകനോവലുകളുടെ ചരിത്രവും പ്രസക്തിയും അവ പകരുന്ന സർഗാത്മക അനുഭവവും ഈ ഗ്രന്ഥം വിശകലനം ചെയ്യുന്നു. മലയാളത്തിലെ സജീവവും ജനപ്രിയവുമായ സാഹിത്യ ശാഖയായ കുറ്റാന്വേഷണനോവലുകളെ പഠിക്കുന്ന ഒരാൾക്ക് ഈ ഗ്രന്ഥം അവഗണിക്കാനാവില്ല. എട്ട് അധ്യായങ്ങളിലായി കുറ്റാന്വേഷണനോവൽ, കഥ എന്നിവയുടെ ലോകചരിത്രം, ഇന്ത്യൻ-കേരളീയപരിസരം, രചനകൾ, എഴുത്തുകാർ ഓരോ കാലഘട്ടത്തിലും ഉണ്ടായിട്ടുള്ള നോവലുകൾ, അവയുടെ ഉള്ളടക്കം നോവലിസ്റ്റുകൾ തുടങ്ങിയ കാര്യങ്ങൾ വിശദമായിത്തന്നെ പ്രതിപാദിച്ചിരിക്കുന്നു.

**ഉപസംഹാരം**

ഏകദേശം പന്ത്രണ്ടിലധികം സാഹിത്യചരിത്രങ്ങൾ പഠനവിധേയമാക്കിയപ്പോൾ തെളിഞ്ഞുവരുന്ന കാര്യം മിക്ക സാഹിത്യചരിത്രഗ്രന്ഥങ്ങളും (ജനപ്രിയസാഹിത്യം മലയാളത്തിൽ, അപസർപ്പകനോവൽ മലയാളത്തിൽ എന്നിവ ഒഴികെ) ജനപ്രിയസാഹിത്യത്തെ വിശേഷിച്ച് നോവലുകളെയും നോവലിസ്റ്റുകളെയും വേണ്ടത്ര പരിഗണിക്കാത്ത നിലപാടാണ് സ്വീകരിക്കുന്നത്. മലയാളസാഹിത്യചരിത്രങ്ങളിൽ ജനപ്രിയനോവലുകൾക്ക് രണ്ടാം സ്ഥാനമാണ് ലഭിച്ചത്. കേരളത്തിലെ മഹാഭൂരിപക്ഷത്തിന്റെയും വായനയെ തൃപ്തിപ്പെടുത്തിയ ജനപ്രിയരചനകളെ നോവൽസാഹിത്യചരിത്രങ്ങൾ പാടെ അവഗണിച്ചു. മുട്ടത്തുവർക്കി, മൊയ്തു പടിയത്ത്, കാനം എന്നിങ്ങനെ ജനപ്രിയസാഹിത്യത്തിന്റെ തുടക്കത്തിൽ ശ്രദ്ധിക്കപ്പെട്ട നോവലിസ്റ്റുകളുടെ പേരുകൾ മാത്രമേ മിക്ക സാഹിത്യചരിത്രങ്ങളും രേഖപ്പെടുത്തിയിട്ടുള്ളു. ഇവർക്ക് ശേഷം വന്ന കോട്ടയം പുഷ്പനാഥ്, ബാറ്റൺബോസ് ജോയ്സി, സുധാകർ മംഗളോദയം, മാത്യുമറ്റം, കെ. കെ സുധാകരൻ, കമലാ ഗോവിന്ദ്, എൻ. കെ ശശിധരൻ, മെഴുവേലി ബാബുജി, സുനിൽ പരമേശ്വരൻ, മല്ലിക യൂനിസ്, ചന്ദ്രകലാ എസ്. കമ്മത്ത്, പി. ആർ. ശ്യാമള, എം. ഡി രത്നമ്മ, ഏറ്റുമാനൂർ ശിവകുമാർ എന്നീ എഴുത്തുകാരുടെ കൃതികൾ പോയിട്ട് പേര് പോലും മിക്ക സാഹിത്യചരിത്രങ്ങളിലും പരാമർശിക്കപ്പെടുന്നില്ല. സ്ത്രീകൾ എഴുതിയ ജനപ്രിയരചനകളെ പറ്റി സാഹിത്യചരിത്രങ്ങൾ മിക്കതും മൗനം പാലിക്കുന്നു. ആദ്യകാല സാമൂഹ്യനോവലും കുറ്റാന്വേഷണരചനകളും മാത്രമേ മിക്ക സാഹിത്യചരിത്രങ്ങളും പരിഗണിക്കുന്നുള്ളു. മറ്റു ജനപ്രിയസാഹിത്യജനുസ്സുകളായ ക്രൈം നോവൽ, മന്ത്രവാദനോവലുകൾ, യക്ഷിക്കഥകൾ, കുടുംബനോവലുകൾ, ആക്ഷൻ ത്രില്ലറുകൾ, സയൻസ്ഫിക്ഷൻ, പ്രണയനോവലുകൾ, രതിപ്രധാനമായ നോവലുകൾ എന്നിവയെപ്പറ്റി സാഹിത്യചരിത്രങ്ങളിൽ പരാമർശം പോലുമില്ല. മംഗളം, മനോരമ, മാമാങ്കം, മാമ്പഴം, സഖി, ചെമ്പകം, മനോരാജ്യം, സുനന്ദ, കണ്മണി എന്നിങ്ങനെ ജനപ്രിയനോവലുകൾ പ്രസിദ്ധീകരിച്ച വാരികകളും അതിന്റെ ഉള്ളടക്കവും അതിൽ ചിത്രങ്ങൾ വരച്ചവരും ഇത്തരം നോവലുകൾ പ്രസിദ്ധീകരിക്കുന്ന പ്രസാധകരും ജനപ്രിയസാഹിത്യത്തിന്റെ ഭാഗമാണ്. എന്നാൽ ഇവരെ കുറിച്ചുള്ള പരാമർശം പോലും മിക്ക സാഹിത്യചരിത്രങ്ങളിലും കാണുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

സാഹിത്യചരിത്രകാരൻ തനിക്ക് പ്രിയപ്പെട്ട പ്രസ്ഥാനങ്ങളെയോ നോവലുകളെയോ മാത്രം വിസ്തരിച്ച് വിലയിരുത്തുകയും മറ്റുള്ളവയെ അവഗണിക്കുകയും ചെയ്യുന്നത് സാഹിത്യചരിത്രങ്ങൾക്ക് നിരക്കുന്നതല്ല. ഓരോ സാഹിത്യരചനക്കുംലക്ഷ്യങ്ങളും ധർമ്മങ്ങളും ഉണ്ട്. ചില കൃതികളെയും എഴുത്തുകാരെയും വർഗീകരിക്കുക അവരുടെ ശ്രദ്ധേയത തെളിച്ചു കാട്ടുക

എന്നിവയെല്ലാം അവ ചെയ്യുന്നുണ്ട്. ചില പ്രമാണങ്ങളുടെ (canon) അടിസ്ഥാനത്തിൽ സാഹിത്യകൃതികളെ മൂല്യനിർണയം ചെയ്യുകയും ഉത്തമസാഹിത്യം, അധമസാഹിത്യം എന്ന തരംതിരിവ് നടത്തുകയും ചെയ്യുന്നതിനുള്ള ഉപകരണമാണ് സാഹിത്യചരിത്രങ്ങൾ. സാഹിത്യകൃതികളുടെ സ്വീകരണവും (inclusion) നിരാകരണവും (exclusion) ആണ് സാഹിത്യചരിത്രങ്ങളുടെ പൊതുസ്വഭാവം. ഈ സ്വീകരണവും നിരാകരണവും ചില പ്രത്യയശാസ്ത്രങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് രൂപം കൊള്ളുന്നത്. ഒരു ചരിത്രകാരനും നിഷ്പക്ഷനല്ല, ഓരോ സാഹിത്യചരിത്രങ്ങളും രചിക്കപ്പെടുമ്പോൾ ചരിത്രകാരന്റെ പ്രത്യയശാസ്ത്രകാഴ്ചപ്പാടുകളും താല്പര്യങ്ങളും പക്ഷപാദിത്വവും ചരിത്രരചനയെ സ്വാധീനിക്കും. ചരിത്രരചനക്ക് വേണ്ട ഉപാദാനങ്ങൾ സ്വീകരിക്കുമ്പോൾ ഏതൊക്കെ കൊള്ളണം ഏതൊക്കെ തള്ളണമെന്ന് തീരുമാനിക്കുന്നത് എഴുത്തുകാരന്റെ നിലപാടാണ്.

സാഹിത്യചരിത്രത്തിൽ ചിലതിനെ സ്വീകരിക്കുന്നതായും മറ്റു ചിലതിനു നേരെ കണ്ണടക്കുന്നതായും കാണാം. ആധുനികനിരൂപകരും മറ്റും നിർമ്മിച്ചെടുത്ത വരേണ്യസാഹിത്യബോധവും ജനപ്രിയമായവ മോശമാണെന്ന ധാരണയും മിക്ക സാഹിത്യചരിത്രങ്ങളിൽ നിന്നും ജനപ്രിയനോവലുകളെ കുടിയിറക്കുന്നതിന് കാരണമായി വർത്തിച്ച ഘടകങ്ങളാണ്. സാഹിത്യചരിത്രങ്ങളിൽ കൃതികൾ ഉൾപ്പെടുത്തുകയും ഒഴിവാക്കപ്പെടുകയും ചെയ്യുന്നതിന് പ്രാഥമിക കാരണം കാനോനീകരണമാണ്. ഏതൊക്കെ കൃതികളാണ് മൂല്യവത്തായത്, പഠിപ്പിക്കാൻ യോഗ്യമായത് എന്നതിനനുസരിച്ചുള്ള ശ്രേണികരണമാണ് കാനോനീകരണം (canonization). താൽപര്യമുള്ളവരെ അനർഹമായ സ്ഥാനത്ത് പ്രതിഷ്ഠിക്കുകയും അവഗണിക്കുകയും അനഭിമതരായവരെ ചരിത്രത്തിന് പുറത്തു നിർത്തുകയും ചെയ്യുന്ന പ്രവണത സാഹിത്യചരിത്രനിർമ്മിതിയിൽ ഉണ്ടെന്ന് സാരം. മലയാളനോവൽസാഹിത്യചരിത്രത്തെ അടയാളപ്പെടുത്തുവാൻ ശ്രമിച്ച സാഹിത്യചരിത്രങ്ങളൊക്കെ തമസ്കരിച്ചു കളഞ്ഞ നോവൽജനുസ്സാണ് ജനപ്രിയനോവൽ. ആയതിനാൽ തുടക്കം മുതൽ ഇന്നേവരെ രചിക്കപ്പെട്ട ജനപ്രിയസാഹിത്യരചനകളും അവയുടെ ഉള്ളടക്കവും രചയിതാക്കളും പരാമർശിക്കപ്പെടുന്ന ഒരു 'സമ്പൂർണ്ണജനപ്രിയസാഹിത്യചരിത്രം' രചിക്കപ്പെടേണ്ട ആവശ്യകത മലയാളത്തിലുണ്ട്. അത്തരമൊരു സാഹിത്യചരിത്രം രചിക്കപ്പെടുമെന്ന് തന്നെയാണ് പ്രത്യാശ.

**കുറിപ്പുകൾ**

1) പി. പി രവീന്ദ്രൻ, ഉദ്ധരണം, സംസ്കാരപഠനം ഒരു ആമുഖം, ഡിസി ബുക്സ്, കോട്ടയം 2003, പുറം 62.
2) സ്കറിയ സക്കറിയ, ഉദ്ധരണം, സാഹിത്യചരിത്രവിജ്ഞാനീയം, മലയാളം റിസർച്ച് ജേണൽ, 2008, പുറം 2799.
3) രാധാകൃഷ്ണൻ ഇളയിടത്, ഉദ്ധരണം, മലയാളകവിതസാഹിത്യചരിത്രവും രീതിശാസ്ത്ര പരിഗണനകളും, മലയാളം റിസർച്ച് ജേണൽ, 2015, പുറം 2898.
4) ഷൂബ കെ. എസ്, എസ്. ഡി അനിൽകുമാർ, (അവതാരിക എസ്. സുധീഷ് ) സാഹിത്യചരിത്രം ദേശചരിത്രം/എന്ന കെട്ടുകഥ, ആത്മബുക്ക്സ്, കോഴിക്കോട്, 2022 പുറം 15.
5) രാധാകൃഷ്ണൻ ഇളയിടത്ത്, ഉദ്ധരണം, 2015, പുറം, 2902.
6) ഷാജി ജേക്കബ്, ഉദ്ധരണം, മലയാളസാഹിത്യം: ചരിത്രവും ചരിത്രവിജ്ഞാനീയവും, മലയാളം റിസർച്ച് ജേണൽ, 2015, പുറം 2877.


ISSN: 2582 - 2594

7) ഷാജി ജേക്കബ്, ഉദ്ധരണം, നോവൽ:ചരിത്രത്തിന്റെ പാഠഭേദം, കറന്റ് ബുക്ക്സ്, തൃശ്ശൂർ, 2003, പുറം 121.

8) David Perkins, Is literary history possible, The John Hopkins press, 1992, p. 29-60.

9) ടി. എം. ചുമ്മാർ, ഉദ്ധരണം, ഭാഷാഗദ്യസാഹിത്യചരിത്രം, സാഹിത്യപ്രവർത്തകസഹകരണ സംഘം, 1964, കോഴിക്കോട്, പുറം 6.

10) സി. ജെ മണ്ണുമൂട്, ഭാഷാസാഹിത്യചരിത്രം, സി . ജെ . എം പബ്ലിക്കേഷൻ, കോട്ടയം, 1968, പുറം 29 .

11) കെ. എം. തരകൻ, ഉദ്ധരണം, മലയാളനോവൽസാഹിത്യചരിത്രം, ബുക്ക്മീഡിയ കോട്ടയം, 2003, പുറം 243.

12) കൽപ്പറ്റ ബാലകൃഷ്ണൻ, ഉദ്ധരണം, മലയാളസാഹിത്യചരിത്രം, കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1982, പുറം 211.

## സഹായകഗ്രന്ഥങ്ങൾ

1) കൃഷ്ണപിള്ള, എൻ, 1958, കൈരളിയുടെ കഥ, നാഷണൽ ബുക്ക്സ് , കോട്ടയം.

2) ജോർജ്, കെ. എം. (എഡി.), 2018, ആധുനിക മലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡിസി ബുക്സ്, കോട്ടയം.

3) ചുമ്മാർ, ടി. എം, 1964, ഭാഷാഗദ്യസാഹിത്യചരിത്രം, സാഹിത്യപ്രവർത്തകസഹകരണസംഘം, തൃശ്ശൂർ.

4) തരകൻ, കെ. എം, 2023, മലയാള നോവൽസാഹിത്യചരിത്രം, ആത്മബുക്സ്, കോഴിക്കോട് .

5) തോമസ് സ്കറിയ(എഡി.), 2022, സാഹിത്യചരിത്രം : സിദ്ധാന്തം സൗന്ദര്യം രാഷ്ട്രീയം, മാക്സ് ബുക്ക്, കോട്ടയം .

6) തോമസ് സ്കറിയ, (എഡി.), 2013, സാഹിത്യചരിത്രവിജ്ഞാനീയം, അസെന്റ് ബുക്സ്, കോട്ടയം.

7) പരമേശ്വരൻപിള്ള, എരുമേലി, 1996, മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്ക്സ്, തൃശ്ശൂർ.

8) പരമേശ്വരൻ നായർ, പി. കെ, 1958, മലയാളസാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

9) പന്മനരാമചന്ദ്രൻനായർ (എഡിറ്റർ), 2008, സമ്പൂർണ മലയാളസാഹിത്യചരിത്രം, കറന്റ് ബുക്ക്സ്, തൃശ്ശൂർ.

10) ബാലകൃഷ്ണൻ, കൽപ്പറ്റ, 1982, മലയാളസാഹിത്യചരിത്രം, കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം .

11) മണ്ണുമൂട്, സി. ജെ, 1968, ഭാഷാസാഹിത്യചരിത്രം, സി. ജെ. എം പബ്ലിക്കേഷൻസ്, കോട്ടയം .

12) രാധാകൃഷ്ണൻ, പി. എസ്, 2017, എതിർദിശകൾ സാഹിത്യചരിത്രത്തിലെ പക്ഷപാത(ം)ങ്ങൾ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട് , തിരുവനന്തപുരം .

13) ശ്രീകുമാർ, എ. ജി (എഡിറ്റർ), 2014, ജനപ്രിയസാഹിത്യം മലയാളത്തിൽ, നാഷണൽ ബുക്സ് , തൃശ്ശൂർ .

14) ഹമീദ്, 2015, അപസർപ്പകനോവലുകൾ മലയാളത്തിൽ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

15) ഹരിശർമ്മ, എ. ഡി, 1959, മലയാളസാഹിത്യം, നരസിംഹവിലാസം ബുക്ക്പ്രസ്, ഉറവൂർ.

# കാണിക്കാരുടെ മലയോര ഭാഷാഭേദങ്ങൾ–
## (സാമൂഹികഭാഷാശാസ്ത്രത്തെ അടിസ്ഥാനമാക്കിയുള്ള പഠനം)

**ഡോ. ദീപ എസ്.എസ്.**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
ഗവൺമെന്റ് കോളേജ്, നെടുമങ്ങാട്
E-mail: deepasouparnika@gmail.com

സംഗ്രഹം

നീണ്ട കാലയളവിലെ പല തരത്തിലുള്ള പരിണാമങ്ങളിലൂടെ രൂപപ്പെടുകയും ക്രമേണ കൂടുതൽ സൂക്ഷ്മമാക്കപ്പെടുകയും ചെയ്തതാണ് ഓരോ ഭാഷയും. പ്രതീകാത്മക ചിന്തയും ചില പ്രത്യേക സാമൂഹികസാംസ്കാരിക സാഹചര്യങ്ങളും ഒത്തുചേർന്നുവരുന്നിടത്തു നിന്നാണ് ഭാഷയുടെ തുടക്കം. ഭാഷ ഒരു സംസ്കാരസൂചകം കൂടിയാണ്. ഏതൊരു ഭാഷയും ആ ഭാഷാസമൂഹത്തിന്റെ ഭൗതിക പരിസ്ഥിതിയുമായി ബന്ധപ്പെട്ട പദങ്ങളാൽ സമ്പുഷ്ടമാണ്. മാനകഭാഷയോടും ഭരണഭാഷയോടും അടുത്തുനിൽക്കുന്നതാണ് തിരുവനന്തപുരം ജില്ലയിലെ ഭാഷയെങ്കിലും പ്രാദേശിക ഭാഷാഭേദങ്ങളാൽ സമ്പന്നമാണ് തിരുവനന്തപുരം ജില്ല. തിരുവനന്തപുരത്തെ പ്രാന്തപ്രദേശങ്ങളിൽ മാത്രം ഉപയോഗിച്ച് കാണുന്ന പല പ്രാദേശികഭേദങ്ങളും പദങ്ങളും പ്രയോഗങ്ങളും ശൈലികളും ഉണ്ട്. മാധ്യമങ്ങളും സിനിമാക്കാരും മിമിക്രിക്കാരും മറ്റും പലപ്പോഴും തിരുവനന്തപുരം ഭാഷ എന്ന പേരിൽ ആഘോഷമാക്കുന്നത് ഇത്തരത്തിലുള്ള പ്രാദേശിക ഭേദങ്ങളെയാണ്. ഈ പ്രാദേശികഭേദങ്ങളിൽനിന്നും മലയോരമേഖലയിലെ കാണിസമുദായത്തിൽ പ്രചാരത്തിലുള്ള ഭാഷാഭേദങ്ങളെ സാമൂഹികഭാഷാശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുകയാണ് ഈ പ്രബന്ധത്തിൽ.

**താക്കോൽവാക്കുകൾ:** ഭാഷാഭേദവിജ്ഞാനം, സാമൂഹികഭാഷാശാസ്ത്രം, ജീവൽഭാഷ, പത്തായക്കെട്ട്, മുക്കമ്പറക്കെട്ട്, ഗോത്രഭാഷ, പ്രാക് സ്വരയോഗം, പുനരാവർത്തനം

ആശയവിനിമയോപാധിയായ ഭാഷയ്ക്ക് വൈവിധ്യമാർന്ന സ്വഭാവങ്ങളും വൈചിത്ര്യമാർന്ന ഘടനയുമാണുള്ളത്. ഭാഷയ്ക്ക് അനേകം സ്വഭാവങ്ങളുള്ളതിൽ ഏറ്റവും പ്രധാനം അത് നിരന്തര പരിണാമിയാണ് എന്നുള്ളതാണ്. ഒരു ഭാഷയുടെ വളർച്ചയെ അടയാളപ്പെടുത്തുന്ന നിർണായകഘടകം കൂടിയാണ് ഇത്തരം പരിണാമങ്ങൾ. മലയാളം പോലൊരു ജീവൽഭാഷ

യെ സംബന്ധിച്ചിടത്തോളം ഈ പരിണാമസ്വഭാവം കൂടുതൽ ശക്തമാണ്. ഭൂമിശാസ്ത്രപരവും ചരിത്രപരവും സാമൂഹികവുമായ കാരണങ്ങൾ കൊണ്ട് ഭാഷയിൽ മാറ്റങ്ങൾ ഉണ്ടാകാം. ഒരു ഭാഷയുടെ ശക്തി തന്നെ ഇത്തരത്തിൽ രൂപംകൊള്ളുന്ന പ്രാദേശികഭേദങ്ങളാണ്.

**ഭാഷാഭേദവിജ്ഞാനവും സാമൂഹികഭാഷാശാസ്ത്രവും**

ഭാഷയ്ക്കുള്ളിലെ പ്രാദേശികവും സാമൂഹികവുമായ വ്യത്യാസങ്ങളെക്കുറിച്ച് മനസ്സിലാക്കണമെങ്കിൽ സംസാരഭാഷയുടെ ഉള്ളറകളിലേക്ക് ഇറങ്ങിച്ചെല്ലണം. സംസാരഭാഷയ്ക്കുള്ളിലെ ഭാഷാഭേദങ്ങളുടെ വൈവിധ്യം അത്ഭുതാവഹമാണ്. ഭാഷയ്ക്കുള്ളിൽ കാണുന്ന ഇത്തരം വൈവിധ്യങ്ങളാണ് ഒരു ഭാഷയെ ചലനാത്മകമാക്കുന്നത്. ഇത്തരത്തിൽ ഉച്ചാരണതലത്തിലും പദതലത്തിലും വ്യാകരണ അർത്ഥതലത്തിലുമൊക്കെ ഭാഷയ്ക്കുള്ളിൽവരുന്ന വ്യത്യാസങ്ങളുടെ പ്രാദേശികഭേദപഠനമാണ് ഭാഷാഭേദവിജ്ഞാനംകൊണ്ട് അർത്ഥമാക്കുന്നത്. ഓരോ ജീവൽഭാഷയിലും കാലം ചെല്ലുന്തോറും മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കും. ഒരു ഭാഷ സംസാരിക്കുന്ന പ്രദേശങ്ങളിൽ ഒരു വ്യക്തിയുടെ ഭാഷാപ്രയോഗം ഒരിക്കലും മറ്റൊരാളിന്റേതുപോലെയല്ല. ഓരോ വ്യക്തിക്കും തനതായ ഭാഷണരീതിയും സവിശേഷതകളുമുണ്ട്. ഒരു വ്യക്തിയുടെ സമഗ്രഭാഷണസ്വഭാവത്തെ വ്യക്തിഭാഷ അഥവാ തന്മൊഴി (idiolect) എന്നു പറയും. അനേകം വ്യക്തിഭാഷകൾചേർന്ന് ഭാഷാഭേദവും (dialect), ഭാഷാഭേദങ്ങൾ ചേർന്ന് ഭാഷയും ഉണ്ടാകുന്നു. ഭാഷാഭേദം സംബന്ധിച്ച പഠനത്തിന് ഭാഷാഭേദവിജ്ഞാനം (Dialectology) എന്നു പറയും. സമൂഹത്തിന്റെ അഭിവാജ്യഘടകമായ ഭാഷയ്ക്ക് സമൂഹത്തിൽനിന്നും വേർപെടാൻ സാധ്യമല്ല. സമൂഹവുമായി ബന്ധപ്പെട്ടു കിടക്കുന്ന ഭാഷാശാസ്ത്രശാഖയായ സാമൂഹികഭാഷാശാസ്ത്രം (socio-linguistics) പ്രയുക്ത ഭാഷാശാസ്ത്രത്തിന്റെ ഒരു പ്രധാന ശാഖയാണ്. തോമസ് സി ഹഡ്സൻന്റെ 'മാൻ ഇൻ ഇന്ത്യ' എന്ന പുസ്തകത്തിലെ socio-linguistics in India എന്ന ലേഖനത്തിലാണ് സാമൂഹികഭാഷാശാസ്ത്രം എന്ന പദം ആദ്യമായി ഉപയോഗിച്ചത്. ഭാഷാവൈവിധ്യങ്ങളെ സമൂഹവുമായി ബന്ധിപ്പിച്ചുകൊണ്ട് ഭാഷയും സമൂഹവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ സൂക്ഷ്മമായി നിരീക്ഷിക്കുന്ന പഠനശാഖയാണ് സാമൂഹികഭാഷാശാസ്ത്രം. ഭാഷയെ എങ്ങനെയൊക്കെയാണ് സമൂഹത്തിലെ മറ്റു ഘടകങ്ങൾ സ്വാധീനിക്കുന്നത്, അത് എങ്ങനെയെല്ലാമാണ് എന്നെല്ലാം സാമൂഹികഭാഷാശാസ്ത്രത്തിൽ പഠിക്കുന്നു. ഇത്തരത്തിൽ സാമൂഹികഭാഷാശാസ്ത്രത്തിന്റെ രീതിശാസ്ത്രം ഉപയോഗിച്ചുകൊണ്ട് തിരുവനന്തപുരം ജില്ലയിലെ മലയോരമേഖലയിലെ കാണിക്കാരുടെ ഭാഷാവൈവിധ്യങ്ങളെയും സവിശേഷതകളെയും പഠനവിധേയമാക്കുന്നു.

**കാണിക്കാരും അവരുടെ ഭാഷയും**

പ്രകൃതിയോടും മണ്ണിനോടും ഇണങ്ങിച്ചേർന്നുകൊണ്ടുള്ള ജീവിതത്തിലൂടെ ആർജിച്ച തനതായ ജൈവസംസ്കാരത്തിന് ഉടമകളാണ് ആദിവാസികൾ. കേരളത്തിന്റെ തെക്കേയറ്റത്ത് തിരുവനന്തപുരം ജില്ലയിലെ പ്രമുഖരായ ആദിവാസി ജനവിഭാഗമാണ് കാണിക്കാർ. തിരുവനന്തപുരം ജില്ലയിൽ പശ്ചിമഘട്ടത്തോട് ചേർന്ന് കിടക്കുന്ന അഗസ്ത്യമലയുടെ താഴ്വാരങ്ങളിലും മറ്റ് മലയോരമേഖലകളിലുമാണ് കാണിക്കാർ അധിവസിക്കുന്നത്. നെയ്യാറ്റിൻകര, കാട്ടാക്കട, നെടുമങ്ങാട് തുടങ്ങിയ താലൂക്കുകളിലെ മലയോരപ്രദേശങ്ങളിൽ ഇവരെ കാണാം.

ജനനം മുതൽ മരണംവരെയുള്ള നിരവധി ആചാരങ്ങളാൽ സമ്പന്നമാണ് ഇവരുടെ ജീവിതം. ഭാഷ, വേഷം, ആചാരാനുഷ്ഠാനങ്ങൾ, ഉപജീവനം, കാർഷിക സംസ്കാരം, ചികിത്സാരീതി തുടങ്ങിയ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും വേറിട്ടുനിൽക്കുന്ന അസ്തിത്വമാണ് ഇവരുടേത്.

വാമൊഴിയിൽനിന്നാണല്ലോ ഭാഷയുടെ തുടക്കം. മനുഷ്യൻ ഉണ്ടായ കാലം മുതൽ ആശയസംവേദനത്തിനായി ഭാഷ ഉപയോഗിക്കുന്നു. അതിന് കൃത്യമായ രൂപമോ ഉച്ചാരണവ്യവസ്ഥയോ ഉണ്ടായിരുന്നുവെന്ന് പറയാൻ കഴിയില്ല. എന്നാൽ ആദ്യകാലത്ത് കാണിക്കാർ ആശയസംവേദനത്തിനായി ചില പ്രത്യേക ശബ്ദങ്ങളും ചിത്രങ്ങളുമായിരുന്നു ഉപയോഗിച്ചിരുന്നത്.

### പത്തായക്കെട്ടും മുക്കമ്പറക്കെട്ടും

ആദിവാസികളായ കാണിക്കാരുടെ പഴയകാലത്തെ സന്ദേശവിനിമയ രീതികളാണ് പത്തായക്കെട്ടും മുക്കമ്പറക്കെട്ടും. ഇവർക്ക് വരമൊഴി പാടില്ല എന്നാണ് പഴയ വിശ്വാസം. വാമൊഴിയേ ആകാവൂ. അഗസ്ത്യമുനി നൽകിയ വരമാണ് വാമൊഴി എന്നാണ് അവരുടെ ചാറ്റുപാട്ടിൽ പറയുന്നത്. അതിനാൽ കാണിക്കാൻ എഴുത്തു പഠിക്കുന്നില്ല. വരമൊഴിക്ക് പകരമായി അവർ കണ്ടെത്തിയ മാർഗ്ഗങ്ങളാണ് പത്തായക്കെട്ടും മുക്കമ്പറക്കെട്ടും. ശുഭകാര്യങ്ങൾ അറിയിക്കാൻ പത്തായക്കെട്ട്. മരണംപോലുള്ള അശുഭകാര്യങ്ങൾ അറിയിക്കാൻ മുക്കമ്പറക്കെട്ട്. ഈ രണ്ട് സന്ദേശവിനിമയവും വാമൊഴിരൂപത്തിലാണ്. ഓരോ ഊരിലെയും വിവരങ്ങൾ അടുത്ത ഊരിൽ അറിയിക്കാൻ വിളികാണിയെ (മൂട്ടുകാണിയുടെ സഹായി) ചുമതലപ്പെടുത്തുന്നു. വിളികാണിയാണ് ഈ കെട്ടുകൾ നൽകുന്നത്. കല്യാണം വിളിക്കാനെത്തുന്ന വിളികാണി ആദ്യം മൂട്ടുകാണിക്ക് (മൂപ്പൻ/ ഗ്രാമ തലവൻ) വെറ്റിലയും പാക്കും നൽകും. തുടർന്ന് പത്തായക്കെട്ടു നൽകും. പിന്നീടാണ് ശുഭകാര്യങ്ങൾ പറയുന്നത്. മൂട്ടുകാണി പത്തായക്കെട്ട് വാങ്ങി തൊഴുത് ഓലപ്പുരയിലെ ഭസ്മ ഉറിയിൽ കൊളുത്തിയിട്ടാൽ വിളികാണിക്ക് പോകാം. അശുഭകാര്യമാണെങ്കിൽ മുക്കമ്പറക്കെട്ടാണ് നൽകുന്നത്. വിവരമറിഞ്ഞ് കഴിഞ്ഞാൽ മുക്കമ്പറക്കെട്ട് തലകീഴായി തൂക്കിയിടും. കാട്ടിൽ കാണപ്പെടുന്ന മുരിത്തൻ മരത്തിന്റെ തോൽ ഉപയോഗിച്ചാണ് ഈ സന്ദേശങ്ങൾ ഒരുക്കുന്നത്. മരത്തിന്റെ പുറന്തോട് പൊളിച്ച് കയറുപോലെ പിരിച്ചെടുക്കും. പിന്നീട് പത്തായക്കെട്ടും മുക്കമ്പറക്കെട്ടും കെട്ടുകളും ചുഴികളും തീർത്ത് നിർമിക്കും. അതിന്റെ അറ്റത്ത് വാല് പോലെ ഒന്ന് ഉണ്ട്. അതാണ് കുലത്തെ സൂചിപ്പിക്കുന്നത്. കാണിക്കാർ തലമുറകളായി അനുഷ്ഠിച്ചുവന്നിരുന്ന ഈ ആശയവിനിമയ ഉപാധിയും ആചാരവും ഇന്ന് അന്യം നിന്നു പോയിരിക്കുന്നു.

മലയോരമേഖലയിലെ കാണിക്കാരുടെ വ്യവഹാരഭാഷ രൂപംപ്രാപിച്ചത് ബാഹ്യവും ആഭ്യന്തരവുമായ നിരവധി ഇടപെടലുകളുടെ സമ്മർദ്ദംമൂലമാണ്. കാണിക്കാരുടെ പ്രാചീന വാമൊഴി വഴക്കം തമിഴുമായി ചേർന്ന് നിൽക്കുന്നു. പ്രാചീനസംസ്കാരത്തിന്റെ പ്രത്യേകതകൾ കാണപ്പെടുന്ന ധാരാളം ഗ്രാമ്യഭാഷാപദങ്ങളും പ്രയോഗങ്ങളും കാണി സമുദായത്തിനിടയിലുണ്ട്. ഉദാഹരണത്തിന് 'ഇളി' എന്ന പദത്തിന് ഇടുപ്പ്, അരക്കെട്ട് എന്നിങ്ങനെയുള്ള അർത്ഥങ്ങൾ ഗോത്രഭാഷയിൽ ഉപയോഗിച്ചിരുന്നതായിക്കാണാം. എന്നാൽ ആധുനികസമൂഹത്തിൽ 'ഇളി' എന്ന പദത്തിന് ചിരി എന്ന അർത്ഥമാണുള്ളത്.


ISSN: 2582 - 2594

കാണിക്കാർ ഉപയോഗിക്കുന്ന ഭാഷയ്ക്ക് ദേശം, ലിംഗം, ആചാരമര്യാദകൾ എന്നിവയുടെ അടിസ്ഥാനത്തിൽ നിരവധി ഭാഷാഭേദങ്ങൾ ഉണ്ട്. വിവിധ മലയോരമേഖലയിലെ ആവേദകരിൽനിന്നു ലഭിച്ച ദത്തങ്ങളെയും എഴുത്തുകാരുടെ കൃതികളെയും വിവിധ സിനിമകളെയും പഠനത്തിനായി പ്രയോജനപ്പെടുത്തി. മലയോരമേഖലകളിലെ വയോധികരിൽ നിന്നുമാണ് ഈ പദങ്ങളിൽ ഭൂരിഭാഗവും സമാഹരിച്ചിട്ടുള്ളത്. ഇവയിൽ പലതും സാംസ്കാരികമായ പരിണാമമോ വംശനാശമോ സംഭവിച്ചവയാണെന്നതുകൂടി എടുത്തുപറയേണ്ടതുണ്ട്. പുതിയ തലമുറയിൽ മാനകഭാഷയുടെ സ്വാധീനം ഉള്ളതിനാൽ അവരിൽ പലരും ഈ പദങ്ങളോ ശൈലികളോ നിലവിൽ ഉപയോഗിക്കാറില്ല. ഇപ്രകാരം ശേഖരിച്ച ദത്തങ്ങൾ അപഗ്രഥിച്ച് ഭാഷാഭേദങ്ങൾ കണ്ടെത്തുകയും പട്ടികപ്പെടുത്തുകയും തുടർന്ന് ഭാഷാഭേദങ്ങളുടെ സവിശേഷതകളെ രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. പട്ടികയിൽ ഭാഷാഭേദത്തോടൊപ്പം മാനകപദങ്ങളും നൽകിയിരിക്കുന്നു.

**ഗോത്ര ഭാഷയിലെ അടിസ്ഥാന പദങ്ങൾ**

| *ഭാഷാഭേദം* | | *മാനകപദം* |
|---|---|---|
| അള്ളാട്ടം | - | പരിഭ്രമം |
| വെച്ചല് | - | വയ്ക്കോൽ |
| പൊവ്വട്ടി | - | പട്ട |
| കെമ്മലെ | - | അവിചാരിതമായി |
| ഉവര് | - | ചൂടുള്ള ആവി |
| കൊക്കല് | - | ഛർദ്ദിൽ |
| ഓനിയം | - | വാരിയിൽ നിന്നു വീഴുന്ന വെള്ളം |
| പൊട്ടനം | - | നിശ്ശേഷം |
| ഞാക്കനം | - | വിസ്താരത്തിൽ |
| ഒട്ടള | - | അല്പനേരം |
| കുച്ചി | - | കൊതുക് |
| മെത്താണ്ടി | - | മറന്നു വയ്ക്കുന്ന സാധനങ്ങൾ |
| ഒളിയാട്ടം | - | തമാശ |
| ഉറള | - | ഊഹം |
| ചങ്ക | - | ലജ്ജ |
| ചീരു | - | വൃത്തി |
| മുയിട് | - | നാറ്റം |
| പിണി | - | രോഗം |
| ഇളവി | - | എഴുന്നേറ്റ് |

| | | |
|---|---|---|
| മൂതയി | - | മൂധേവി |
| തുവം | - | സുഖം |
| ഉട്ടണം | - | ഉഷ്ണം |
| ചൊപ്പെരി | - | ചുവന്ന അരി |
| വയക്ക് | - | വിവാഹം |
| ചവുക്യം | - | ശുണ്ഠി |

**കാർഷിക ഉപകരണങ്ങളും പച്ചക്കറികളും**

| | | |
|---|---|---|
| എരുവ | - | കത്തി |
| കത്തികുറ്റിയൽ | - | വെട്ടുകത്തി |
| കുന്താലി, മട്ടാസ്, നമ്മാട്ടി | - | മൺവെട്ടിയുടെ ചെറുത് |
| തൊട്ടുവെട്ടി | - | നെല്ല് അളക്കാനുള്ള ഉപകരണം |
| വെനിഞ്ഞ | - | വഴുതനങ്ങ |
| കത്തിരിഞ്ഞ | - | കത്തിരിക്ക (മലവെള്ളരി) |
| പയച്ചി | - | പഴയ കിഴങ്ങ് |
| തേഞ്ഞ | - | തേങ്ങ |
| കാമാണ് ഡി | - | തേൻ |
| കൊട്ടുന്തലയൻ | - | ചക്കക്കുരു |
| കുമ്പളഞ്ഞ | - | കുമ്പളങ്ങ |
| ഓടവൻ കെട്ട് | - | വിത്ത് കൂട്ടി വയ്ക്കുന്നത് |
| ചരവും ചരക്കോലും | - | അമ്പും വില്ലും |

**ജീവജാലങ്ങൾ**

| | | |
|---|---|---|
| നീലമ്പി | - | കരടി |
| തലക്കോഴി | - | ദേവന്മാരുടെ കോഴി (ഒരു സങ്കല്പം) |
| കേഴ | - | ആട് |
| ഓങ്കില് | - | വേഴാമ്പൽ |
| എരിയാൾ | - | കട്ടുറുമ്പ് |
| അലി | - | എലി |
| തപ്പരിപ്പട്ടി | - | പെൺപട്ടി |
| മീറ്റും കൂട് | - | നീറിന്റെ കൂട് |


ISSN: 2582 - 2594

**രോഗവുമായി ബന്ധപ്പെട്ട പദങ്ങൾ**

| | | |
|---|---|---|
| ചെടി | - | തലയുടെ പതപ്പ് (ഉച്ചി) താഴ്ന്ന പോകുന്ന അസുഖം |
| ചെവികുത്ത് | - | ചെവിയിൽ ഉണ്ടാകുന്ന വേദന |
| പൊക്കൽ | - | വസൂരി |
| കണ്ണ് തീനം | - | കണ്ണിൽ ഉണ്ടാകുന്ന ചുമപ്പ് |
| ആന്ത്രമൊടക്ക് | - | വയറുവേദന |
| ഉള്ളടപ്പൻ | - | കുട്ടികളിലെ നീർക്കട്ട് |
| എച്ചിൽപറ്റൽ | - | തൊണ്ടക്കുഴിയിൽ ഉണ്ടാകുന്ന വേദന |

**ആഭരണങ്ങൾ**

| | | |
|---|---|---|
| പറ്റെക്കെട്ട് | - | നെക് ലെസ് |
| വട്ടത്തൊട്ടി | - | കഴുത്തിൽ വട്ടത്തിലും കനത്തിലും അണിയുന്നത് |
| തുക്കംകെല്ല | - | കഴുത്തിൽ മുറുകിയ വളയം |
| കടുക്കൻ, തക്ക, തോട | - | കമ്മലുകൾ |
| ഞാത്ത് | - | മൂക്കുത്തി |
| തള, തണ്ട | - | കൊലുസ് |
| ഊട്ടിക്കെട്ട്, ചായത്ത്, ഏലത്ത് | - | ഏലസ്സ് |
| ഈയവളയം | - | സ്ത്രീകളുടെ കമ്മൽ |
| ചെത്ത് ചെയിൻ | - | അരഞ്ഞാണം |
| കോടാലിമിന്ന്/അരിമിന്ന് | - | താലി |
| ഏഴുകല്ല് | - | ചുവന്ന കല്ല് കമ്മൽ |

**കുടുംബബന്ധ സൂചക ശബ്ദങ്ങൾ**

| | | |
|---|---|---|
| അപ്പിടി | - | അച്ഛൻ |
| അമ്മിടി | - | അമ്മ |
| മുത്തൻ | - | പിതാവിന്റെ പിതാവ് |
| മുത്തി | - | പിതാവിന്റെ അമ്മ |
| എമ്പൻ | - | സഹോദരനും തുല്യസ്ഥാനമുള്ളവരും |
| പെരക്കാറി / എഴകി / പൊങ്ങാട്ടി | - | ഭാര്യ |

| | | |
|---|---|---|
| പെരക്കാറൻ /നാപ്പിള | - | ഭർത്താവ് |
| തമുത്തി / തായ് മുത്തി | - | അമ്മൂമ്മയുടെ പ്രായത്തിലുള്ളവർ |
| പെരിയപ്പൻ / പേരപ്പൻ | - | അച്ഛന്റെ ചേട്ടൻ |
| പേരമ്മിടി | - | പെരിയപ്പന്റെ ഭാര്യ |
| എച്ചൻ / അച്ചൻ | - | ചേട്ടൻ |
| എച്ചി | - | ചേച്ചി |
| തമ്മായി | - | അമ്മായി |
| തമ്മാൻ | - | മാമൻ |
| കുട്ടിയമ്മിടി | - | കുഞ്ഞമ്മ |
| കുറുമാര് | - | കുട്ടികൾ |
| ആഞ്ചിര | - | ആൺകുട്ടി |

**അവയവങ്ങൾ**

| | | |
|---|---|---|
| പുയം | - | തോൾ |
| ഇതയം | - | ഹൃദയം |
| വെവുറ്, ഉടി | - | വയറ് |
| ച്വാതം, മൂച്ചി | - | ശ്വാസം |
| മാരി | - | മുല |
| ചങ്ക് , കൂമ്പ് | - | ഹൃദയഭാഗങ്ങൾ |
| കൊപ്പിൾ | - | പൊക്കിൾ |
| ചുണ്ടൻ | - | കുഞ്ഞ് |
| കാച്ച | - | യോനി |
| പാടാരം | - | പെൺകുട്ടിയുടെ യോനി |
| പൊന്നാട്ടി | - | കുഞ്ഞുങ്ങളുടെ യോനി |
| പയറുനാഭി | - | വൃക്ക |
| കാക്കട | - | കാലുകളുടെ ഇടയ്ക്ക് |

**ചില ഉദാഹരണ വാക്യങ്ങൾ**

ചുമ്പരത്തി ചെവ ചെവാ ഇരിച്ചിനെ

(ചെമ്പരത്തി ചുവന്നിരിക്കുന്നു)

ഏച്ചി കമന്ത് കിടക്കിനെ

(ചേച്ചി കമഴ്ന്ന് കിടക്കുന്നു)

 ISSN: 2582 - 2594

നീങ്കളെങ്കച്ച പോനടാ

(നിങ്ങൾ എവിടെ പോകുന്നു)

നീ ഒരുങ്ക് അപ്പണത്തഞ്ച് അവര് വെരും

(നീ ഒരുങ്ങൂ അപ്പോഴേയ്ക്കും അവർ എത്തും)

**പഴമൊഴികൾ**

തെങ്ങുക്കും കമുവുക്കും ഒരു ത്ളാപ്പ് പോരാ.

പാത്തരം അറിഞ്ചു വിളമ്പണം.

അര മുറുകി ചീല ഉടുക്കണം.

അവ്ടെ കണ്ടത് അവ്ടെ

ഇവ്ടെ കണ്ടത് ഇവ്ടെ .

കുളം കണ്ടാ കുളിച്ചണം

പൂവ് കണ്ടാ ചൂടണം

പുള്ള കണ്ടാ എടുക്കണം

വേല കണ്ടാ ചെയ്യണം.

**കടങ്കഥകൾ**

| | | |
|---|---|---|
| ഞെട്ടില്ലാ മുണ്ടച്ചക്ക | - | കോഴി മുട്ട |
| ക്കുനിക്കുനി കുളത്തിൽച്ചാടി | - | ചൂണ്ട |
| കെട്ടിപ്പൂട്ടി ആറ്റിൽച്ചാടി | - | കൊടമ്പ (മീൻ പിടിക്കാൻ ഉപയോഗിക്കുന്നത്) |
| പിടിച്ചുരിച്ചുമ്പി തൊണ്ടിക്കുത്തി | - | ഉുവൽ |
| വെട്ടും കുറ്റി കിളിക്കും കാലം | | |
| പൊന്നും കത്തി പണയം | - | പൊക്കിൾ |

**പ്രയോഗങ്ങൾ, ശൈലികൾ**

| | | |
|---|---|---|
| കോഞ്ഞാണ്ടി | - | കോമാളികളായവർ |
| ചിണ്ടുപായിനത് | - | ശണ്ഠ പറയുന്നത് |
| കോലെടുത്ത് ചാണ്ടിയ പോലെ | - | വേഗത്തെ സൂചിപ്പിക്കാൻ |
| വണ്ടും പിടിയും കെട്ടവൻ | - | അനുസരണയില്ലാത്തവൻ |
| കള്ളകുറുമാര് | - | ഒരു വക പറഞ്ഞാൽ കേൾക്കാത്ത കുട്ടികൾ |
| ചുട്ടിത്തല | - | കുരുത്തക്കേട് |
| പാഞ്ചിപ്പിടിച്ച് | - | വെപ്രാളത്തിൽ |

| | | |
|---|---|---|
| വെവുതിയില്ലാത്ത | - | ചുക്കും ചുളിഞ്ഞും ഇരിക്കുക |
| പോക്കണം കേട് | - | ഗതികേട് /മാനക്കേട് |
| കൊത്താരി കുളിഞ്ഞാരി | - | ഞാനെന്നഭാവത്തിൽ ഇളകി നടക്കുന്നയാൾ |
| കൊക്രിച്ചിരിച്ചണത് | - | നാണിച്ച് ഒളിച്ചിരിക്കുന്നത് |
| വീപ്പംവെളിയും | - | അസുഖം കൊണ്ട് തലയ്ക്ക് വരുന്ന അസ്വസ്ഥത |
| കുപ്പനം കുവരണം | - | പെട്ടെന്നുണ്ടാകുന്ന രോമാഞ്ചം |
| പെറ്റും പരപ്പും | - | എത്തും പിടിയും കിട്ടാത്ത അവസ്ഥ |
| വള വള | - | മഴ പെയ്യുന്നത് |

**കാണിക്കാർ മന്ത്രവാദത്തിന് ഉപയോഗിക്കുന്ന ചാറ്റുപാട്ടിലെ ചില വരികൾ**

ഗണപതിയെ സ്തുതിക്കുന്ന ഭാഗം:

പൂവോട് പൂക്കുലയിൽ കുടിനില്ല് ഗണപതിയേ
ചാന്തിനോട് ചന്ദനത്തിൽ കുടിനില്ല് ഗണപതിയേ
വറുത്തരി തരിപ്പണത്തിൽ കുടിനില്ല് ഗണപതിയേ
ചുട്ടടപൊരിമലരിൽ കുടിനില്ല് ഗണപതിയേ

'മണ്ണഴിച്ചുചാറ്റിൽ'നിന്നാണ് അടുത്ത ഭാഗം. ആൾരൂപം ഉണ്ടാക്കാൻ മണ്ണ് ചോദിക്കുന്നതാണ് സന്ദർഭം. ഇതിന് തീവരങ്കിച്ചാറ്റെന്നും പേരുണ്ട് :

മണ്ണുന്നീലി മാതാവമ്മ എങ്ങേവിടെ പോയേത്
ഞാനുമെങ്ങും പെയ്യില്ല പിള്ളേ ഞാനിവിടെ നിക്കണത്
ആമയായുരിത്തിരിയും ഞാനാ കടലിൽ ചാടണത്
നീന്തിയും കുടിച്ചും കൊണ്ടങ്ങക്കരേക്ക് ചാടണത്
ആളുപിടിക്കും മണ്ണെനിക്ക് തരേണമേ അമ്മച്ചി

**ഭാഷാ പരിണാമസ്വഭാവങ്ങൾ**

കാണിക്കാരുടെ ഭാഷയിലെ പല പദങ്ങൾക്കും വർണ്ണതലത്തിലാണ് പരിണാമം സംഭവിച്ചുകൊണ്ടിരിക്കുന്നത്. ചെത്തം-ശബ്ദമാകുന്നതും, പൂയ് ലോകം - ഭൂലോകമാകുന്നതും വർണ്ണമാറ്റം സംഭവിക്കുന്നതുകൊണ്ടാണ്. സ്വരാക്ഷരങ്ങളോട് പൊതുവേ കൂടുതൽ താല്പര്യം ഗോത്ര ഭാഷയ്ക്കുണ്ടായിരുന്നു എന്ന് കാണാം. അ, എ, ഏ, ഒ, ഓ -എന്നീ സ്വര വർണ്ണങ്ങൾ സാർവ്വത്രികമായി പ്രയോഗിച്ചിരുന്നു.

| | | |
|---|---|---|
| കെരം | - | ചാരായം |
| പൊയ്യൻ | - | പയ്യൻ |


ISSN: 2582 - 2594

| | | |
|---|---|---|
| പെയ്സ | - | പൈസ |
| ഓത്തരം | - | ഉപദ്രവം |
| വേയം | - | വിഷം |

ഖരവും അനുനാസികവും മാത്രമുള്ള തമിഴ് ഭാഷാരീതിയാണ് പദങ്ങളിൽ അധികവും കാണപ്പെടുന്നത്.

| | | |
|---|---|---|
| ചൂര്യൻ | - | സൂര്യൻ |
| തൈവങ്ങൾ | - | ദൈവങ്ങൾ |
| പിരമാണ്ടം | - | ബ്രഹ്മാണ്ഡം |
| വിട്ട്ണു | - | വിഷ്ണു |
| തുക്കം | - | ദുഃഖം |
| പിയാത് | - | പിശാച് |

ഈണവും താളവും ചേർത്ത് ചൊല്ലുന്ന ചില പദങ്ങൾക്കും പ്രയോഗങ്ങൾക്കും 'എ' കാരവും അതിന്റെ ദീർഘവും ചേർത്തു ചൊല്ലുന്ന പതിവ് കാണാം. 'എയുവി' എന്നാൽ അഴകി എന്നും 'എരി' എന്നാൽ അരിയുമാകുന്നു.

സംവൃതോകാരാന്തശബ്ദങ്ങൾ കാണിക്കാരുടെ ഭാഷയിൽ ധാരാളമായി പ്രയോഗിച്ചു കാണുന്നുണ്ട്.

| | | |
|---|---|---|
| വാ പറഞ്ച് | - | വഴക്കുപറഞ്ഞു |
| ചിണ്ടു പായിനത് | - | ശണ്ഠ പറയുന്നത് |
| പാഞ്ചിപിടിച്ച് | - | വെപ്രാളത്തിൽ |
| മീങ്കിനത് | - | വിഴുങ്ങുന്നത് |
| പീക്കിനത് | - | പുഴുങ്ങുന്നത് |
| ഇപ്പുണത്തഞ്ച് | - | ഇപ്പോഴത്തേക്ക് |
| കുയമറിഞ്ച് | - | കുഴഞ്ഞുമറിഞ്ഞു |

**ആറ് നയങ്ങൾ**

കേരളപാണിനിയുടെ ഭാഷാപരിണാമ നിയാമകങ്ങളായ ആറ് നയങ്ങളിലെ അനുനാസികാതിപ്രസരം, താലവ്യാദേശം, സ്വരസംവരണം എന്നിവ സംഭവിച്ച രൂപങ്ങളും ഭാഷയിൽ കാണുന്നുണ്ട്.

ങ്ക - ങ്ങ -> ഒരുങ്ക് - ഒരുങ്ങ് (അനുനാസികാതിപ്രസരം)

ഞ്ച -ഞ്ഞ -> എറിഞ്ചു - എറിഞ്ഞു (താലവ്യാദേശം)

ന്ത –ഞ്ച - ഞ്ഞ -> അറൈന്ത് -> അറൈഞ്ച് (താലവ്യാദേശം)

- അറഞ്ച് (സ്വരസംവരണം) - അറഞ്ഞ്

പുരുഷഭേദനിരാസം സാർവ്വത്രികമായി കാണിക്കാരുടെ ഭാഷയിൽ സംഭവിച്ചുകാണുന്നില്ല. ക്രിയയും കർത്താവിനും തമ്മിലുള്ള പൊരുത്തം പ്രയോഗത്തിലില്ലാത്ത ഭാഷയാണ് സംസ്കൃതം. സംസ്കൃതത്തിന്റെ സ്വാധീനമാണ് മലയാളത്തിലെ പുരുഷഭേദനിരാസത്തിനുള്ള കാരണം. ഗോത്രഭാഷയിൽ പുരുഷഭേദനിരാസം സാർവ്വത്രികമല്ലാത്തതിനാൽ മലയാളത്തിലെന്നപോലെ സംസ്കൃതത്തിന്റെ സ്വാധീനം കാണിക്കാരുടെ ഭാഷയിൽ ഉണ്ടായിട്ടില്ല എന്ന വസ്തുതയിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്.

## ഭാഷാഭേദ സവിശേഷതകൾ

#### സ്വനിമതലം

അ, ഇ, ഉ, എ, ഒ, ഉ എന്നീ ആറ് സ്വരസ്വനിമങ്ങൾ കാണിക്കാരുടെ ഭാഷാഭേദങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. അവ എങ്ങനെ എന്ന് താഴെ കൊടുക്കുന്നു.

#### സ്വരസ്വനിമങ്ങൾ

| | |
|---|---|
| അപ്പിടി | അ+ പ്+പ് ഇ+ട്+ഇ |
| പെരക്കാറൻ | പ്+എ+ര്+അ+ ക് + ക് + ആ +റ് +അ+ൻ |
| എമ്പൻ | എ+ മ് + പ്+അ+ൻ |
| കുറുമാര് | ക് + ഉ+റ് + ഉ+ മ്+ആ+ര് |
| തമ്മായി | ത് + അ +മ്+മ് ആ+യ്+ഇ |
| മീങ്കിനത് | മ്+ ഇ+ ഇ+ങ് + ക് +ഇ+ ന് +അ+ത് |
| നിയമറന്ത് | ന് + ഇ+യ്+അ+മ്+അ+റ് + അ + ന് +ത് |

ഭാഷയിലെ സ്വരവ്യഞ്ജനസ്വനിമങ്ങളിൽ പ്രധാനപ്പെട്ട വിനിമയങ്ങൾ എല്ലാം തന്നെ കാണിക്കാരുടെ ഭാഷയിലെ പദങ്ങളിൽ കാണുന്നുണ്ട്. 'ഉ്' എന്ന കേന്ദ്രീകൃത മധ്യസ്വരം ധാരാളമായി കാണുന്നുണ്ട്.

### 1. സ്വര വിനിമയങ്ങൾ

| | |
|---|---|
| ഉലക്ക | എലക്ക ഉ > എ |
| വിഷം | വേയം ഇ > ഏ |
| ഗതി | കെതി അ> എ |
| ഉപദ്രവം | ഓത്തരം ഉ > ഓ |
| സൂര്യൻ | പെരുവൻ ഊ > എ |
| ഭാര്യ | എഴകി ആ > എ |
| ഓർമ്മ | ചെവിത്ത ഓ > എ |
| | |

 ISSN: 2582 - 2594

## 2. വ്യഞ്ജന വിനിമയങ്ങൾ

| | | |
|---|---|---|
| കുഴൽ | കുയല് | ഴ > യ |
| മരിച്ചു | പട്ടു | മ > പ |
| ലജ്ജ | ചങ്ക | ല > ച |
| മാമൻ | തമ്മാൻ | മ > ത |
| വൃത്തി | ചീരു | വ > ച |

**പ്രാക് സ്വരയോഗം (Prothesis)**

വ്യഞ്ജനംകൊണ്ട് ആരംഭിക്കുന്ന പദങ്ങൾക്കു മുമ്പിൽ ഒരു സ്വരം കൂട്ടിച്ചേർക്കപ്പെടുന്ന സ്വഭാവവിശേഷത്തിന് പ്രാക് സ്വരയോഗം (Prothesis) എന്നു പറയുന്നു. ഇങ്ങനെ കൂട്ടിച്ചേർക്കപ്പെടുന്ന സ്വരങ്ങളെ Prothetic vowels ആയി കണക്കാക്കുന്നു. സംസ്കൃതത്തിൽനിന്നും പദങ്ങൾ ദ്രാവിഡത്തിലേക്ക് കടമെടുക്കുമ്പോഴാണ് സാധാരണ ഇത് സംഭവിക്കുന്നത്. അ, ഇ, ഉ എന്നീ സ്വരങ്ങളിൽ ഏതെങ്കിലും ഒരെണ്ണമാണ് ഇപ്രകാരം ചേർക്കുന്നത്. തമിഴ് ഭാഷയിലാണ് സാധാരണ ഈ ധ്വനിഭേദനിയമം സാർവത്രികമായി കാണുന്നത്. രാമചരിതം പോലുള്ള പ്രാചീന പാട്ട് സാഹിത്യകൃതികളിൽ കാണുന്ന ഈ സവിശേഷത കാണിക്കാരുടെ ഭാഷയിലും കാണുന്നുണ്ട്. 'യജമാനൻ' എന്ന പദത്തിന് 'ഇയമാൻ' എന്നും 'സ്കൂൾ' എന്നതിന് 'ഉസ്കൂൾ' എന്നുമാണ് പ്രയോഗം.

### രൂപിമപഠനം

**സ്വതന്ത്രരൂപിമങ്ങൾ**

| | |
|---|---|
| പേരപ്പൻ | പേര, അപ്പൻ (അച്ഛന്റെ ചേട്ടൻ) |
| തായ് മുത്തി | തായ്, മുത്തി (അമ്മൂമ്മ) |
| കുട്ടിയമ്മിടി | കുട്ടി, അമ്മിടി (കുഞ്ഞമ്മ) |

**ആശ്രിതരൂപിമങ്ങൾ**

| | |
|---|---|
| പറഞ്ചു | പറഞ്ച്, ഉ |
| മുത്തൻ | മുത്ത, അൻ |
| മുത്തി | മുത്ത, ഇ |
| വെറ്റിച്ചു | വറ്റിച്ച് , ഉ |

പദങ്ങളിൽ കൂട്ടക്ഷരങ്ങൾ സുലഭമായി ഉപയോഗിക്കുന്നു. ത്ത, ഞ്ച, ന്ത, ച്ച തുടങ്ങിയ കൂട്ടക്ഷരങ്ങൾ ഉള്ള പദങ്ങൾ ധാരാളം കാണാം. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| അപ്പണത്തഞ്ച് | അപ്പോഴത്തേക്ക് |
| തികമറിഞ്ചത് | തിളച്ചമറിഞ്ഞു |
| കുയമറിഞ്ച് | കുഴഞ്ഞുമറിഞ്ഞു |
| നിയമറന്ത് | നിലമറന്നു |
| തുള്ളിതുടാച്ച് | അടി കൊണ്ടുള്ള വെപ്രാളം |

**വാക്യപഠനം**

കർത്താവ്, കർമ്മം, ക്രിയ എന്ന ക്രമത്തിലാണ് വാക്യഘടനയെങ്കിലും ചില സന്ദർഭത്തിൽ കർത്താവ് , ക്രിയ, കർമ്മം എന്നിങ്ങനെയുള്ള വാക്യഘടനാ രീതിയും കാണിക്കാരുടെ ഭാഷാഭേദങ്ങളിൽ കാണാം.

| | | |
|---|---|---|
| അമ്മിടി | ചാരി | ചുറ്റിനെ. |
| അമ്മ | സാരി | ചുറ്റുന്നു. |
| Subject | object | verb. |
| S | O | V |

**പുനരാവർത്തനം (Reduplication)**

നിരർത്ഥകമായ ചില ശബ്ദങ്ങളുടെ ആവർത്തനത്തിലൂടെ ഒരു പ്രത്യേക ആശയം വിനിമയം ചെയ്യുന്ന രീതിക്കാണ് ആധുനികഭാഷാശാസ്ത്രത്തിൽ പുനരാവർത്തനം (Reduplication) എന്ന് പറയുന്നത്. വാമൊഴിയിലൂടെ മാത്രം ആശയങ്ങൾ കൈമാറി വന്ന ഒരു ഭാഷ എന്ന നിലയിൽ കാണിക്കാരുടെ ഭാഷയിൽ, ആശയങ്ങളെ ഓർമയിൽ സൂക്ഷിക്കുന്നതിനുവേണ്ടി ഇത്തരത്തിലുള്ള പ്രയോഗസവിശേഷതകളും കാണുന്നുണ്ട്. എന്നാൽ അവയിൽ മിക്കതിനും മലയാളത്തിൽ പ്രയോഗമില്ല. എന്നുമാത്രമല്ല, ഉള്ളവയ്ക്കുതന്നെ പലതിനും അർത്ഥവ്യത്യാസമുണ്ടുതാനും. കാണിക്കാരുടെ ഗോത്രഭാഷയിലെ ചില സവിശേഷപ്രയോഗങ്ങളും അവയ്ക്ക് മലയാളത്തിലുള്ള അർത്ഥവും ചുവടെ കൊടുക്കുന്നു.

കറുമുറാ കറുത്ത് - കോപം കൊണ്ട് മുഖം കറുക്കുക
കെരുകെരാ - ദയവില്ലാതെ ആക്രമിക്കുന്നത്
ഞെരുമൊരാ - മൃഗങ്ങൾ കാടുഞെരിക്കുന്നത്
അത്താപ്പിത്താ - വല്ലതും കിട്ടാൻ തപ്പിത്തടയുന്നത്
കെളുകെളാ, കിളുകിളാ - രസിച്ച് ചിരിക്കുന്നത്
കൊപ്പിരാണ്ടം കാട്ടുക - കോക്രി കാണിക്കുക, കൊഞ്ഞനം കുത്തുക
കുടുകുടുപ്പം - പേടിപ്പിക്കുന്ന ശബ്ദം
തികുതികാ - മൃഗങ്ങളും മറ്റും ഓടുന്ന ശബ്ദം


ISSN: 2582 - 2594

പ്രകൃതിയോടിണങ്ങി ജീവിക്കുന്ന ഒരു ജനതയുടെ വാമൊഴി വഴക്കങ്ങളിൽ ധാരാളമായി ക്കാണുന്ന ഇത്തരം പ്രയോഗങ്ങൾ അവരുടെ ഭാഷയിലെ വൈകാരിക തലത്തെയും അവർക്ക് പ്രകൃതിയോടുള്ള ബന്ധത്തിന്റെ ആഴത്തെയും വ്യക്തമാക്കുന്നു. അതിസാധാരണ ജനങ്ങളുടെ ഇടയിൽ മേൽപ്പറഞ്ഞ തരത്തിലുള്ള നിരവധി ഗ്രാമ്യപദങ്ങളും പ്രയോഗങ്ങളും പ്രചാരത്തിലി രുന്നു. ഗ്രാമ്യപദങ്ങളുടെതായ ഒരു പദസമ്പത്തും നാടൻ പ്രയോഗങ്ങളും ശൈലികളും കാണി ക്കാരുടെ സംസാര ഭാഷയിൽ ധാരാളം ഉണ്ടായിരുന്നു. അവ നമ്മുടെ വ്യവഹാര ഭാഷയിൽ കടന്നുകൂടുകയും കൂടുതൽ ജനകീയമായിത്തീരുകയും ചെയ്തു.

കാണിക്കാരുടെ ഭാഷ വ്യാകരണനിയമങ്ങൾക്ക് വഴങ്ങിനിൽക്കുകയല്ല, വ്യാകരണനി യമങ്ങളുടെ നിയതമായ അതിർവരമ്പുകളെ ലംഘിക്കുവാനുള്ള പ്രവണതയാണ് കാണിക്കു ന്നത്. വർണ്ണപരമായ അവ്യവസ്ഥ, സന്ധി നിയമങ്ങളെ മറികടക്കാനുള്ള പ്രവണത, ലിംഗ കാല വചനപ്രത്യയങ്ങളിലെ വൈവിധ്യം തുടങ്ങിയവയിലെല്ലാം ഇത് കാണാവുന്നതാണ്. പദങ്ങളുടെ കാര്യത്തിലാണെങ്കിൽ സംസ്കൃതം, തമിഴ് പദങ്ങളെ അപേക്ഷിച്ച് തീരെ കുറവാണ്. ഉള്ളതുതന്നെ തത്ഭവരൂപത്തിലാണ്. തമിഴ്പദങ്ങളുടെ സാന്നിധ്യം ഭാഷയുടെ പഴമയെ സൂചിപ്പി ക്കുന്നു. കാണിക്കാരുടെ ഭാഷയിൽ കടന്നുകൂടിയിട്ടുള്ള തമിഴ്, സംസ്കൃത, വൈദേശിക പദങ്ങൾ അക്കാലത്ത് മലയാളത്തിൽ സർവ്വസാധാരണയായി സ്ഥാനംപിടിച്ചവയാണ്.

കാണിക്കാരുടെ ഭാഷയുടെ കാര്യത്തിൽ എടുത്തുപറയേണ്ടതും ഏറെ ശ്രദ്ധേയമായി രിക്കുന്നതും ഇതിലെ പ്രാദേശിക പദങ്ങളാണ്. അത് വാമൊഴി ഭാഷയുമായി അന്യാദൃശ്യബ ന്ധം പുലർത്തുകയാൽ വന്നുഭവിച്ച ഒന്നാണ്. "ഭാഷ നിയതമായ ഒരു ഫോക് സംസ്കാരത്തെ ഉൾക്കൊള്ളുന്നു. ഭൂമിശാസ്ത്രം അനുഷ്ഠാനം, തൊഴിൽ, ജാതി എന്നിങ്ങനെ നിരവധി ഘടക ങ്ങൾ ഭാഷയ്ക്ക് പശ്ചാത്തലമായി വരും". (ഡോ. എൻ. അജിത്കുമാർ, 2008: പു. 27) മലയോര ഭാഷയുടെ തനിമയെ നിലനിർത്തുന്നതിൽ ശ്രദ്ധേയമായ ഘടകവും പ്രാദേശിക പദങ്ങൾ തന്നെയാണ്. ഇത്തരം പദങ്ങളിൽ ഭാഷ പ്രചാരത്തിലിരിക്കുന്ന പ്രദേശത്തെ ജനതയുടെ ജീവിതം പ്രതിഫലിക്കുകയാണ് ചെയ്യുന്നത്. അങ്ങനെ കാണിക്കാരുടെ ഭാഷ ജീവിതഗന്ധി യും ജനകീയവുമായിത്തീർന്നു.

കാണിക്കാരുടെ ഗോത്രഭാഷയിലെ പ്രാദേശിക സാമൂഹിക ഭാഷാഭേദങ്ങളെയും ജൈവ സംസ്കാരത്തെയുംകുറിച്ച് സാമൂഹിക ഭാഷാശാസ്ത്രത്തിന്റെ രീതിശാസ്ത്രം ഉപയോഗിച്ചുകൊണ്ട് പഠനം നടത്തുകവഴി ഈ പ്രബന്ധം മുന്നോട്ടുവയ്ക്കുന്ന പ്രധാന നിരീക്ഷണങ്ങൾ ഇവയാണ്. ഇതര ഗോത്രസമുദായങ്ങളിലേതുപോലെ കാണിക്കാരുടെ ഇടയിലും അവരുടെ ജീവിതവും ആവാസവ്യവസ്ഥയുമായി ബന്ധപ്പെട്ട തനതുഭാഷാ വിനിമയങ്ങളുണ്ട്. പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്ന ജനത എന്ന നിലയ്ക്ക് ജൈവവൈവിധ്യത്തിന്റെ കലവറയാണ് അവരുടെ ഭാഷ. ഭാഷാവൈവിധ്യത്തിന്റെ ഒരു പ്രധാന കാരണം ജൈവവൈവിധ്യമാണ് എന്ന കാഴ്ചപ്പാടാ ണ് ആധുനികഭാഷാശാസ്ത്രത്തിനുള്ളത്. ഒരു ഭാഷാസമൂഹത്തിന്റെ ഭൗതിക/ പാരിസ്ഥിതിക അന്തരീക്ഷം ആ ഭാഷയെ നിർണ്ണയിക്കും എന്ന സാമൂഹിക ഭാഷാശാസ്ത്രനിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ, ജൈവവൈവിധ്യത്തിന്റെ ശക്തമായ ആവിഷ്കാരങ്ങ ളുടെ സഞ്ചയമാണ് കാണിക്കാരുടെ ഭാഷയെന്ന് കാണാൻ കഴിയും. അമൂല്യമായ അറിവുകളുടെ ശേഖരങ്ങളാണ് കാണിക്കാരുടെ ഭാഷ, പ്രത്യേകിച്ച് ഗോത്രഭാഷ. ഈ അറിവുകൾ അവരുടെ

സവിശേഷമായ സാമൂഹികജീവിതവുമായും ഭൗതികസാഹചര്യങ്ങളുമായും അടുത്തബന്ധം പുലർത്തുന്നുണ്ട്. തനത് വാമൊഴിയായി മാത്രം വിനിമയം ചെയ്യപ്പെട്ട് തലമുറകളായി കൈ മാറിവരുന്ന പഴഞ്ചൊല്ലുകളും ഐതിഹ്യങ്ങളും തൊഴിൽ പാട്ടുകളും മന്ത്രമൊഴികളും കലകളും അടങ്ങുന്ന വിപുലവും വിചിത്രവുമായ ഭാഷയും സാഹിത്യവുമാണ് കാണിക്കാരുടെ ഗോത്ര വിഭാഗത്തിന്റേത്. നിരക്ഷരരായ മലയോരഗ്രാമീണജനതയ്ക്ക് ആശയവിനിമയത്തിനുവേണ്ടി അവരുടെ തന്നെ വാമൊഴി വഴക്കത്തിൽ തീർത്തിട്ടുള്ള ഭാഷാഭേദങ്ങളായി കാണിക്കാരുടെ ഭാഷയെ കണക്കാക്കാം.

### സഹായകഗ്രന്ഥങ്ങൾ


1. അജിത് കുമാർ, എൻ. ഡോ., മലയാളിയുടെ നാടോടി വഴക്കങ്ങൾ, കോഴിക്കോട്, പ്രിയത ബുക്സ്, 2008.
2. ഉള്ളൂർ എസ്. പരമേശ്വരയ്യർ, കേരള സാഹിത്യ ചരിത്രം, ഒന്നാം വാല്യം, തിരുവനന്തപുരം : കേരള സർവ്വകലാശാല, 1990.
3. എരുമേലി പരമേശ്വരൻ പിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറൻറ് ബുക്സ്, 2003.
4. കാവാലം നാരായണ പണിക്കർ, കേരളത്തിലെ നാടോടി സംസ്കാരം, ന്യൂഡൽഹി, നാഷണൽ ബുക്ക്, 1991.
5. കൃഷ്ണകുമാർ കെ.സി. ഡോ., (സമാ), കേരളം ജില്ലകളിലൂടെ, കോട്ടയം : മാതൃഭൂമി ബുക്സ്, 2011.
6. ഗിരീഷ് പി.എം., അധികാരവും ഭാഷയും, കോഴിക്കോട് : പാപ്പിയോൺ, 2001.
7. പ്രഭാകരവാരിയർ, കെ.എം., ആധുനിക ഭാഷാശാസ്ത്രം, തിരുവനന്തപുരം, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, 1998.
8. പ്രബോധചന്ദ്രൻ നായർ വി.ആർ. ഡോ., ഭാഷാശാസ്ത്രപരിചയം, മാളുബൻ പബ്ലിക്കേഷൻസ്, 2016.
9. ശങ്കരപ്പിള്ള ജി., സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ശുദ്ധ മലയാള ശാഖ
10. സാമൂഹികഭാഷാ വിജ്ഞാനം, തിരുവനന്തപുരം, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, 1994
11. സിനിമവിജ്ഞാനം, തിരുവനന്തപുരം, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, 1980.
12. www.wikipedia.org
13. www.traditionalsports.org.


 ISSN: 2582 - 2594

# ഭിന്നശേഷി : കടുവ സിനിമയുടെ അരികുകാഴ്ചകളും ക്രൈസ്തവദൈവശാസ്ത്രസ്വാധീനവും

**ലിജു ടി. വർഗീസ്**
അസിസ്റ്റന്റ് പ്രഫസർ (മലയാളം)
സെന്റ് സ്റ്റീഫൻസ് കോളജ്
പത്തനാപുരം 689695
E-mail: lijumallassery@gmail.com

**സംഗ്രഹം**

ഓരോ കാലഘട്ടത്തിലെയും സമൂഹത്തിന്റെ മൂല്യവ്യവസ്ഥകളും വിശ്വാസപ്രമാണങ്ങളും ആചാരാനുഷ്ഠാനങ്ങളും പ്രത്യയശാസ്ത്ര പ്രയോഗങ്ങളുമെല്ലാം മുഖ്യധാരാ സിനിമകളുടെ ഉള്ളടക്കത്തെ നിർണ്ണയിക്കുന്നുണ്ട്. ഭിന്നശേഷിയെക്കുറിച്ചുള്ള വർത്തമാന കാല സമൂഹത്തിന്റെ കാഴ്ചയുടേയും കാഴ്ചപ്പാടുകളുടേയും ഉറവിടങ്ങൾ ചെന്നുചേരുന്നത് പൊതുബോധത്തിന്റെ ചില ഉള്ളറകളിലേക്കാണ്. "നമ്മൾ ചെയ്തു കൂട്ടുന്ന പാപങ്ങൾ നമ്മുടെ തലമുറകളായിരിക്കും അനുഭവിക്കുക" എന്ന കടുവ സിനിമയിലെ ഭിന്നശേഷി വിവാദത്തിന് തിരികൊളുത്തിയ സംഭാഷണത്തിനും ക്രൈസ്തവദൈവശാസ്ത്ര ഇടപെടലുകൾക്കും തമ്മിലുള്ള ബന്ധമാണ് ഈ ലേഖനത്തിലൂടെ പഠനവിധേയമാക്കുന്നത്. പൊതുസമൂഹത്തിൽ ഇത്തരം കാഴ്ചപ്പാടുകൾ രൂപപ്പെട്ടു വരാനുള്ള അടിസ്ഥാനകാരണം എന്താണ്? മത, സംസ്കാര സ്വാധീനങ്ങൾക്ക് വഴങ്ങിയുള്ള ഭിന്നശേഷി അടയാളപ്പെടുത്തലുകൾ പൊതുബോധ നിർമ്മിതിയിൽ വിവിധ കാലങ്ങളിൽ രൂപപ്പെട്ടു വന്നിട്ടുണ്ട്. ഭിന്നശേഷി അവസ്ഥ പാപത്തിനുള്ള ശിക്ഷ, അനുസരണക്കേടിനുള്ള ദൈവകോപത്തിന്റെ പ്രകടനം, ശാപത്തിന്റെയും അവിശ്വാസത്തിന്റെയും ഫലം എന്നൊക്കെയുള്ള പഠിപ്പിക്കലുകൾ സമകാല സംസ്കാരവ്യാപാരങ്ങളിൽ പ്രതിഫലിക്കുന്നു.

**താക്കോൽവാക്കുകൾ:** ഭിന്നശേഷി, ദൈവശാസ്ത്രം, ബൈബിൾ, സിനിമ, പാപം, പഴയനിയമം, പുതിയനിയമം, സംസ്കാരം

ജീവിതത്തിൽ നിന്ന് മാറ്റിനിർത്തപ്പെടേണ്ടതല്ല സിനിമയുടെ കഥ. കാരണം പൊതുബോധനിർമ്മിതിയ്ക്കുതകും വിധം മുതിർന്നവരെയും കുട്ടികളെയും സമൂഹത്തെ ഒട്ടാകെയും ഒരുപോലെ സ്വാധീനിയ്ക്കാനുള്ള സവിശേഷമായ കഴിവ് അതിനുണ്ട്. കലയിലും സാഹിത്യത്തിലും ആവി

ഷ്കരിക്കുന്ന സങ്കല്പ്പങ്ങളും ആശയങ്ങളും സാമൂഹിക പ്രതിനിധാനങ്ങളും സൂക്ഷ്മതലത്തിൽ സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക നിർമ്മിതികളുടെ പ്രതിഫലനങ്ങൾ കൂടിയാണ്. അതിനാൽ തന്നെ പ്രത്യേക ആശയങ്ങളോ മറ്റോ മനുഷ്യരിലേക്കെത്തിയ്ക്കുവാൻ സിനിമകളിലൂടെ സാധിയ്ക്കും. സാമൂഹ്യഘടനയുടെ അടിസ്ഥാനത്തിൽ കലാ-സാഹിത്യ ഇതിവൃത്തങ്ങൾ വ്യവസ്ഥാപിത വഴക്കങ്ങൾക്കും ക്രമങ്ങൾക്കും രാഷ്ട്രീയ താത്പര്യങ്ങൾക്കും ഉള്ളിലാവും ആവിഷ്കരിക്കപ്പെടുക. അതിനാൽ ഓരോ കലാസൃഷ്ടിയുടേയും പ്രമേയത്തിലും അവതരണത്തിലുമെല്ലാം രാഷ്ട്രീയമായ ശരികൾ സൂക്ഷിയ്ക്കുക എന്നത് അത്യന്താപേക്ഷിതമാണ്. സർഗാത്മകതയും സാങ്കേതികതയും ചേർന്ന ദൃശ്യവിരുന്നാണ് സിനിമകൾ എന്നതിനാൽ അതിന്റെ ചെറിയ ഒരു സംഭാഷണത്തിൽ പോലും നാം രാഷ്ട്രീയകൃത്യത പുലർത്തേണ്ടതുണ്ട്. സ്ത്രീവിരുദ്ധം, ദളിത് വിരുദ്ധം, ന്യൂനപക്ഷവിരുദ്ധം, ഭിന്നശേഷിവിരുദ്ധം തുടങ്ങിയവയൊക്കെ എടുത്തുകളയേണ്ടത് ജനാധിപത്യപരമായ ആവശ്യമാണ്. വിരുദ്ധതകളിലൂന്നിയ പലസിനിമകളും മുൻകാലങ്ങളിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ സമകാല സിനിമകൾ കൂടുതൽ ശ്രദ്ധയോടെയാണ് ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത്.

**കടുവയും ഭിന്നശേഷിയും**

സിനിമയിൽ ഭിന്നശേഷി കഥാപാത്രങ്ങളെ ഹൃദയപക്ഷമായി ചിത്രീകരിച്ച ഒട്ടനവധി സിനിമകൾ ഉണ്ട്. ഭിന്നശേഷി എന്ന പരികല്പനക്ക് സമകാലത്തിൽ ഏറെ പ്രാധാന്യമുണ്ട്. ഭിന്നശേഷി ഒരു വലിയ പ്രശ്നമായി സിനിമയിൽ അവതരിപ്പിക്കുക മാത്രമല്ല, ഇത്തരം കഥാപാത്രങ്ങൾക്കു നീതിപൂർവമായ ഒരവസരം പോലും സിനിമയിൽ നൽകുന്നുമില്ല.

ഭിന്നശേഷി വിഷയമാകുന്ന സിനിമയും അതിലെ കഥാപാത്രങ്ങളും സമൂഹത്തിന് നല്കുന്ന സന്ദേശവും സൃഷ്ടിയ്ക്കുന്ന പൊതുബോധവും വലുതാണ്. സമൂഹത്തിൽ സിനിമ കല എന്ന നിലയിലും മാധ്യമം എന്ന നിലയിലും ഗൗരവത്തോടെ മാത്രമേ ഭിന്നശേഷി അവസ്ഥകളെ സമീപിക്കുവാനും ആവിഷ്കരിക്കുവാനും പാടുള്ളൂ എന്നത് നിസ്തർക്കമാണ്. കടുവ എന്ന സിനിമ ഒരൊറ്റ സംഭാഷണത്തിലൂടെ ഒരു വലിയ പൊതുബോധത്തെ സമൂഹത്തിലേയ്ക്ക് പ്രസരിപ്പിച്ചിരിയ്ക്കുകയാണ്. ഭിന്നശേഷിയെന്നത് പൂർവ്വികപാപമെന്ന രീതിയിൽ അതിലെ നായകൻ സംസാരിയ്ക്കുമ്പോൾ ജനാധിപത്യ സമൂഹത്തിനു നടുക്കമുണ്ടാകുന്നു. "ഏതെങ്കിലും വിധത്തിലുള്ള അസുഖങ്ങളാലോ അപകടത്താലോ ജനിതകതകരാറുകളാലോ താത്ക്കാലികമായോ സ്ഥിരമായോ മനുഷ്യശേഷി (Ability)കൾക്ക് സംഭവിക്കുന്ന അഭാവത്തെയോ പരിമിതിയെയോ ഭിന്നശേഷി എന്നു വിളിക്കാം"[1] വ്യത്യസ്ത സമൂഹങ്ങളും സംസ്കാരങ്ങളും വേറിട്ട മാനദണ്ഡങ്ങൾ ഉപയോഗിച്ച് ഭിന്നശേഷിയെ നിർവചിച്ചിട്ടുണ്ട്. അതാത് കാലങ്ങളിലെ പൊതുബോധത്തോടു താദാത്മ്യം പ്രാപിച്ച രീതിയിൽ ഈ നിർവചനങ്ങളിൽ മാറ്റങ്ങളും കാണാറുണ്ട്.

കലാ സാഹിത്യ സാംസ്കാരിക സമൂഹത്തിൽ വ്യാപകമായി തെറ്റിദ്ധരിച്ച ഒരു വാക്കാണ് ഭിന്നശേഷി. പ്രത്യേകിച്ചു ജനപ്രിയ കലാരൂപമായ സിനിമയിൽ. അതിന്റെ അനവധി ഉദാഹരണങ്ങൾ സിനിമാചരിത്രത്തിൽ കാണാം. പ്രേഷകഹൃദയങ്ങളെ സ്വാധീനിക്കുവാനും മുൻധാരണകളെ തിരുത്തുവാനും ചരിത്രം അവശേഷിപ്പിച്ച വേരുകൾ പിഴുതെറിയുന്നതിനുമുള്ള ഫലപ്രദമായ ഉപകരണമാകാൻ സിനിമയ്ക്ക് കഴിയും. അതുപോലെ തന്നെ ചരിത്രം സൂക്ഷിച്ച വിരുദ്ധമായ സംഗതികളെ പ്രചരിപ്പിക്കാനും കഴിയും.

ഷാജി കൈലാസിന്റെ സംവിധാനത്തിൽ ജിനു വി. രാജ് തിരക്കഥ നിർവ്വഹിച്ച് 2022ൽ പുറത്തിറങ്ങിയ സിനിമയാണ് കടുവ. ചിത്രീകരണ പ്രദർശനസമയങ്ങളിൽ വിമർശന വെല്ലുവിളികൾ നേരിടേണ്ടിവന്ന കടുവ തെറ്റായ ഭിന്നശേഷി പരാമർശങ്ങൾ സമൂഹത്തിലേക്കു നൽകാൻ ശ്രമിച്ച് വിവാദങ്ങളുടെ ചുഴിയിൽപ്പെടുകയും ചെയ്തു. "നമ്മൾ ചെയ്തുകൂട്ടുന്ന പാപങ്ങൾ നമ്മുടെ തലമുറകൾ ആയിരിക്കും അനുഭവിക്കുക" എന്ന നായക സംഭാഷണമാണ് വിമർശനങ്ങൾക്ക് വിധേയമായത്. ഈ ഭിന്നശേഷി അധിക്ഷേപ പരാമർശത്തിന് സംവിധായകൻ ഉൾപ്പെടെയുള്ള അണിയറപ്രവർത്തകർ മാപ്പ് പറയുകയും സിനിമയിൽ നിന്ന് പ്രസ്തുത ഭാഗം മുറിച്ച് മാറ്റുകയും ചെയ്തു. അറിയാതെ പറ്റിയ ഒരു അബദ്ധമല്ലത്. പിന്നെയോ ഭൂതകാലസംസ്കാരബോധങ്ങളുടെ അവശേഷിപ്പുകൾ സിനിമയുടെ പ്രമേയത്തിലൂടെ പ്രേക്ഷകനിലേയ്ക്ക് എത്തുകയായിരുന്നു. കടുവ എന്ന സിനിമ ക്രൈസ്തവദൈവശാസ്ത്ര പശ്ചാത്തലത്തിൽ രചിക്കപ്പെട്ടതാണ്. അതുകൊണ്ടു തന്നെ ഇതിനെ അബദ്ധമായി കരുതുവാനാവില്ല.

സാമൂഹിക ജീവിതത്തിൽ ഇടപെടുമ്പോൾ ഭൂരിപക്ഷധാരണകളെ പിണക്കാതെയിരിയ്ക്കാൻ തിരക്കഥാകൃത്ത് നടത്തിയ ശ്രമമാണിതെന്നു തന്നെ കരുതേണ്ടിയിരിക്കുന്നു. സിനിമയുടെ ഗതി നിയന്ത്രിക്കുന്ന മുഖ്യഭാഗം കൂടിയായി ഈ സംഭാഷണം പരിണമിച്ചതും മറ്റൊരു കാരണത്താലല്ല. ഇവിടെ നിന്നാണ് കടുവയിൽ ആക്രമണ പ്രത്യാക്രമണങ്ങൾ ആരംഭിക്കുന്നത്. അതുകൊണ്ടുതന്നെ തിരക്കഥാകാരൻ മനപ്പൂർവം സൃഷ്ടിച്ച ഭാഗമാണിത്.

**ദൈവശാസ്ത്രവും ബൈബിളും**

ഭിന്നശേഷിയെക്കുറിച്ച് സമൂഹത്തിനുള്ള ഈ പൊതുധാരണയുടെ അടിസ്ഥാനം ക്രൈസ്തവദൈവശാസ്ത്രമായ ബൈബിളിലെ പഴയനിയമ കാഴ്ചപ്പാടാണ്. എഴുത്തുകാരനിൽ അറിഞ്ഞോ അറിയാതെയോ കയറിപ്പറ്റിയ സങ്കല്പനങ്ങളാണവ. ഭിന്നശേഷി കഥാപാത്രങ്ങളെ അവരായിരിക്കുന്ന അതേ അവസ്ഥയിൽ സിനിമയിൽ അവതരിപ്പിച്ച് സാമൂഹ്യബോധത്തെ തിരുത്താം എന്ന ധാരണ കൈവരിക്കാനായില്ല എന്നത് മാത്രമല്ല കാഴ്ചയും സംഭാഷണവും വിരുദ്ധഫലം സൃഷ്ടിക്കുകയും ചെയ്തു. ക്രൈസ്തവദൈവശാസ്ത്രഗ്രന്ഥമായ ബൈബിളിലെ ഭിന്നശേഷിയെക്കുറിച്ചുള്ള ആദർശ ചിന്താഗതികളുടെ സ്വാധീനം സംസ്കാരത്തിലും കലയിലും വിനിമയം ചെയ്യപ്പെട്ടിട്ടുണ്ട്. ആദിമ ക്രൈസ്തവ പഠിപ്പിക്കലുകൾ പരമ്പരാഗത വിശ്വാസത്തിലും ദൈവശാസ്ത്രത്തിലും അടിയുറച്ചതായിരുന്നു. പഴയതും പുതിയതുമായ നിയമത്തിന്റെ പശ്ചാത്തലത്തിൽ ദൈവശാസ്ത്രത്തിലെ ഭിന്നശേഷി ദർശനങ്ങൾ കടുവ എന്ന സിനിമയിലൂടെ എങ്ങനെ കാണാമെന്നാണ് ഈ പ്രബന്ധം പരിശോധിക്കുന്നത്.

പ്രബുദ്ധരെന്നു സ്വയം വിശേഷിപ്പിക്കുന്ന സമൂഹത്തിൽ നിലവിലുള്ള ഭിന്നശേഷിധാരണകൾ അവശേഷിപ്പിക്കുന്ന ചോദ്യങ്ങൾ ഇനിയും ബാക്കിയാണ്. ഒരു മനുഷ്യസമൂഹം അനുഷ്ഠിക്കുന്ന വിശ്വാസങ്ങളുടേയും ആചാരങ്ങളുടെയും അടിസ്ഥാനത്തിലാണ് ഇവിടെ ഭിന്നശേഷിവിനിമയം പരിശോധിക്കുന്നത്. മുഖ്യധാരാമതങ്ങളിലെ പ്രബല വിഭാഗമായ ക്രിസ്തുമത ദൈവശാസ്ത്രത്തിൽ ഭിന്നശേഷിയെ സംബന്ധിച്ചുള്ള ദൈവിക വിധിന്യായ വിശ്വാസ പാരമ്പര്യങ്ങൾ അനവധിയുണ്ട്. നിലവിലുള്ള സംസ്കാര, സാമൂഹിക സമ്പ്രദായങ്ങളിൽ ഭൂരിഭാഗവും പുരാതന ഗ്രീക്ക്, റോമൻ സമൂഹങ്ങളിൽ നിന്നും സ്വീകരിച്ചതാണ്.

സകല മതങ്ങളും സകല സംസ്കാരങ്ങളും ദൈവവും ദൈവവിശ്വാസവും ആരാധനക്രമങ്ങളും ഉൾക്കൊള്ളുന്നവയാണ്. ഏക ദൈവത്തിൽ വിശ്വസിക്കുന്ന മതങ്ങൾ ദൈവത്തിനു പുരുഷച്ഛായയാണു നൽകിയിരിക്കുന്നത്. ഹൈന്ദവമതം ബഹുദൈവ വിശ്വാസത്തിന്റേതാണ്. അവിടെ സ്ത്രീ-പുരുഷ ഭാവങ്ങളും ദൈവത്തിനുണ്ട്. ആദികാല ഹീബ്രു വിശ്വാസപ്രകാരം ആത്മാവും ശരീരവും ഒന്നായിരുന്നു. എന്നാൽ പിൽക്കാലത്ത് ഈ വിശ്വാസത്തിൽ മാറ്റം വരുത്തുകയും ശരീരവും ആത്മാവും വ്യത്യസ്തമായ സ്വത്വങ്ങളായി വിശ്വസിക്കപ്പെടുകയും ചെയ്തു. ക്രിസ്തുമതം പുരാതന ഗ്രീക്കു സംസ്കാരത്തിനെ കടമെടുക്കുകയാണുണ്ടായത്. അതുപ്രകാരം, മനുഷ്യശിശുവിനു ജന്മം കൊടുക്കുമ്പോൾ ദൈവം ആത്മാവിനെ സൃഷ്ടിച്ച് ജൈവ ശിശുവിലേക്കു കൂട്ടിച്ചേർക്കുകയാണു ചെയ്യുക. മനുഷ്യന്റെ ദൈവവിശ്വാസത്തിനാണിവിടെ കാതലായ പരിഗണന. അതനുസരിച്ച് ആത്മാവു നിത്യമായ സ്വർഗവാസത്തിനോ അഥവാ നരകവാസത്തിനോ വിധിക്കപ്പെട്ടിരിക്കുന്നു[2]. ആത്മാവിന്റെയും ശരീരത്തിന്റെയും വിമോചനത്തിന്റെ, വിശ്വാസത്തിന്റെ പേരിൽ തന്നെയാണ് ഭിന്നശേഷിയെ ക്രൈസ്തവദൈവശാസ്ത്രം അടയാളപ്പെടുത്തിയിട്ടുള്ളത്.

എല്ലാ മതങ്ങളുടെയും അടിസ്ഥാന സാരാംശം ദൈവമാണെങ്കിലും ക്രിസ്തുമതം വിശ്വസിക്കുന്ന ദൈവത്തെക്കുറിച്ചാണ് മുഖ്യമായും ദൈവശാസ്ത്രം പ്രതിപാദിക്കുന്നത്. 'തിയോസ്' (god) എന്ന ഗ്രീക്ക് പദം ലാറ്റിനിലേക്കു പരിഭാഷപ്പെടുത്തിയപ്പോൾ അത് 'തിയോളജിയ' (Theologia) എന്നായി മാറി. അതിനർത്ഥം "വചനം, പഠിപ്പിക്കൽ, സിദ്ധാന്തം" അല്ലെങ്കിൽ "ദൈവത്തിന്റെ ശാസ്ത്രം" എന്നാണ്. മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയപ്പോഴാണ് അതിന് ദൈവശാസ്ത്രം എന്ന പേര് ലഭിച്ചത്. "ദൈവപദവി ചരിത്രപരമായ സംഭവങ്ങളിലൂടെ വെളിപ്പെടുത്തുകയും അവയെ ഭാഷയിലൂടെയോ ഉത്കൃഷ്ടാശയങ്ങൾ അടങ്ങിയ നിവേശിത ഗ്രന്ഥങ്ങളിലൂടെയോ രേഖപ്പെടുത്തുകയും ചെയ്യുന്ന ശാസ്ത്രമാണ് ദൈവശാസ്ത്രം."[3] ദൈവത്തെയും ദൈവഗണത്തെയും സംബന്ധിച്ചുള്ള ആഖ്യാനസംബന്ധിയായ പഠനമായും ദൈവശാസ്ത്രത്തെ വ്യാഖ്യാനിച്ചിട്ടുണ്ട്. ക്രൈസ്തവരിൽ ദൈവശാസ്ത്രം എന്ന പദം ആദ്യമായി ഉപയോഗിച്ചുകാണുന്നത് നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഓറിജെൻ (Origen) എന്ന ചിന്തകന്റെ ലേഖനങ്ങളിലാണ്[4]. കേസറിയായിലെ യൂസേബിയൂസ് (Eusebius Of Caesaria) എന്ന ചിന്തകന്റെ ലേഖനങ്ങളിൽ ക്രൈസ്തവ ദൈവത്തെക്കുറിച്ചുള്ള പ്രതിപാദനം ആണ് ദൈവശാസ്ത്രം എന്നു രേഖപ്പെടുത്തിയിരിക്കുന്നു. പതിമൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന തോമസ് അക്വിനാസ് ദൈവശാസ്ത്രത്തെ 'പരിശുദ്ധ സിദ്ധാന്തം' (Sacred Doctrine) എന്നു വിശേഷിപ്പിച്ചിരിക്കുന്നു[5]. അതിനുമുമ്പ് പന്ത്രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പീറ്റർ അബെലാർഡ് എന്ന ചിന്തകൻ ക്രിസ്തുമത വിവരണത്തെ ലാറ്റിൻ ഭാഷയിൽ 'തിയൊളോജിയ' (Theologia) എന്നു വിശേഷിപ്പിച്ചു. പീറ്റർ അബെലാർഡിന്റെ കാലത്തിനുശേഷമാണ് ദൈവശാസ്ത്രം എന്ന പദം സാഹിത്യത്തിൽ പ്രയോഗിച്ചുതുടങ്ങിയത്[6]. ദൈവശാസ്ത്രം വിശുദ്ധപരവും വിവേചനാതീതവും മനുഷ്യജീവിതസംബന്ധിയും ആയിരിക്കണം. മനുഷ്യജീവിതം ദൈവവുമായി ഏതു വിധത്തിൽ ബന്ധപ്പെടണമെന്ന് ദൈവശാസ്ത്രത്തിലൂടെ നിശ്ചയിക്കപ്പെടുന്നു.

പുരാതനകാലത്തെ ജനഗണങ്ങളുടെ ചരിത്രം പരിശോധിച്ചാൽ അവരുടെ ചിന്തയ്ക്ക് ഏറ്റവും കൂടുതൽ വിഷയീഭവിച്ചിരുന്നത് ഈശ്വരവിശ്വാസമായിരുന്നു. ദൈവത്തെക്കുറിച്ചുള്ള ദർശനങ്ങളുടെ നിദാനം അനുഭൂതികളാണ്. ഭിന്നശേഷിയെക്കുറിച്ചുള്ള ധാരണകളും രൂപപ്പെട്ടത് ദൈവികപൂർണതയുടെ അടിസ്ഥാനത്തിലാണ്. സംസ്കാരങ്ങൾ ഉദയംചെയ്ത ഈജിപ്ത്,

 ISSN: 2582 - 2594

മെസപ്പൊട്ടേമിയ, ഇന്ത്യ, ചൈന ഉൾപ്പെടെയുള്ള കേന്ദ്രങ്ങളിലും ദൈവത്തെക്കുറിച്ചുള്ള അനുഭൂതികൾ വളർന്നുവന്നിട്ടുണ്ട്. ദൈവാരാധനാമാർഗങ്ങളിൽ കൂടുതൽ ആകർഷകത വരുത്തുവാൻ ഈ പ്രദേശങ്ങളിലെ ചിന്തകന്മാർ വളരെ മുമ്പുതന്നെ ശ്രമിച്ചിട്ടുണ്ട്.

ഗ്രീക്ക് ചിന്തകരായ പ്ലേറ്റോ, അരിസ്റ്റോട്ടൽ, എപ്പിക്യൂറസ് തുടങ്ങിയവർ ദൈവശാസ്ത്രധാരകളെ ഫിലോസഫിയുമായി ബന്ധിപ്പിച്ചു. മൂന്നാം നൂറ്റാണ്ടിൽ എത്തിയപ്പോൾ തത്ത്വചിന്തയുടെ ആദ്യ ചരിത്രകാരനായ ഡയോജെനെസ് ലാർഷ്യസ് തത്ത്വചിന്തയെ മൂന്നായി വിഭജിച്ചു. പ്രകൃതി തത്ത്വചിന്ത (Natural Philosophy), ധാർമിക തത്ത്വചിന്ത (Moral Philosophy) മെറ്റാഫിസിക്കൽ തത്ത്വചിന്ത(Metaphysical philosophy)യുക്തി അഥവാ ലോജിക്കാണ പ്രധാന മേഖലയെങ്കിലും ദൈവം, അസ്തിത്വം, രൂപങ്ങൾ, അമൂർത്തവസ്തുക്കൾ എന്നിവയെ കുറിച്ചുള്ള പഠനം കൂടിയാണിത്[7]. യഹൂദരുടെ ദൈവശാസ്ത്രത്തെയാണ് ക്രൈസ്തവർ പിന്തുടർന്നത്.

ക്രിസ്തുവിന്റെ സ്വർഗാരോഹണത്തിനുശേഷമാണ് ക്രൈസ്തവസഭ രൂപംകൊണ്ടത്. ക്രൈസ്തവ ദൈവശാസ്ത്രം വളർന്നത് തർക്കങ്ങളിലൂടെയും വൈവിധ്യങ്ങളിലൂടെയും ആയിരുന്നു. ഇക്കാലത്തുതന്നെ ദൈവശാസ്ത്രത്തിൽ, കിഴക്ക് ഗ്രീക്ക് ദൈവശാസ്ത്രമെന്നും പടിഞ്ഞാറ് ലാറ്റിൻ ദൈവശാസ്ത്രമെന്നും ഒരു വേർതിരിവുണ്ടായി. ഏ.ഡി. നാലും അഞ്ചും ശതകങ്ങളിൽ അനേകം വിശുദ്ധ പണ്ഡിതന്മാർ ക്രൈസ്തവസഭയിൽ ഉണ്ടായിരുന്നു. അവരുടെ കാഴ്ചപ്പാടുകളും ദർശനങ്ങളുമാണ് ക്രൈസ്തവ സഭയെ നിലനിർത്തിപ്പോരുന്നത്. 'പിതാക്കന്മാർ' (Fathers) എന്നാണ് ഇവർ അറിയപ്പെട്ടിരുന്നത്. മൂന്നാം നൂറ്റാണ്ടിലെയും നാലാം നൂറ്റാണ്ടിലെയും പിതാക്കന്മാർ പടിഞ്ഞാറ് നിന്നും കിഴക്ക് നിന്നും ഉള്ളവരായിരുന്നു. "അലക്സാണ്ട്രിയയിലെ നോർത്ത് ആഫ്രിക്കൻ ഫാദേഴ്സ് ക്ലെമെന്റ് (എ.ഡി. 215), ടെർട്ടുള്ളിയൻ (എ.ഡി. 155-230), ലാക്റ്റാന്റിയസ് (എ.ഡി. 210-320), കപ്പദോഖ്യാന പിതാക്കന്മാർ: ബേസിൽ ദി ഗ്രേറ്റ് (എ.ഡി. 329-379), അദ്ദേഹത്തിന്റെ സുഹൃത്ത് ഗ്രിഗറി നാസിയാൻസസ് (എ.ഡി. 329-389), അദ്ദേഹത്തിന്റെ സഹോദരൻ ഗ്രിഗറി ഓഫ് നിസ്സ (എ.ഡി. 335-394) തുടങ്ങിയവർ ആദ്യകാല ദൈവശാസ്ത്ര പിതാക്കന്മാരായിരുന്നു"[8]. പഴയനിയമ പാരമ്പര്യ വിശ്വാസങ്ങളിൽ നിന്നു മനുഷ്യത്വത്തോടും ആന്തരികതയോടും ഉള്ള ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചുള്ള പുതിയ നിയമത്തിന്റെ സന്ദേശം ഇവർ പകർന്നു. പ്രത്യേകിച്ച് ഏഷ്യാമൈനറിലെ ബിഷപ്പ് ആയിരുന്ന ബേസിൽ ദി ഗ്രേറ്റ് (എ.ഡി. 329-379), താനുൾപ്പെടുന്ന ഒരു സന്യാസ സമൂഹം മുഴുവൻ ക്രിസ്തുവിന്റെ മാതൃക ഗൗരവമായി എടുക്കുന്നു. "ജീവകാരുണ്യ സ്ഥാപനങ്ങൾ, ആശുപത്രി, പരിചരണ കെട്ടിടങ്ങൾ, അഗതികൾ, ഉപേക്ഷിക്കപ്പെട്ട അംഗവിഹീനരെ പരിപാലിക്കുക തുടങ്ങി മനുഷ്യസ്നേഹത്തിന്റെ ഉദാഹരണമായിരുന്നു. പാശ്ചാത്യ നാഗരികതയിലെ ആദ്യത്തെ ആശുപത്രി (ഭിന്നശേഷിക്കാരുടെയും രോഗികളുടെയും മുറിവേറ്റവരുടെയും ചികിത്സയ്ക്കും പരിചരണത്തിനുമായി സമർപ്പിച്ചിരിക്കുന്ന ഔപചാരിക സ്ഥാപനം) ബിഷപ്പ് ബേസിലിന്റെ ചുമതലയിൽ ആയിരുന്നു. തൊഴിൽ, സാമ്പത്തികവും സാമൂഹികവുമായ അവസ്ഥ, ലിംഗഭേദം, പ്രായം, വംശം എന്നിവ പരിഗണിക്കാതെ രോഗികളെ പ്രത്യേകിച്ച് ഭിന്നശേഷിക്കാരെ അവിടെ പ്രവേശിപ്പിച്ചിരുന്നു. പ്രായോഗികതയിലൂടെ ക്രിസ്തുവിന്റെ ശിഷ്യരാകാനുള്ള ആഹ്വാനവും അവശരോടും ആലംബഹീനരോടുമുള്ള സാമൂഹിക ഉത്തരവാദിത്തവും ക്രിസ്തീയജീവിതം പിന്തുടരാൻ മനുഷ്യരെ പ്രേരിപ്പിച്ചു"[9]. ഹിലാരി, അംബ്രോസ്, ജെറോം, അഗസ്റ്റീൻ, ലെയോ ഒന്നാമൻ മാർപാപ്പ തുടങ്ങിയ പിതാക്കന്മാർ പശ്ചിമയൂറോപ്പിലെ പണ്ഡിതരായിരുന്നു. ക്രിസ്ത്യൻ ഗൂഢാർഥങ്ങളെ കേന്ദ്രീകരി

ച്ചുകൊണ്ടുള്ള ദൈവവചനങ്ങൾക്ക് യുക്തിയുക്തമായ വിശദീകരണം അവർ നല്കി. ആധുനിക സയൻസിന്റെ വെളിച്ചത്തിൽ യാഥാർത്ഥ്യത്തെ (reality) വ്യാഖ്യാനിക്കാനുള്ള ഇരുപതാം നൂറ്റാണ്ടിലെ പരിശ്രമങ്ങളാണ് പ്രോസസ് തത്ത്വശാസ്ത്രത്തിനും അതിന്റെ അടിസ്ഥാനത്തിൽ വികസിപ്പിച്ച പ്രോസസ് ദൈവശാസ്ത്രത്തിനും രൂപംനൽകിയത്. 1929-ൽ ആൽഫ്രഡ് നോർത്ത് വൈറ്റ് ഹെഡ് (Alfred North Whitehead) എന്ന തത്ത്വശാസ്ത്രജ്ഞൻ പ്രസിദ്ധപ്പെടുത്തിയ 'പ്രോസസ് ആൻറ് റിയാലിറ്റി' (Process and Reality-പ്രക്രിയയും യാഥാർത്ഥ്യവും) എന്ന ഗ്രന്ഥമാണ് പ്രോസസ് തത്ത്വശാസ്ത്രത്തിന്റെ അടിസ്ഥാന ഗ്രന്ഥം. എന്നാൽ അതിനുമുമ്പുതന്നെ യാഥാർത്ഥ്യത്തെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാനുള്ള ശ്രമങ്ങൾ നടന്നിരുന്നു.[10]

ദൈവവചനങ്ങൾ ക്രോഡീകരിച്ച വേദശാസ്ത്രഗ്രന്ഥമായി സത്യവേദപുസ്തകം എന്ന ബൈബിളിനെ ക്രിസ്ത്യാനികൾ വിശ്വസിച്ചുവരുന്നു. ഹീബ്രുവിലുള്ള പഴയനിയമം മാത്രമാണ് യഹൂദർക്ക് ബൈബിൾ. എന്നാൽ പഴയ നിയമവും പുതിയ നിയമവും ചേർന്നതാണ് ക്രിസ്ത്യാനികളുടെ ബൈബിൾ. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ രേഖയായും ദൈവവചനമായുമൊക്കെയാണ് വിശ്വാസികൾ ബൈബിളിനെ കരുതിപ്പോരുന്നത്. ക്രിസ്തീയബൈബിളിന്റെ പഴയനിയമത്തിൽ ആകെ 39 പുസ്തകങ്ങളുണ്ട്. യേശുവിന്റെ ജനനവും ജീവിതവും മരണവും പുനരുത്ഥാനവും കേന്ദ്രമാക്കിയ 27 പുസ്തകങ്ങൾ ചേരുന്നതാണ് ക്രിസ്തീയ ബൈബിളിലെ പുതിയനിയമം. മിക്കവാറും എല്ലാ ക്രൈസ്തവ വിഭാഗങ്ങളും ഈ 66 പുസ്തകങ്ങളും അംഗീകരിക്കുന്നുണ്ട്. ദൈവശാസ്ത്ര മർമ്മങ്ങൾ അടങ്ങിയ ബൈബിൾ മനുഷ്യന്റെ ഏത് വീക്ഷണകോണുകളെയും സംതൃപ്തിപ്പെടുത്തുന്നുണ്ട്. ബൈബിളിനെ സാഹിത്യ സൃഷ്ടിയായോ ചരിത്രരേഖയായോ സമീപിക്കുന്നവരുമുണ്ട്. 'ക്രൈസ്തവപിതാക്കന്മാർ' ദൈവവിശ്വാസത്തെപ്പറ്റിയോ വെളിപാടിനെപ്പറ്റിയോ വിശദമായ സിദ്ധാന്തം നൽകിയിട്ടില്ല. തിരുവെഴുത്തിന്റെ രൂപവൽക്കരണപ്രക്രിയയെപ്പറ്റിയുള്ള അറിവല്ലായിരുന്നു അതിന്റെ അധികാരത്തെപ്പറ്റിയുള്ള ധാരണയെ വ്യവസ്ഥീകരിച്ചത്; പിന്നെയോ പരിശുദ്ധാത്മാവിൽ കൂടി ലിഖിത വചനം നൽകിയ ദൈവത്തിന്റെ അധികാരത്തെപ്പറ്റിയുള്ള ധാരണയായിരുന്നു. രണ്ടാം നൂറ്റാണ്ടിലെ മാഴ്സിയൻ വേദവിപരീതത്തിനെതിരെ പിതാക്കന്മാർ പഴയനിയമത്തിന്റെ പ്രാധാന്യവും അധികാരവും ഉറപ്പിച്ചു പ്രഖ്യാപിച്ചു. അവരെ സംബന്ധിച്ചിടത്തോളം പഴയനിയമം അതിന്റെ കേന്ദ്രമായ ക്രിസ്തുവിലേക്കു വിരൽചൂണ്ടി. ക്രിസ്തു അവർക്കു പഴയനിയമം ഗ്രഹിക്കുവാനുള്ള താക്കോൽ ആയിത്തീർന്നു. അഗസ്തീനോസ് പറയുന്നു: "പഴയ നിയമത്തിൽ പുതിയതു മറഞ്ഞുകിടക്കുന്നു; പുതിയനിയമത്തിൽ പഴയതു വ്യക്തമായിത്തീരുന്നു[11]." (വേദപുസ്തകഭാഷ്യം 2014:3)

ഒട്ടനവധി രൂപമാറ്റങ്ങൾക്കു വിധേയമായ പദമായ ഭിന്നശേഷിയെ ക്രൈസ്തവദൈവശാസ്ത്രം വ്യത്യസ്ത രീതിയിൽ സമീപിച്ചിട്ടുണ്ട്. അപൂർണരായി മാത്രം പരാമർശിക്കപ്പെടുകയോ പരിമിതികളുടെ പേര് ചേർത്ത് വായിക്കപ്പെടുകയോ ചെയ്യുന്ന ഒരു വാക്കായിട്ടാണ് ഭിന്നശേഷി ഇതിൽ പ്രത്യക്ഷപ്പെടുന്നത്. മലയാളത്തിൽ ഇനിയും വികാസം പ്രാപിക്കേണ്ട ഒരു പ്രധാന മേഖലയാണ്. മനുഷ്യരെ പൂർണതയുടെ അടിസ്ഥാനത്തിൽ വർഗീകരിക്കുന്ന അശാസ്ത്രീയത വർത്തമാനകാലത്തിലും തുടരുന്നു. സമൂഹത്തിന്റെ നോട്ടം ഭിന്നശേഷിക്കുമേൽ പതിക്കുന്ന ഈ സിനിമാവിവാദം തന്നെ ഒരു തുടക്കമാണ്. ഇത്തരം അവസ്ഥയെക്കുറിച്ചുള്ള മലയാളിയുടെ ബോധപരിണാമത്തിന്റെ പ്രാരംഭദശയെയാണ് ഇത് കുറിക്കുന്നത്.

 ISSN: 2582 - 2594

**മാറ്റങ്ങളിലൂടെ, പുതിയ മാനങ്ങളിലൂടെ**

2016ൽ ഐക്യരാഷ്ട്രസഭയുടെ നിർദ്ദേശമനുസരിച്ച് ഭിന്നശേഷിക്കാരുടെ അവകാശങ്ങൾക്കയുള്ള നിയമനിർമ്മാണ രേഖയിൽ "ദീർഘകാലമായി ശാരീരികമോ, മാനസികമോ, ബോധ-ബുദ്ധിപരമോ ആയ വൈകല്യങ്ങൾ ഉള്ളവരും തദ്വാരാ മറ്റുള്ളവരുമായുള്ള ആശയവിനിമയത്തിന് തടസ്സം നേരിടുന്നവരും അതുമൂലം സമൂഹവുമായുള്ള പൂരണവും ഫലപ്രദവുമായ സംവേദനം സാധ്യമല്ലാത്തവരുമാണ് ഭിന്നശേഷിക്കാർ" (ഭിന്നശേഷിക്കാരുടെ അവകാശ നിയമം, 2016)[12]. "2005-ൽ യു.കെ.യിലും നോർത്ത് അയർലാൻഡിലും രൂപം കൊണ്ട ഡിസബിലിറ്റി ഡിസ്ക്രിമിനേഷൻ ആക്ടനുസരിച്ച് (Disability Discrimination Act) ഭിന്നശേഷിക്കാർക്ക് തുല്യത കല്പിക്കണമെന്ന വ്യവസ്ഥപ്പെടുത്തുമ്പോൾ യഥാർത്ഥത്തിൽ വൈയക്തിക ഇടപെടലും ചുറ്റുവട്ട ഇടപെടലും ഭിന്നശേഷിയിൽ സൃഷ്ടിക്കാവുന്ന അപര്യാപ്തതയെ ലഘൂകരിക്കുകയാണ്. ഇവിടെ അവബോധവും (Knowledge) സമീപനവും (Attitude) ചുറ്റുപാടിന്റെ ഇടപെടലിൽ നിർണ്ണായകമാണ്. അജ്ഞതയും സമീപനത്തിലെ വൈരുദ്ധ്യങ്ങളും ഭിന്നശേഷിത്വത്തെ അബലത്വമെന്ന മുദ്രകുത്തി"[13].

എന്നാൽ വർത്തമാനകാല ബോധം ഈ കാഴ്ചപ്പാടുകളെ വിമർശിക്കുകയും മാനവികദർശനങ്ങൾ രൂപപ്പെടുത്തുകയും ചെയ്തു. ഭിന്നശേഷി എന്ന മലയാള പദത്തിന് Disability എന്ന ഇംഗ്ലീഷ് വാക്കാണ് പൊതുവേ ഉപയോഗിക്കുന്നത്. വ്യക്തികൾക്ക് ശാരീരികമായി ഉള്ള പോരായ്മയാണ് ഇത് സൂചിപ്പിക്കുന്നത്. Persons with disability (PWD) എന്നത് ഗവൺമെന്റ് തലങ്ങളിൽ വരെ സമ്മതമാണ്. differently abled എന്ന പ്രയോഗത്തിലേക്കുള്ള മാറ്റം സമീപകാലത്തിൽ ശ്രദ്ധേയമാണ്. മലയാളത്തിൽ വികലാംഗർ എന്ന പദത്തിന് ജന്മനാൽ തന്നെ അംഗഹീനതയുള്ള എന്നാണ് ശബ്ദതാരാവലി നല്കുന്ന അർഥം.[14] അംഗപരിമിതർ എന്ന തലത്തിൽ നിന്ന് ഭിന്നശേഷിക്കാർ എന്ന പേരിലേക്ക് മാറി. അർത്ഥവ്യത്യാസങ്ങളും അർത്ഥപരിണാമവും സംഭവിച്ച് ദിവ്യാംഗ് എന്ന പരിഗണനയിലൂടെ ഭിന്നശേഷി സമകാലത്തിൽ വിനിമയം ചെയ്യപ്പെടുന്നു.

**കടുവയിലെ ഭിന്നശേഷിബോധത്തിന്റെ അകക്കാഴ്ച**

കടുവ എന്ന ആക്ഷൻ മലയാള സിനിമ 1990കളുടെ പശ്ചാത്തലത്തിൽ പാലായിലെ കടുവാക്കുന്നിൽ കുര്യച്ചന്റെ കഥ പറയുന്നു. സത്യക്രിസ്ത്യാനിയും പള്ളിക്കു വഴക്കപ്പെട്ടു ജീവിക്കുന്നവരുമാണ് കടുവാക്കുന്നേലുകാർ. അതുപോലെ തന്നെ പള്ളിയും പട്ടവുമായി നടക്കുന്ന ഐ.പി.എസ്. ഉദ്യോഗസ്ഥനായ ജോസഫ് ചാണ്ടി വില്ലനായി വരുന്നതോടെ കടുവയിലെ ബന്ധങ്ങൾ സങ്കീർണമാകുന്നു. ഈ രണ്ടു പേർക്കിടയിലുള്ള അഹംബോധവും അധികാരവും അതിലെ രാഷ്ട്രീയവുമാണ് ഇതിലെ മുഖ്യപ്രമേയം. മലയാള സിനിമയിലെ പൃഥ്വിരാജും ഹിന്ദി സിനിമയിലെ വിവേക് ഒബ്രോയുമാണ് കുര്യച്ചനായും ജോസഫ് ചാണ്ടിയുമായി വേഷപ്പകർച്ച നടത്തുന്നത്.

"നമ്മൾ ചെയ്തുകൂട്ടുന്ന പാപങ്ങൾ നമ്മുടെ തലമുറകൾ ആയിരിക്കും അനുഭവിക്കുക" എന്ന നായക സംഭാഷണം, വില്ലൻ ജോസഫ് ചാണ്ടിയുടെ ഡൗൺ സിൻഡ്രോം ബാധിച്ച മകനെ കണ്ടുകൊണ്ട് ചെയ്തു കൂട്ടിയ കൊള്ളരുതായ്മകൾക്കെതിരെ പറയുന്ന ഡയലോഗാണിത്. "പാപത്തിന്റെ ഫലമാണ് ഭിന്നശേഷി" എന്ന ക്രൈസ്തവദൈവശാസ്ത്ര സന്ദേശം പൊതു സമൂഹ

ത്തിന്റെ ധാരണകളിലൂടെ സിനിമയിൽ അവതരിപ്പിച്ചിരിക്കുന്നു. നായകൻ ഇത് പറഞ്ഞിട്ട് പറയേണ്ടിയിരുന്നില്ല എന്നഭിനയിക്കുന്നുണ്ട്. ലോകതാല്പര്യമൂല്യങ്ങളെ പരിഗണിച്ചു മാത്രമാണ് ഇത് ചിത്രീകരിച്ചത്. "ഇന്ത്യയിൽ എണ്ണൂറിൽ ഒരാൾക്ക് ഡൗൺ സിൻഡ്രോം എന്ന അസുഖം ഉണ്ട്. പ്രതിവർഷം മുപ്പത്തിഅയ്യായിരത്തിലധികം കുട്ടികൾ ഈ ഭിന്നശേഷിയോടു കൂടി ജനിക്കുന്നുണ്ട്"[15]. ഭിന്നശേഷിയുടെ മെഡിക്കൽ മാതൃക വൈകല്യമായോ രോഗമായോ മാത്രം കാണാൻ പഠിപ്പിക്കുന്നതാണ്. ഇതൊരു കുറവായി പരിഗണിക്കാൻ സമൂഹത്തെ പരിശീലിപ്പിച്ചതിൽ വൈദ്യശാസ്ത്രത്തിനുള്ള പങ്ക് സംശയാതീതമാണ്. ഭിന്നശേഷി ജീവിതാവസ്ഥയുടെ ഒരു ഭാഗം മാത്രമാണ് എന്ന സത്യം നാം ഇനിയും രൂപപ്പെടുത്തിയെടുക്കേണ്ടിയിരിക്കുന്നു. വിമോചനദൈവശാസ്ത്രം ഒരുപരിധിവരെ ഭിന്നശേഷിക്കാരെ ചേർത്തുനിർത്തി. "ലോകത്തിൽ എവിടെയെല്ലാം മനുഷ്യൻ മർദനത്തിനും ചൂഷണത്തിനും ഇരയാകുന്നുവോ അവിടെയെല്ലാം വിമോചനദൈവശാസ്ത്രം (Liberation theology) രൂപം കൊണ്ടിട്ടുണ്ട്".[16]

ക്രൈസ്തവദൈവശാസ്ത്ര പശ്ചാത്തലത്തിൽ ബൈബിൾ വാക്യങ്ങളിലൂടെയും മതപ്രതിനിധാനങ്ങളിലൂടെയുമാണ് കടുവ എന്ന സിനിമ സഞ്ചരിക്കുന്നത്. നായക- വില്ലന്മാർക്കിടയിലുള്ള അഹംബോധവും അധികാരവും കാണിക്കാൻ സിനിമയുടെ വിവിധ രംഗങ്ങളിൽ പഴയനിയമ അധ്യായങ്ങളും വാക്യങ്ങളും അലങ്കാരമാക്കുന്നുണ്ട്. നായക ഭാഷയിലൂടെ അനുവാചകരെ പുളകം കൊള്ളിക്കുക മാത്രമല്ല, പഴയനിയമ കാഴ്ചപ്പാടുകളിലൂടെ പഴയ കാലത്തെ പുനഃസൃഷ്ടിക്കുക കൂടി ചെയ്യുകയാണിതിൽ. (ലേവ്യാപുസ്തകം 24: 20) "കണ്ണിനു പകരം കണ്ണ് പല്ലിനു പകരം പല്ല്" എന്ന് പറഞ്ഞ് നായകൻ പ്രതികാരദാഹിയാകുകയും വില്ലനോട് ഒബദ്യാവിന്റെ പുസ്തകം വായിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. ഒരൊറ്റ അധ്യായം മാത്രമുള്ള ബൈബിളിലെ പുസ്തകമാണിത്. (ഒബദ്യാവ് 1: 15) ൽ "നീ ചെയ്തിരിക്കുന്നത് പോലെ നിന്നോട് ചെയ്യും. നിന്റെ പ്രവൃത്തി നിന്റെ തലമേൽ മടങ്ങിവരും" എന്നും പറയുന്നു. ക്രൈസ്തവദൈവശാസ്ത്ര പഴയനിയമ എഴുത്തുകളെ വിപണിയുടെ വിശേഷപ്പെട്ട തന്ത്രമാക്കി രൂപപ്പെടുത്തുകയാണ് തിരക്കഥാകാരൻ ചെയ്തിരിക്കുന്നത്. പ്രതികാരപ്രവണതയിലൂടെ ഈ ഡയലോഗുകളുടെ പശ്ചാത്തലം സിനിമയുടെ ആദ്യ മദ്ധ്യാന്തങ്ങളെ സ്വാധീനിച്ചിട്ടുണ്ടെന്ന് മാത്രമല്ല "പാപത്തിന്റെ ഫലമാണ് ഭിന്നശേഷി" എന്ന മുൻധാരണയെ പുനർനിർമ്മിക്കാനും തിരക്കഥാകാരനായി.

### ശരീരകാഴ്ചകളിലെ വ്യത്യസ്തതയും ബൈബിളും

ദൈവശാസ്ത്ര മർമ്മങ്ങൾ അടങ്ങിയ ബൈബിൾ മനുഷ്യന്റെ എല്ലാ വീക്ഷണകോണുകളെയും സംതൃപ്തിപ്പെടുത്തുന്നുണ്ട്. ബൈബിളിനെ സാഹിത്യ സൃഷ്ടിയായോ ചരിത്രരേഖയായോ സംസ്കാരചരിത്രമായോ സമീപിക്കുന്നവരുമുണ്ട്. ശരീരത്തിന്റെ കാഴ്ചകളുമായിട്ടാണ് ബൈബിളിലെ ആദ്യപുസ്തകമായ ഉല്പത്തി ആരംഭിക്കുന്നത്. സംസ്കാരവും സമൂഹവും രൂപപ്പെടുത്തിയെടുത്തതാണ് ശരീരത്തിന്റെ മികവും കുറവും. "അനേകം മാധ്യമങ്ങളിലൂടെ നിർമ്മിക്കപ്പെടുന്ന ഒരു സാംസ്കാരിക പ്രതിനിധാനമാണ് ശരീരം. ശരീരത്തിന്റെ ആകൃതിയിലും വർഗീകരണത്തിലും അവനവനെക്കുറിച്ചുള്ള തോന്നലുകളിലുമെല്ലാം സാംസ്കാരികമായ അർഥങ്ങളുണ്ട്. ശരീരത്തിനുണ്ടായിരിക്കേണ്ട ആദർശാത്മക സവിശേഷതകളെ സമൂഹം അനുശീലനത്തിലൂടെ ദൃഢീകരിക്കുകയും ഉയർത്തിക്കാണിക്കുകയും ചെയ്യുന്നു."[17] ഈ ശരീര ദർശനമാണ് പഴയ പുതിയനിയമ സംസ്കാരത്തിലൂടെ അനാവരണം ചെയ്യുന്നത്.

 ISSN: 2582 - 2594

ഭിന്നശേഷിക്ക് കാരണം ദൈവമാണ് എന്നാണ് പഴയനിയമത്തിലെ എഴുത്തുകാരുടെ പൊതുവായ കാഴ്ചപ്പാട്. ക്രിസ്തുമതവുമായി ബന്ധപ്പെട്ട് വൈകല്യത്തെക്കുറിച്ചുള്ള ജീവശാസ്ത്ര പരമായ വ്യാഖ്യാനങ്ങൾ ഭിന്നശേഷി സമൂഹങ്ങളെ അടിച്ചമർത്തുന്ന രീതിയിൽ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. പ്രത്യേകിച്ച് പഴയനിയമ പുസ്തകങ്ങളിലെ പാഠങ്ങൾ. ഇവയെല്ലാം സമൂഹത്തിന്റെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, മത ജീവിതത്തിൽ നിന്നും ഭിന്നശേഷിവർഗ്ഗത്തിന്റെ പാർശ്വവൽക്കരണത്തെയും ഒഴിവാക്കലിനെയും ശക്തിപ്പെടുത്തുന്നു. ഭിന്നശേഷി/വൈകല്യം പാപത്തിനുള്ള ശിക്ഷയാണെന്നും ആളുകളുടെ അനുസരണക്കേടിനുള്ള ദൈവക്രോധത്തിന്റെ പ്രകടനമാണെന്നും ഇത് ഒരു ശാപമായും അവിശ്വാസത്തിന്റെയും അജ്ഞതയുടെയും ഫലമായിട്ടാണ് കാണപ്പെടുന്നതെന്നും പഠിപ്പിക്കാൻ അവർ ശ്രമിച്ചു. മനുഷ്യരിൽ ദൈവിക പ്രതിച്ഛായയെ അടയാളപ്പെടുത്തുവാൻ തടസ്സമായ വൈകല്യമുള്ളവരെ നേതൃസ്ഥാനങ്ങളിൽ നിന്ന് വിലക്കുകയോ വിശ്വാസത്തിന്റെ അഭാവം മൂലം അവരെ പൊതുസമൂഹത്തിൽ നിന്ന് ഒഴിവാക്കുകയോ ചെയ്തു. ശാരീരിക പൂർണതയുടെ പഠിപ്പിക്കലാണ് ലേവ്യപുസ്തകത്തിൽ കാണുന്നത്. ഇത് ദൈവശുശ്രൂഷയുടെ ആവശ്യകതകൾ വ്യക്തമാക്കുന്നുണ്ട്. പുരോഹിതനായ അഹരോൻ തന്റെ പിൻഗാമികൾക്കു ശാരീരിക അപൂർണ്ണത പൗരോഹിത്യശുശ്രൂഷയ്ക്ക് തടസ്സമായി പറയുന്നു. കൂടാതെ, യഹോവ മോശയോടു പറഞ്ഞു: (ലേവ്യപുസ്തകം 21:18-23) അംഗഹീനനായ യാതൊരുത്തനും അടുത്തുവരരുതു; കുരുടൻ, മുടന്തൻ, പതിമൂക്കൻ, അധികാംഗൻ, കാലൊടിഞ്ഞവൻ, കയ്യൊടിഞ്ഞവൻ, കൂനൻ, മുണ്ടൻ, പൂക്കണ്ണൻ, ചൊറിയൻ, പൊരിച്ചുണങ്ങൻ, ഷണ്ഡൻ എന്നിങ്ങനെയുള്ളവരും അരുതു. എങ്കിലും തിരശ്ശീലയുടെ അടുക്കൽ ചെല്ലുകയും യാഗപീഠത്തിങ്കൽ അടുത്തുവരികയും അരുതു; അവൻ അംഗഹീനനല്ലോ; അവൻ എന്റെ വിശുദ്ധസാധനങ്ങളെ അശുദ്ധമാക്കരുതു; ഞാൻ അവരെ ശുദ്ധീകരിക്കുന്ന യഹോവ ആകുന്നു. ഭിന്നശേഷിക്കാരെ സമൂഹത്തിലും അയോഗ്യരായിട്ടാണ് കാണുന്നത്. 2 ശമുവേൽ 19: 24-28 ൽ, ദാവീദ് രാജാവിന്റെ ദാസനായ സിബ, ശാരീരിക വൈകല്യമുള്ള മെഫിബോഷെത്തിനെ ദാവീദിനോടൊപ്പം ഒരു യാത്രയിൽ നിന്ന് വിലക്കുന്നു. ദാനിയേൽ 1:34 ൽ ഭിന്നശേഷിക്കാരെ വിലകെട്ടവരായി കണക്കാക്കുന്നു. രാജകുടുംബത്തിലെ ചില ഇസ്രായേല്യരെയും പ്രഭുക്കന്മാരെയും രാജസേവനത്തിൽ പരിശീലിപ്പിക്കാൻ രാജാവ് തന്റെ കോടതി ഉദ്യോഗസ്ഥരുടെ തലവനായ അഫെനാസിയോട് ആവശ്യപ്പെട്ടു. പുരുഷന്മാർ സുന്ദരനും ശാരീരിക വൈകല്യവുമില്ലാതെ ആയിരിക്കണമെന്ന് പ്രത്യേകിച്ച് പറയുന്നു. ഈ പഴയനിയമകാല കാഴ്ചപ്പാട് ഭിന്നശേഷിയെക്കുറിച്ചുള്ള മുൻവിധിയെ കൂടുതൽ ഉറപ്പിക്കുന്നു.

ഇസ്രായേലിന്റെ അനുസരണക്കേടിന്റെ ശിക്ഷകളിലൊന്ന് അന്ധതയായിരുന്നു. (ആവർത്തനം 28:27-28), (ന്യായാധിപന്മാർ 16:21). മാതാപിതാക്കളോട് അനാദരവ് കാണിക്കുന്ന കണ്ണുകൾ ഇരപക്ഷികളാൽ പറിച്ചെടുക്കുമെന്ന് മുന്നറിയിപ്പ് നൽകുന്നു. അപ്പനെ പരിഹസിക്കയും അമ്മയെ അനുസരിക്കാതിരിക്കയും ചെയ്യുന്ന കണ്ണിനെ തോട്ടരികത്തെ കാക്ക കൊത്തിപ്പറിക്കയും കഴുകിൻകുഞ്ഞുങ്ങൾ തിന്നുകയും ചെയ്യും. (സദൃശ്യവാക്യങ്ങൾ 30:17) യെശയ്യാവു 42:18-20ൽ ഇസ്രായേലിനെ അന്ധരോടും ബധിരരോടും താരതമ്യപ്പെടുത്തുന്നു. ഭിന്നശേഷിയെ രൂപകമായിട്ടാണ് ബൈബിളിൽ ഉപയോഗിക്കുന്നത്. വൈകല്യത്തെ ദൈവത്തോടുള്ള അനുസരണക്കേടുമായി ബന്ധിപ്പിക്കുന്ന കാഴ്ചപ്പാടിനെ കൂടുതൽ ശക്തിപ്പെടുത്തുന്നു. കാഴ്ചവൈകല്യത്തെ മനുഷ്യർക്ക് വരുത്തിവയ്ക്കാവുന്ന ഏറ്റവും താഴ്ന്ന അപചയമായി കണക്കാക്കി.

ദൈവകല്പന അനുസരിക്കാതിരിക്കുന്നതിനുള്ള ശാപമാണ് അന്ധത എന്ന് ജോഷ്വ, ന്യായാധിപന്മാർ, ശമുവേൽ, രാജാക്കന്മാർ, യിരെമ്യാവ് എന്നിവരുടെ പുസ്തകങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. ദൈവമാണ് ശാപം നല്കുന്നതെന്നും വൈകല്യത്തിന് കാരണമിതാണെന്നും സ്ഥിരീകരിക്കുന്നു. യൊരോബെയാം രാജാവിനെ ബാധിച്ച പെട്ടെന്നുള്ള പക്ഷാഘാതം (1 രാജാക്കന്മാർ 13:4) ഇത് സാക്ഷ്യപ്പെടുത്തുന്നു. വൈകല്യത്തെ പാപ - ശാപമായി ചിത്രീകരിക്കുന്ന കൂടുതൽ ഉദാഹരണങ്ങൾ സെഫന്യാവു 1:17; സെഖര്യാവു 11:17; ഉൽപത്തി 19:11; രാജാക്കന്മാർ 6:18-20; സെഖര്യാവ് 12:4; സങ്കീ. 69:23) എന്നീ ഭാഗങ്ങളിൽ കാണാം.

ഈ പശ്ചാത്തലത്തിലാണ് കട്ടുവ സിനിമ പുനർകാഴ്ചയും ചിന്തകളും വിധേയമാക്കേണ്ടത്. ക്രൈസ്തവദൈവശാസ്ത്ര ആശയങ്ങൾ സാമൂഹ്യ സംസ്കാരത്തെ സ്വാധീനിച്ചതിന്റെ തെളിവാണിത്. "പാപ ശാപങ്ങളുടെ ഫലമാണ് ഭിന്നശേഷി" എന്ന പഴയനിയമ ധാരണകൾക്കാണ് കഥാകാരൻ അടിവരയിട്ടിരിക്കുന്നത്. ഭിന്നശേഷിയെക്കുറിച്ചുള്ള പഴയനിയമ വീക്ഷണങ്ങൾ വിവേചനപരമായ പാരമ്പര്യസമീപനത്തിലേക്ക് നയിച്ചിട്ടുണ്ടെങ്കിലും, മനുഷ്യന്റെ എല്ലാ കഴിവുകളും വൈകല്യവും ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമാണെന്നും ദൈവം തന്റെ അനുസരണയുള്ള ദാസന്മാരെ സഹായിക്കുമെന്നും വിശ്വസിക്കാൻ പ്രേരിപ്പിക്കുന്ന ആശയങ്ങളാൽ സമ്പന്നമാണ് ബൈബിൾ. വൈകല്യത്തെക്കുറിച്ചുള്ള ദൈവഹിതം വിശ്വാസം, സമൂഹം, സംസ്കാരം ഇവയോട് ചേർന്ന് പോകുന്നുണ്ട്. വൈകല്യത്തെ പുണ്യ കഷ്ടപ്പാടായി കാണുന്ന രീതികൾ പാരമ്പര്യവിശ്വാസങ്ങളാൽ രൂപപ്പെട്ടതാണ്. അത് സഹിക്കുന്നവർപോലും, ദൈവം അവരെ തിരഞ്ഞെടുത്തതുപോലെ വിശ്വസിക്കുന്നു. അവരുടെ വിധി പൂർണമായും അംഗീകരിക്കുകയും ചെയ്യുന്നു. ഒരു പാപം ചെയ്തതിലൂടെ നേരിട്ട് ദൈവം ഒരു വൈകല്യത്താൽ ശിക്ഷിച്ചിട്ടുണ്ടെന്ന് അംഗീകരിക്കുക എന്നതിനർത്ഥം ഒരു പാപിയാകാനുള്ള സ്വീകാര്യതയാണെന്ന് പഴയനിയമ ദൈവശാസ്ത്രം പഠിപ്പിക്കുന്നു. നീതിമാന്മാരെ ശുദ്ധീകരിക്കാൻ സഹിക്കേണ്ടിവരുന്ന കഷ്ടപ്പാടുകളാണ് ഭിന്നശേഷിക്ക് അടിസ്ഥാനമെന്നാണ് അക്കാലത്തെ സമൂഹം മനസ്സിലാക്കി വച്ചിരിക്കുന്നത്. ദൈവത്തോടുള്ള അനുസരണത്തിനായി ഇത്തരം ഭിന്നശേഷി വിനിമയങ്ങൾ നിഷ്ക്രിയമായി അംഗീകരിക്കാൻ പ്രോത്സാഹിപ്പിക്കുന്ന ഒരു ഉപദേശമാണിത്.

പുതിയനിയമ സുവിശേഷ പുസ്തകങ്ങളിൽ യേശു ഭിന്നശേഷിക്കാരെ പൂർണ്ണമായും ഉൾക്കൊള്ളുകയും ഒരു വിപ്ലവകാരിയെ പോലെ അദ്ദേഹം ലോക താല്പര്യ മൂല്യങ്ങളെ തലകീഴായി മാറ്റുകയും സമൂഹം ശപിക്കപ്പെട്ടവരായി കരുതിയവരെ സ്നേഹത്തിലൂടെ ചേർത്തുനിർത്തുകയും അനുഗ്രഹിക്കുകയും ചെയ്യുന്നുണ്ട്. പുതിയ നിയമത്തിന്റെ കാലത്ത് പുതിയ ദൈവശാസ്ത്ര മാർഗ്ഗങ്ങൾ പുതിയ വ്യാഖ്യാനങ്ങൾ തേടുകയുണ്ടായി. പഴയ വിശ്വാസങ്ങളുമായി സഹകരിച്ച് പോകുന്ന പുതിയനിയമ വ്യാഖ്യാനം ശ്രദ്ധേയമാണ്. പാപവും ഭിന്നശേഷിയും തമ്മിലുള്ള ബന്ധത്തെ പുതിയ നിയമം പിന്തുണയ്ക്കുന്നു. പഴയ വിശ്വാസങ്ങൾ ഇപ്പോഴും സമൂഹത്തിൽ സാധാരണമാണെങ്കിലും, വൈകല്യത്തിനുള്ള മറ്റ് കാരണങ്ങൾ യേശു സ്വീകരിക്കുന്നു. പൊതുവായ ഒരു വിശദീകരണം, പിശാച് അല്ലെങ്കിൽ ദുരാത്മാവ് വൈകല്യത്തിന് കാരണമാകുന്നു എന്നതാണ്. ഉദാഹരണത്തിന്, വൈകല്യത്തിന്റെ ഉറവിടവുമായി ബന്ധപ്പെട്ട കാരണങ്ങൾ വ്യക്തമായി ബന്ധപ്പെട്ടിരിക്കുന്ന ചില ഭാഗങ്ങൾ ഇവയാണ്, (മർക്കോസ് 9:17), (മത്തായി 9: 32-33), (മത്തായി 12:22), (ലൂക്കോസ് 11:14). ഭിന്നശേഷിക്ക് പുതിയ വിശദീകരണങ്ങൾ വന്നത് പഴയ മാതൃകയെ തെറ്റായി മനസിലാക്കിയതിനു ശേഷമാണ്. തിന്മയെക്കാൾ നല്ല കുറ്റപ്പെടുത്തൽ,

 ISSN: 2582 - 2594

അശുദ്ധാത്മാക്കൾ, ഭൂതങ്ങൾ എന്നിവയാണെന്ന് പുതിയനിയമ ദൈവശാസ്ത്രം മനസ്സിലാക്കി. ലൂക്കോസ് 7:21-22 ആ നാഴികയിൽ അവൻ വ്യാധികളും ദണ്ഡങ്ങളും ദുരാത്മാക്കളും പിടിച്ച പലരെയും സൗഖ്യമാക്കുകയും പല കുരുടന്മാർക്കു കാഴ്ച നല്കുകയും ചെയ്തിട്ടു അവരോടു: "കുരുടർ കാണുന്നു; മുടന്തർ നടക്കുന്നു; കുഷ്ഠരോഗികൾ ശുദ്ധരായിത്തീരുന്നു; ചെകിടർ കേൾക്കുന്നു; മരിച്ചവർ ഉയിർത്തെഴുന്നേല്ക്കുന്നു; ദരിദ്രന്മാരോടു സുവിശേഷം അറിയിക്കുന്നു." ഒന്നാമതായി, രോഗങ്ങളും ബാധകളും മൂലമുണ്ടാകുന്ന വൈകല്യങ്ങളെ ഇത് ബന്ധപ്പെടുത്തുന്നു. അവ വൈകല്യങ്ങളെ തിന്മയോ നിഗൂഢതകളായോ നേരിട്ട് ബന്ധപ്പെടുത്തുന്നില്ല. രണ്ടാമത്തെ കാരണം, വൈകല്യത്തെ ഒരു പുതിയ വീക്ഷണകോണിൽ സമീപിക്കുന്നു എന്നതാണ്. പഴയ മാതൃകകൾ ഒരു പ്രശ്നത്തിന് ഉത്തരം നൽകുന്നതിൽ പരാജയപ്പെടുന്നതിനാൽ സംസ്കാരം പുതിയ ആചാരങ്ങളിലേക്ക് നിരന്തരം പരിണമിക്കുന്നു. അധികാരം സാമൂഹ്യജീവിതത്തിന്റെ എല്ലാ തലങ്ങളിലൂടെയും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. സാമ്പത്തികവും സാമൂഹ്യവും സാംസ്കാരികവുമായ രൂപീകരണത്തിൽ മാത്രമല്ല ഇവ സംബന്ധിച്ചുള്ള ധാരണകൾ സ്വരൂപിച്ചെടുക്കുന്ന ജ്ഞാനമണ്ഡലത്തിലും അധികാരത്തിന്റെ പ്രവർത്തനമുണ്ട്. ഇതുകൂടി പരിഗണിച്ചുവേണം സാമൂഹ്യപരിണാമത്തിന്റെ പശ്ചാത്തലത്തിലുണ്ടായ സംസ്കാര പഠനത്തെയും സംസ്കാരത്തിന്റെ വിഭജനത്തെയും പരിശോധിക്കാൻ. "സംസ്കാരത്തിന്റെ വ്യാപനത്തെയും പരിണാമത്തെയും പറ്റി മൂന്നുതരം വാദങ്ങളാണ് സാംസ്കാരിക നരവംശശാസ്ത്രം മുന്നോട്ടുവെക്കുന്നത്. വ്യാപനസിദ്ധാന്തം (Diffusion theory), വിപരിണാമ വാദം (Devolution theory), സാംസ്കാരിക പരിണാമവാദം (Cultural Evolution Theory)എന്നിവയാണവ"[18]. മാതൃകകൾ, വിശ്വാസങ്ങൾ ഇങ്ങനെയാണ് രൂപാന്തരപ്പെടുന്നത്.

പാപവും ഭിന്നശേഷിയും തമ്മിലുള്ള ആശയക്കുഴപ്പം വൈകല്യത്തിന്റെ മതപരമായ തലത്തെ സ്ഥിരീകരിക്കുന്നു. ക്രിസ്തുവിന്റെ അഗാധമായ ഭിന്നശേഷി വിനിമയങ്ങൾക്ക് ഈ പുതിയനിയമഭാഗങ്ങൾ തെളിവാണ്. യോഹന്നാൻ 9: 27, 2 കൊരിന്ത്യർ 12: 9, യോഹന്നാൻ 9:13, റോമർ 5:35, ലൂക്കോസ് 14:12-14,മർക്കോസ് 1: 40-45, ലൂക്കോസ് 14: 12-13, ഗലാത്യർ 6:2, റോമർ 8:28, മത്തായി 8:5-13, ലൂക്കോസ് 14: 13-14, മത്തായി 15:31, ഫിലിപ്പിയർ 2:34, മാർക്ക് 2:1-12, മത്തായി 25:40, മത്തായി 18:45,1 കൊരിന്ത്യർ 12:18-26, മത്തായി 26:47-54, ഫിലിപ്പിയർ 2:38, റോമർ 12:38, മത്തായി 10:40-42, എഫെസ്യർ 4:15-16, റോമർ 13:7. നാൻസി എൽ. ഐസ്ലാന്റിന്റെ "ദി ഡിസേബിൾഡ് ഗോഡ്" എന്ന പുസ്തകത്തിൽ സഭയിലും സമൂഹത്തിലും ഭിന്നശേഷിക്കാരുടെ മറഞ്ഞിരിക്കുന്ന ചരിത്രം എടുത്തുകാണിക്കുന്നു. വികലാംഗനായ ദൈവത്തിന്റെ വിമോചന സാന്നിധ്യം പ്രഖ്യാപിച്ചുകൊണ്ട്, ക്രിസ്റ്റോളജിയും സാമൂഹിക മാറ്റവും തമ്മിലുള്ള ബന്ധത്തിന്റെ സുപ്രധാന പ്രാധാന്യം രചയിതാവ് ചൂണ്ടിക്കാണിക്കുന്നു. മനുഷ്യാവകാശ പ്രത്യയശാസ്ത്രങ്ങളുമായി സഹകരിക്കുന്ന ഒരു ഭിന്നശേഷി വിമോചന ദൈവശാസ്ത്രത്തെക്കുറിച്ച് ദൈവശാസ്ത്ര വൃത്തങ്ങളിൽ ചർച്ചകൾ നടക്കുന്നുണ്ട്. ഒരാളുടെ വംശം, മതം, ബലഹീനത എന്നിവ കണക്കിലെടുക്കാതെ ഓരോ വ്യക്തിയുടെയും അന്തർലീനമായ അന്തസ്സ് തിരിച്ചറിയാൻ പ്രോത്സാഹിപ്പിക്കുന്ന ഈ ദൈവശാസ്ത്രം ഭിന്നശേഷിക്കെതിരായ വിവേചനത്തെ വിമർശിക്കുകയും സാമൂഹിക ഉൾക്കൊള്ളലിന്റെ നവ രൂപങ്ങൾക്ക് പ്രാധാന്യം നൽകുകയും ചെയ്യുന്നു. വികലാംഗനായ ദൈവം ക്രിസ്തുമതത്തിന്റെ "മറഞ്ഞിരിക്കുന്ന ചരിത്രത്തിന്റെ" ഭാഗമാണ്, കാരണം ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കൈകളും കാലുകളും വശങ്ങളും

അഗാധമായ ശാരീരിക വൈകല്യത്തിന്റെ അടയാളങ്ങൾ വഹിക്കുന്ന ഒരു ദൈവമായി അംഗീകരിക്കപ്പെടുന്നു. യേശു വികലാംഗനായ ദൈവത്തെ വെളിപ്പെടുത്തുകയും വൈകല്യത്തിന്റെ അനുഭവങ്ങളുമായി ദൈവികത (അതുപോലെ മാനവികത) പൂർണമായും പൊരുത്തപ്പെടുന്നുവെന്ന് കാണിക്കുകയും ചെയ്യുന്നുണ്ട്. തകർന്നതും വൈകല്യമുള്ളതുമായ ശരീരത്തിലൂടെ ദൈവത്തെ കാണുന്നത് ക്രിസ്തുദൗത്യത്തിന്റെ ഭാഗമായി കാണണമെന്നും ഈ പുസ്തകം പറയുന്നു[19].

യേശുവിലൂടെ ഒരു പുതിയ മാതൃകയും ഭിന്നശേഷിയെക്കുറിച്ചുള്ള ഒരു പുതിയ വീക്ഷണവുമാണ് പുതിയനിയമത്തിലൂടെ വിനിമയം ചെയ്യപ്പെടുന്നത്. തന്റെ ശുശ്രൂഷയിലുടനീളം, ഭിന്നശേഷിക്കാരോട് ഇടപഴകാനും അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി അവർക്ക് ഒരു വിമോചന സുവിശേഷമായും സ്നേഹസേവനമായും യേശു മാറുന്നു. പുതിയനിയമത്തിൽ ഭിന്നശേഷിയെക്കുറിച്ചുള്ള ആശയപ്രപഞ്ചത്തിൽ, "വൈകല്യം മറികടക്കാൻ കഴിയുന്ന ഒരു വെല്ലുവിളിയായാണ്; പ്രതിസന്ധിയല്ല" എന്ന സന്ദേശമുണ്ട്. തന്റെ ശുശ്രൂഷയിൽ, ക്രിസ്തു ഭിന്നശേഷിക്കാരോട് പെരുമാറുന്ന രീതിയുമായി ബന്ധപ്പെട്ട് ഒരു മാതൃകാപരമായ മാറ്റം പുതിയനിയമത്തിലുണ്ട്. യേശു ഒരു മാതൃകയായി ഭിന്നശേഷിക്കാരും അല്ലാത്തവരും തമ്മിലുള്ള വിടവുകൾ ഇല്ലാതാക്കുന്നു, എല്ലാവരും തുല്യ പരിഗണന അർഹിക്കുന്ന ദൈവമക്കളാണെന്ന് ജീവിതത്തിലൂടെ കാണിച്ചുതരുന്നു. മനുഷ്യന്റെ ബലഹീനത മനസിലാക്കുകയും അവരുടെ ഭിന്നശേഷിയുമായി ബന്ധപ്പെടുകയും ആ വേദനയെ തിരിച്ചറിയുകയും ചെയ്യുന്ന ഒരു ദൈവത്തെയാണ് പുതിയ നിയമ ദൈവശാസ്ത്രത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. ഭിന്നശേഷി അവസ്ഥകൾ ഈ ലോകത്തിന്റെ ഭാഗമാണ്, വരാനിരിക്കുന്ന ലോകമല്ല. വരാനിരിക്കുന്ന ലോകമാണ് ശാശ്വതം; ഇത് താൽക്കാലികം. യേശു ഭിന്നശേഷിക്കാരെ പൂർണ്ണമായും ഉൾക്കൊള്ളുന്നു. പുതിയനിയമ ക്രിസ്തു വിപ്ലവകരമായ ആശയങ്ങളിലൂടെ സമൂഹം ഒഴിവാക്കിയവരിലൂടെ അവരിലൊരാളാവുകയും പാർശ്വവല്ക്കരിക്കപ്പെട്ടവരെ ചേർത്തുനിർത്തുകയും ചെയ്തു. ഭിന്നശേഷിക്കാരോട് അന്തസ്സോടെയും ബഹുമാനത്തോടെയും പെരുമാറുന്നതുൾപ്പെടെയുള്ള ദൈവികവും ധാർമ്മികവുമായ ജീവിതത്തിനുള്ള ഒരു മാതൃകയാണ് യേശുവിന്റെ ജീവിതം നൽകുന്നത്.

ബൈബിളിലെ ഭിന്നശേഷി വിനിമയങ്ങൾ പാപ ശാപവുമായി ബന്ധപ്പെട്ടിരിക്കുന്നു എങ്കിലും പുതിയനിയമ കേന്ദ്രമായ യേശുക്രിസ്തു മനുഷ്യരുടെ വൈകല്യത്തിലും പരിമിതികളിലും പങ്കുചേരുന്നു, അവരിൽ ഒരാളാകുന്നു. ഭിന്നശേഷിക്കാരോടുള്ള സമൂഹത്തിന്റെ മനോഭാവവും സമീപനവും ഇനിയും മാറേണ്ടതുണ്ട്. മാനസികവും സാംസ്കാരികവും മതപരവുമായ സ്വാധീനം ഭിന്നശേഷിക്കാരോടുള്ള വിവേചനത്തിന് കാരണമാണ്. ഇവർ “വ്യത്യസ്തരാണ്” എന്ന മുന്നറിവാണ് അവർക്കെതിരായ വിവേചനത്തിലേക്ക് സമൂഹത്തെ നയിക്കുന്നത്. മൂല്യാധിഷ്ഠിത അറിവ്, അന്വേഷണം, സമാനുഭാവം, ബഹുസ്വരത, പക്ഷപാത മുൻവിധികളിൽ നിന്നും മോചിപ്പിക്കൽ, വിവേചനം തടയുന്നതിനുള്ള സാമൂഹിക പ്രതിബദ്ധത, തുടങ്ങിയ പാഠങ്ങൾ ഭിന്നശേഷിക്കാരുമായി ബന്ധപ്പെട്ട് നവസമൂഹം രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട്. സാമൂഹിക ഏകീകരണം ഉറപ്പുവരുത്തുന്നതിന് നമുക്കും ഉത്തരവാദിത്തമുണ്ട്.

ബൈബിളിന്റെ പശ്ചാത്തലത്തിൽ ഭിന്നശേഷിക്കാരെ സമുദായങ്ങൾക്കുള്ളിൽ പരിഗണിക്കുന്ന രീതി, അവരുടെ വിശ്വാസങ്ങൾ, വൈകല്യവുമായി ബന്ധപ്പെട്ട സാമൂഹ്യകാര്യങ്ങളിൽ അവരുടെ ഇടപെടലുകൾ എല്ലാം തന്നെ പഴയനിയമ പുസ്തകത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്.

 ISSN: 2582 - 2594

ഈ കാരണങ്ങൾ പാപത്തിനുള്ള ശിക്ഷ, അനുസരണക്കേടിനുള്ള ദൈവകോപം, ശാപം, അവിശ്വാസത്തിന്റെയും അജ്ഞതയുടെയും ഫലം എന്നൊക്കെ വ്യാഖ്യാനിക്കപ്പെട്ടവയാണ്. പഴയനിയമ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, മത ജീവിതത്തിൽ ഭിന്നശേഷിക്കാർ പാർശ്വവൽക്കരിക്കപ്പെടുന്നതും ഇത്തരം പ്രശ്നങ്ങളിൽ നിന്ന് വിമോചനപരവും സമഗ്രവുമായ സമീപനം സ്വീകരിക്കുന്നതുമായ കാഴ്ചപ്പാടുകൾ ഇടകലർന്ന് കാണപ്പെടുന്നുണ്ട്. പഴയനിയമ ദൈവമായ യഹോവയിൽ നിന്ന് യേശുവിലേക്കുള്ള ദൂരത്തിൽ ഭിന്നശേഷി യുക്തിപൂർവവും വ്യവസ്ഥാപിതവുമായി വിനിമയം ചെയ്യപ്പെടുന്നുണ്ട്.

"നമ്മൾ ചെയ്തുകൂട്ടുന്ന പാപങ്ങൾ നമ്മുടെ തലമുറകൾ ആയിരിക്കും അനുഭവിക്കുക" എന്ന കടുവയിലെ സംഭാഷണവിവാദം ക്രൈസ്തവദൈവശാസ്ത്ര സ്വാധീനത്തെ അവഗണിച്ച് മുന്നോട്ട് പോവുക അസാധ്യമാണ്. കമ്പോളവിജയം ലക്ഷ്യമാക്കി മാത്രമാണ് കടുവ പോലുള്ള സിനിമകൾ വാർപ്പുമാതൃകകളെ സൃഷ്ടിക്കുന്നത്. മഹാഭാരതത്തിൽ കുരുടനായ ധൃതരാഷ്ട്രർക്ക് രാജ്യം നഷ്ടപ്പെടുന്നതും അത്തരം ബോധത്തെ ഉൾക്കൊണ്ടുകൊണ്ട് ബാഹുബലിയെന്ന സിനിമ വന്നതും ഇതേ മാതൃകയ്ക്കുദാഹരണമാണ്. കയ്യില്ലാത്തതിനാൽ സിംഹാസനം വിലക്കപ്പെടുന്നു.

സൃഷ്ടിക്കപ്പെടുന്ന സംഭാഷണങ്ങൾക്ക് നമ്മുടെ ഭാഷാ-സംസ്കാരങ്ങളെ അടയാളപ്പെടുത്തുന്ന കണ്ണികളുണ്ടാവാം. കടുവയിലെ തിരക്കഥാ സംഭാഷണങ്ങൾക്കുള്ളിൽ വന്ന ഭിന്നശേഷി വ്യവഹാരങ്ങൾക്കുത്തരം തേടേണ്ടത് ക്രൈസ്തവദൈവശാസ്ത്രമായ ബൈബിളിലെ പഴയനിയമ വ്യവസ്ഥിതികളുമായി ചേർന്നുനിന്നാണ്. പൊതുബോധത്തിൽ ഉൾച്ചേർക്കലുകൾക്കു താല്പര്യമില്ലാത്ത വ്യക്ത്യാധിഷ്ഠിത ഭിന്നശേഷിനിർമ്മിതികൾ ഇനിയും ഉണ്ടാകാം. കാരണം അത്രയധികം ധാരണാപ്പിശകുകൾ സമൂഹസൃഷ്ടിയിലുണ്ട്. ശാരീരിക മാനസികശേഷിയുടെ പേരിൽ സമൂഹം മാറ്റിനിർത്തിയ ഒട്ടനവധി കഥാപാത്രങ്ങൾ മലയാളസിനിമയിൽ കാഴ്ചകളാകുന്നുണ്ട്. പരിഹാസ കഥാപാത്രങ്ങളായി മാത്രം ജീവിക്കാൻ ശീലിച്ചവർ. കടുവക്കു മുൻപും ഭിന്നശേഷി വിരുദ്ധ പരാമർശം ഉണ്ടായിരുന്നു. നാളിതുവരെ പുറത്തിറങ്ങിയ മലയാള ചലനചിത്രങ്ങളിൽ ഉൾച്ചേർന്നുപോയ ഭിന്നശേഷി സങ്കല്പനങ്ങൾ മലയാളിയുടെ പൊതുബോധത്തിലെ ധാരണാപിശകായിരുന്നു. ശരീരത്തിനുമേൽ ഭാഷ സൃഷ്ടിച്ചുവെച്ചിരുന്ന പൊരുളുകളിൽ മലയാളവും മലയാളിയും കടുവാക്കാലം വരെ മൗനമായിരുന്നു. ഭിന്നശേഷിയെക്കുറിച്ച് “കടുവ”യിലെ സംഭാഷണം ഭിന്നശേഷി അവകാശ നിയമം തൊണ്ണൂറ്റിരണ്ടാം വകുപ്പ് പ്രകാരമുള്ള കുറ്റകൃത്യമാണെന്നു കാണിച്ച് പരിവാർ കേരള എന്ന ഭിന്നശേഷി സംഘടന സംസ്ഥാന ഭിന്നശേഷി കമ്മീഷണർക്ക് പരാതി നൽകുമ്പോൾ മാത്രം ചർച്ച ചെയ്യപ്പെടേണ്ട വിഷയമല്ലിത്. സാമൂഹ്യവത്കരണ പ്രക്രിയയായ വിദ്യാഭ്യാസത്തിലൂടെ മാത്രമേ സമകാല മനോഭാവത്തിന് മാറ്റം വരുത്താൻ കഴിയുകയുള്ളൂ. ശാരീരിക-മാനസിക ക്ഷമതയുടെ അടിസ്ഥാനത്തിൽ ഒഴിവാക്കപ്പെട്ടവരെ ചേർത്തുനിർത്താനുള്ള പാഠങ്ങൾ പ്രൈമറി സ്കൂൾതലം മുതൽ ആരംഭിക്കണം. കാഴ്ചപ്പാടുകൾ മാറേണ്ടതുണ്ട്, മാറ്റേണ്ടതുണ്ട്.

## ഗ്രന്ഥസൂചി / അവലംബം


1. R.S. Pandey, Lal Advani, 1995, “Perspective in disability and rehabilitation”, Vikas Publishing House, Delhi. p.11.
2. നാരായണൻ പി കെ, 2014, “മനസും ശരീരശാസ്ത്രവും” ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം, പു.71

3. Cf. J.L. Illanes, Gran Enciclopedia Rialp, s.v. “Teología,” 22:233
4. Zondervan Handbook to the History of Christianity, Edited by Jonathan Hill - "A Christian Philosophy: Origen", article by John Mcguckin P. 67
5. Bazán, Bernardo C., 1997, “The Human Soul: Form and Substance? Thomas Aquinas’s Critique of Eclectic Aristotelianism”, Archives d’histoire doctrinale et littéraire du moyen âge, p. 64
6. McCallum, James Ramsay, 1948, Abelard’s Christian Theology, Oxford: Blackwell, (Includes substantial selections from Abelard’s Theologia christiana.)
7. അശോക് ഡിക്രൂസ് (ഡോ.), 2021, “ഗവേഷണവും പ്രസിദ്ധീകരണ നൈതികതയും”, ആത്മ ബുക്സ്, കോഴിക്കോട്, പുറം 19
8. Beagon, Philip, 1995, "The Cappadocian Fathers, Women, and Ecclesiastical Politics", Vigiliae Christianae, Brill, 49 (2): 165–166,
9. Basil the Great.., 1951, Letters 1-185. Translated by Sr. A.C. Way. Fathers of the Church, Vol. 13
10. ജേക്കബ് തോമസ് റ്റി (ഡോ.), 2018, “ആധുനിക ദൈവശാസ്ത്ര ധാരകൾ” റ്റി എൽ സി തിരുവല്ല, പു.141
11. ജോൺ ഈ.സി. (ഡോ), 2014, “വേദപുസ്തക ഭാഷ്യം”, ദൈവശാസ്ത്ര സാഹിത്യ സമിതി, തിരുവല്ല, പു.3
12. https://www.ncbi.nlm.nih.gov/pmc/articles/PMC5419007
13. ഡോ.ജൂബിൻ മറ്റപ്പള്ളിൽ, 2020, “ഭിന്നശേഷിയുടെ ദൃശ്യതലങ്ങൾ ചിത്ര ശില്പങ്ങളിൽ”, ഡോ. ഷീബ കുര്യൻ (എഡി.), ഭാഷാസാഹിതി. മലയാളവിഭാഗം, കേരളസർവകലാശാല, തിരുവനന്തപുരം പു. 278
14. ശ്രീകണ്ഠേശ്വരംപത്മനാഭപിള്ള, 2013(1923), “ശബ്ദതാരാവലി”, എൻ.ബി.എസ്സ്, കോട്ടയം
15. https://www.newindianexpress.com/cities/kochi/2018/ mar/21/all-you-need-to-know-about -down-syndrome-1790068.html
16. ജേക്കബ് തോമസ് റ്റി (ഡോ.), 2018, “ആധുനിക ദൈവശാസ്ത്ര ധാരകൾ” റ്റി എൽ സി തിരുവല്ല, പു.116
17. സന്തോഷ് മാനിച്ചേരി, 2012, "ശരീരി", സൈകതം ബുക്സ്,കോതമംഗലം, പു. 9
18. ഭരതൻ, കെ.എം. (ഡോ), 2014, “സംസ്കാരം സമൂഹം നാഗരികത” സൈൻ ബുക്സ് തിരുവനന്തപുരം, പു. 20
19. വർഗീസ്, ടി ലിജു, 2020, “ദൈവശാസ്ത്രത്തിലെ ഭിന്നശേഷിവിനിമയങ്ങൾ”, ഡോ. ഷീബ കുര്യൻ (എഡി.), ഭാഷാസാഹിതി, മലയാളവിഭാഗം, കേരളസർവകലാശാല, തിരുവനന്തപുരം പു. 116

●Disabled persons in India : A statistical profile 2016 New Delhi Ministry of statistics and programme implementation, Government of India,2017

●https://www.firstchurchberkeley.org/wp-ontent/uploads/2021/04/21206.Eiesland-Disabled -God.pdf

●NL EIESLAND, (1994) The Disabled God: Toward a Libratory Theology of Disability Abingdon Press


ISSN: 2582 - 2594

# നാട്ടിൻപുറത്തെ നാൾവഴികൾ എം.ടി. കഥകളിൽ

**ഡോ. മിജോയ് ജോസ്**
അസോസിയേറ്റ് പ്രൊഫസർ
മലയാളവിഭാഗം,
സെന്റ് തോമസ് കോളെജ് (ഓട്ടോണമസ്),
തൃശ്ശൂർ
E-mail: mejoyjose@gmail.com

സംഗ്രഹം

മലയാള സാഹിത്യത്തിലെ ഒരു അത്ഭുതപ്രതിഭയാണ് എം.ടി. നാലു തലമുറകളുടെ മനസിൽ ഒരേ വികാരതീവ്രതയോടെ കുടിയേറിയ ഒരു എഴുത്തുകാരൻ. ഒരു ജനത അവരുടെ വിശ്വാസങ്ങളും, ജീവിതവ്യഥകളും, സന്തോഷങ്ങളും സ്വപ്നങ്ങളും കഥകളായി എം.ടിയിൽ നിന്ന് കേട്ടു. തന്റെ ജന്മനാടായ കൂടല്ലൂരിനെ 'അമരന്മാരുടെ നാട്' എന്നാണ് എം.ടി. വിശേഷിപ്പിച്ചത്, അതിൽ യാഥാർത്ഥ്യമുണ്ടുതാനും. ആ ഗ്രാമത്തിലെ വ്യക്തികളെല്ലാം കഥാപാത്രരൂപത്തിൽ എം.ടിയുടെ കൃതികളിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. അപ്പുണ്ണിയും വേലായുധനും കോന്തുണ്ണിനായരും ഗോവിന്ദൻകുട്ടിയും കുട്ട്യേടത്തിയും കൂടല്ലൂരിൽ ജനിച്ചു വളർന്നവരാണ്. അവരെത്തേടി പലരും വന്നു. സ്വന്തം മണ്ണിന്റെ ദേശത്തനിമയിൽ മുളച്ച ഈ കഥാപാത്രങ്ങൾ എന്തെല്ലാം കുറവുകളുണ്ടെങ്കിലും മനുഷ്യമനസിൽ സ്ഥാനം പിടിച്ചവരാണ്. ഇവിടെനിന്നാണ് എം.ടി. എന്ന എഴുത്തുകാരനിലെ ഭാവനകൾ വളർന്ന് പന്തലിച്ച് വാക്കുകളുടെ സ്വർണ്ണഗോപുരം തീർത്തത്. 'അറിയാത്ത അത്ഭുതങ്ങളെ ഗർഭത്തിൽ വഹിക്കുന്ന മഹാ സമുദ്രങ്ങളെക്കാൾ അറിയുന്ന എന്റെ നിളാനദിയാണെനിക്കിഷ്ടം' എന്ന് എം.ടി. തന്നെ പറഞ്ഞിട്ടുണ്ട്. അച്ഛൻ, അമ്മ, ജ്യേഷ്ഠൻമാർ, ബന്ധുക്കൾ, പരിചയക്കാർ, അയൽക്കാർ ഇവരെല്ലാം എം.ടിക്ക് പ്രിയപ്പെട്ട കഥാപാത്രങ്ങളായിരുന്നു.

**താക്കോൽവാക്കുകൾ:** ദേശത്തനിമ, നാട്ടറിവുകൾ, ദേശചരിത്രം, നാടോടി മിത്തുകൾ, ഐതിഹ്യം

**ആമുഖം**

ജീവിച്ചുവളർന്ന സാഹചര്യങ്ങളെ ആഴത്തിൽ സൂക്ഷ്മനിരീക്ഷണം നടത്തിയ ഒരെഴുത്തുകാരനാണ് എം.ടി. തിരിച്ചറിഞ്ഞ യാഥാർത്ഥ്യങ്ങളെ സങ്കല്പങ്ങളിലേക്കും ആ സങ്കല്പങ്ങളിൽനിന്ന് പുതിയ യാഥാർത്ഥ്യങ്ങളിലേക്കും സഞ്ചരിക്കുന്ന ഒരു രചനാശൈലി എം.ടി. സാഹിത്യത്തിലുണ്ട്. ഓരോ എഴുത്തുകാരനും തന്റെ ദേശം പ്രധാനപ്പെട്ടതാണ്. മനുഷ്യനെ പല പല ദുരന്തങ്ങളിലൂടെ വേദനാജനകമായ അനുഭവങ്ങളിലൂടെ കടത്തിക്കൊണ്ടുപോയി ശുദ്ധീകരിച്ചെടുക്കുന്ന ഒരു സവിശേഷമായ സർഗ്ഗാത്മകശേഷി എം.ടിയുടെ പ്രത്യേകതയാണ്. താൻ ജീവിച്ച കൂടല്ലൂരിലെ കാർഷികജീവിതം, ആചാരാനുഷ്ഠാനങ്ങൾ, നാട്ടറിവുകൾ, ദേശചരിത്രം തുടങ്ങി ഒരു ഗ്രാമത്തെ സ്വാധീനിക്കുന്ന എല്ലാം എം.ടി. രചനകളിൽ കാണാനാകും. സർഗ്ഗധനനായ ഒരു എഴുത്തുകാരൻ സ്വന്തം ദേശത്തെ എഴുതുമ്പോൾ ചരിത്രത്തിൽ സംഭവിക്കുന്ന ഒരപൂർവ്വ വിസ്മയമാണ് എം.ടി. കഥകളിൽ കാണാനാകുക. "മലയാള ചെറുകഥാ സാഹിത്യത്തിൽ മനുഷ്യന്റെ ഹൃദയാനുഭവത്തിന്റെ ആഖ്യാനം നിർവ്വഹിച്ച കഥാകാരന്മാരിൽ പ്രമുഖനാണ് എം ടി വാസുദേവൻ നായർ" (2017, 9). ഗ്രാമത്തിന്റെ ഓർമ്മകളിലേക്ക് വരുമ്പോഴെല്ലാം എം.ടി. എന്ന മനുഷ്യൻ നമുക്ക് വളരെ അടുത്താണ്. എം.ടിയുടെ കഥകളിൽ ഗ്രാമത്തിലേക്ക് തിരിച്ചുവരുന്ന യാത്രകളും ഗ്രാമത്തിൽനിന്ന് അകന്നുപോകുന്ന യാത്രകളും കാണാൻ സാധിക്കും. ഇത്തരത്തിലുള്ള കഥകളിലൂടെയുള്ള ഒരു സഞ്ചാരമാണ് ഈ പ്രബന്ധത്തിൽ ഉദ്ദേശിക്കുന്നത്.

**വിശപ്പിന്റെ കഥകൾ**

ഒരു നേരത്തെ അന്നത്തിനുവേണ്ടിയാണ് എല്ലാ മനുഷ്യരും അദ്ധ്വാനിക്കുന്നത്. എന്നാൽ ജീവിതസാഹചര്യങ്ങൾകൊണ്ടോ കുടുംബബന്ധങ്ങളിലെ ജീർണ്ണത കൊണ്ടോ ജീവിക്കാൻ സാധിക്കാതെ നാടുവിട്ടു പോകുന്ന ധാരാളം മനുഷ്യരെ കണ്ടിട്ടുണ്ട്. എന്നാൽ നാടുവിട്ട് എത്തിച്ചേരുന്ന ദേശംപോലും വ്യക്തിക്ക് അനുകൂലമല്ലാതെ വരുമ്പോൾ പിന്നെ എന്തുചെയ്യണമെന്നറിയാതെ മരണത്തിലേക്ക് എടുത്തുചാടുന്ന ചില മനുഷ്യരൂപങ്ങൾ. അത്തരത്തിലൊരു കഥാപാത്രത്തെയാണ് 'മരണത്തിന്റെ കൈത്തെറ്റ്' എന്ന കഥയിൽ കാണാൻ സാധിക്കുക. അന്നപൂർണ്ണ ഹോട്ടലിന്റെ മുകളിലെ മുറിയിലിരുന്ന് ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ, തുറന്നിട്ട ചില്ലുജാലകത്തിലൂടെ ഞങ്ങൾ ഭക്ഷിക്കുന്നത് നോക്കിക്കൊണ്ട് താഴെ ഒരു ചെറുക്കൻ നില്ക്കുന്നു. ആശയും വിശപ്പും പ്രതിഫലിക്കുന്ന രണ്ടു കണ്ണുകൾ പിന്നീട് അവർ താമസിക്കുന്ന മുറിയുടെ മുകളിലെത്തി. കീറിപ്പറിഞ്ഞ ട്രൗസർ, മഞ്ഞനിറത്തിൽ വലിയ തുളകളുള്ള ഒരു ബനിയൻ. ശുഷ്കിച്ച മുഖവും നനുത്ത കണ്ണുകളും. അവൻ പറഞ്ഞു രണ്ടുദിവസമായി ഒന്നും കഴിച്ചിട്ടില്ല; നിനക്ക് ഹോട്ടലിൽ നിന്നും ഒന്നും കിട്ടിയില്ലേ? ഭക്ഷണം ചോദിച്ചപ്പോൾ ചൂട്ടുവെള്ളം എടുത്തൊഴിച്ചു. ഞങ്ങൾ ചീട്ടുകളിച്ചുകൊണ്ടിരിക്കയായിരുന്നു. അവന്റെ പ്രശ്നങ്ങൾ രണ്ടാണ്, വിശപ്പടക്കാൻ വല്ലതും കിട്ടണം, നാട്ടിലെത്താൻ വഴി കാണണം. അമ്മയും ജ്യേഷ്ഠത്തിയുമാണ് വീട്ടിൽ. താമസിക്കുന്നത് മറ്റാരുടേയോ പുരയിടത്തിലാണ്. ഇവൻ വീട്ടിൽ നിൽക്കുന്നത് അവർക്കിഷ്ടമല്ല. ഇവരുടെ കയ്യിൽ ആകെയുണ്ടായിരുന്നത് കാലണ മാത്രമാണ്. അവൻ അത് വാങ്ങി കോണിപ്പടി ഇറങ്ങി. കുറച്ചു സമയത്തിനുശേഷമാണ് ഗുഡ്സ് ട്രെയിൻ വലിയ ശബ്ദത്തിൽ നിറുത്തിയത്. ഒരു തെണ്ടിച്ചെക്കൻ വണ്ടിക്ക് മുന്നിലേക്ക് ചാടി, ചക്രം


ISSN: 2582 - 2594

നെഞ്ചിലൂടെയാണ് കയറിയത്. തല കറങ്ങുന്നതായി തോന്നി. ജീവിതപ്രാരാബ്ധങ്ങൾക്കിടയിൽ മുന്നോട്ട് പോകാൻ വഴിയില്ലാതെ മരണം പുൽകിയ ജീവിതം.

ഇത്തരത്തിലുള്ള മറ്റൊരു കഥാപാത്രത്തെയാണ് 'വളർത്തുമൃഗങ്ങൾ' എന്ന കഥയിലെ ജാനമ്മയിലൂടെ വായനക്കാർ തിരിച്ചറിയുന്നത്. ജാനമ്മ ഉറങ്ങാതെ കിടക്കുകയാണ്. വലത്തു കൈയ്യിൽ പ്ലാസ്റ്ററിട്ടിരിക്കുകയാണ്. സർക്കസ് ടെന്റിൽനിന്ന് നേർത്ത ബാന്റുസംഗീതം. മുറിയുടെ മൂലയിൽ കിടക്കുന്ന ലക്ഷ്മി. അവൾ പ്രധാന കളിക്കാരിയായിരുന്നു. ഇന്നവർ പരിചാരികയാണ്. പ്രായം നാല്പത് കടന്നു. മെയ്ക്കപ്പുകൊണ്ടും മുഖത്തെ ചുളിവുകൾ മറയ്ക്കാൻ വയ്യാതായി. പറക്കുന്ന ട്രപ്പീസ്, തലേന്ന് രാത്രിയിലെ വീഴ്ച, ഇത് സർക്കസ് കമ്പനിയാണ്, ഇവിടെ മനുഷ്യരില്ല, ഒക്കെ മൃഗങ്ങളാണ്. പതിനാറു വർഷം മുമ്പാണ് ജാനമ്മ സർക്കസ് കമ്പനിയിൽ ചേർന്നത്. അന്നവർക്ക് ആറുവയസ്സ് പ്രായം. സമീപമുള്ള സർക്കസ് കമ്പനിയിലെ ഗുരുക്കൾ വന്ന് അച്ഛനാരെന്നറിയാത്ത ആ മകളെ തലശ്ശേരിയിലെ സർക്കസ് കമ്പനിയിലേക്ക് കൊണ്ടുപോയി. അമ്മയുടെ കണ്ണുനീർ ഇപ്പോഴും ഓർമ്മയിലുണ്ട്. ജീവിതത്തിനും മരണത്തിനുമിടക്കുള്ള നേരിയ നൂൽപ്പാലത്തിൽ നിന്നുകൊണ്ട് കസർത്തുകൾ കാണിച്ച് പണമുണ്ടാക്കുന്നവർ, വേറെ ബന്ധുക്കളോ സ്വന്തക്കാരോ ഇല്ലാത്ത അവൾക്ക് ശമ്പളമില്ല. ഭക്ഷണവും താമസവും വസ്ത്രവും മാത്രം. അമ്മ ഏഴ് വർഷം മുമ്പ് മരിച്ചു. കൈക്ക് പറ്റിയ പരുക്ക് ഭേദമായെങ്കിലും ഇനി ട്രപ്പീസിൽ അഭ്യാസം കാണിക്കാൻ പറ്റില്ല. അങ്ങനെ അവൾ സർക്കസ് കമ്പനിയുടെ പടിയിറങ്ങി.

**യാത്ര**

യാത്രകൾ മനുഷ്യന് ഇഷ്ടമാണ്. പക്ഷെ, എം.ടിയുടെ കഥകളിലെ യാത്രകൾക്ക് അവരുടെ ജീവിതവുമായി വളരെയേറെ ബന്ധമുണ്ട്. തിരിച്ചുവരാൻ വേണ്ടി യാത്രപോകുന്നവരേയും താൻ ജീവിക്കുന്ന വ്യവസ്ഥിതിക്ക് പുറത്തുകടക്കാൻ വേണ്ടി യാത്ര ചെയ്യുന്നവരേയും കാണാം. ചിലർ യാത്ര ചെയ്ത് തങ്ങളുടെ പ്രിയപ്പെട്ട ഗ്രാമത്തിലേക്ക് തന്നെ തിരിച്ചെത്തുന്നു. ചിലർ തങ്ങളെ പരിചയമില്ലാത്ത ഒരിടത്തേക്ക് യാത്രപോകുന്നു. ഇത്തരത്തിലുള്ള ഒരു കഥാപാത്രത്തെയാണ് 'നീലക്കുന്നുകൾ' എന്ന കഥയിൽ കാണാൻ സാധിക്കുക. കുട്ടിക്കാലത്ത് ഉരുട്ടിക്കളിച്ച തകരവണ്ടികളെ ഓർമ്മിപ്പിച്ചു മലമുകളിലേക്കുള്ള പിന്നിൽ എഞ്ചിൻ ഘടിപ്പിച്ച തീവണ്ടി. ആറുദിവസമായി നഗരത്തിലെ വീട്ടിൽനിന്ന് യാത്ര തിരിച്ചിട്ട്. ആറുദിവസങ്ങൾക്ക് ഒരു കാലഘട്ടത്തിന്റെ ദൈർഘ്യമുണ്ടെന്ന് തോന്നി. നാളെ ഈ യാത്ര അവസാനിപ്പിക്കും. വീണ്ടും കണ്ടുമടുത്ത മുഖങ്ങളുടെ മധ്യത്തിലേക്ക്. ഒരു നീണ്ട യാത്രയുടെ ഓർമ്മകൾ, അതിനിടയിൽ ജ്യേഷ്ഠത്തിയെക്കുറിച്ചുള്ള ചിന്തകൾ. യാത്രയിൽ പരിചയപ്പെട്ട സഹയാത്രികൻ എതിർവശത്തെ സീറ്റിൽ ഒരു നരിച്ചീറിനെപ്പോലെ പരന്നുകിടന്ന് നെറ്റിതടവി എന്തോ പിറുപിറുക്കുന്നു. ഓടിക്കിതച്ചെത്തി അവസാന നിമിഷത്തിൽ വാതിൽ തുറന്ന് ആ മുറിയിലേക്ക് കയറി വീണ തടിച്ച കണ്ണടക്കാരൻ. ഇങ്ങനെ യാത്രയുടെ സന്തോഷവും, കൗതുകവും വളരെ സൂക്ഷ്മമായി വിവരിക്കുന്നു ഈ കഥ.

"യാത്രയുടെ വിവിധ തലങ്ങളെയാണ് എം ടിയുടെ കഥാലോകത്ത് കണ്ടെത്താനാകുന്നത്. സ്ഥലകാല യാത്രകൾ ഇവിടെ വ്യത്യാസപ്പെട്ടിരിക്കുന്നു. സ്ഥലങ്ങളിലൂടെയുള്ള യാത്ര

ഭൗതികചലനത്തെയാണ് കുറിക്കുന്നതെങ്കിൽ വ്യക്തിയിൽ കാലം വരുത്തുന്ന മാറ്റമാണ് കാലത്തിലൂടെയുള്ള യാത്ര വെളിവാക്കുന്നത്" (2018, 9) എന്ന് ഡോ. ജോസ് തങ്കച്ചൻ 'എം.ടി. യാത്രകളുടെ കഥാകാരൻ' എന്ന ഗ്രന്ഥത്തിൽ സൂചിപ്പിക്കുന്നു. 'ദുഃഖത്തിന്റെ താഴ്വരകൾ' എന്ന കഥയിൽ കഥാനായകൻ മുമ്പ് സഞ്ചരിച്ച അതേ സ്ഥലത്തേക്ക് തിരിച്ചെത്തുകയാണ്. ഇല്ലിമുള്ളുകളും മുളവടികളും കൊണ്ടുണ്ടാക്കിയ ഒരു പടിവാതിലായിരുന്നു പണ്ടുണ്ടായിരുന്നത്. നിരനിരയായി കുന്തമുനകൾ ഉയർന്നുനിൽക്കുന്ന ഗെയിറ്റ് ഈയിടെ നിർമ്മിച്ചതായിരിക്കും. ഒരു പ്രണയദുഃഖത്തിന്റെ കഥയാണിത്. എങ്കിലും കഥാപരിസരം മനോഹരമായി വർണ്ണിച്ചിരിക്കുന്നു. കഥാനായകനെ പ്രണയിച്ചിരുന്ന കഥാനായിക. അവൾക്ക് വേറെ വരൻ വരുമെന്ന് പറഞ്ഞ് തന്റെ പ്രണയിനിയെ കാത്തിരുന്ന കഥാനായകൻ. പക്ഷെ, അതും വെറും തോന്നലായിരുന്നു. കുറേ നാളുകൾക്കു ശേഷമാണ് തിരിച്ചറിഞ്ഞത്, തന്നോടുള്ള ആത്മാർത്ഥ പ്രണയം തുറന്നു പറഞ്ഞ കഥാനായിക കന്യാസ്ത്രീ മഠത്തിൽ ചേർന്നെന്ന്. കാലഘട്ടത്തിന്റെ പ്രത്യേകതകൾ, മനോനിലപോലെ പ്രപഞ്ചവും മാറിമറിയുന്നു. പ്രണയം, ജാതീയമായ വിവാഹസങ്കല്പങ്ങൾ, സ്ത്രീധനം തുടങ്ങിയ വിവിധ വിഷയങ്ങൾ ഈ കഥയിൽ അങ്ങിങ്ങായി നിഴലിക്കുന്നു.

'ശാന്തിപർവ്വം' എന്ന കഥയിൽ, ഒരിക്കൽ സന്ദർശിച്ച സ്ഥലങ്ങളെല്ലാം വർഷങ്ങളുടെ ഇടവേളക്കുശേഷം വീണ്ടും കാണുവാൻ ആഗ്രഹിക്കുന്ന കഥാനായകൻ. അതുകൊണ്ട് തന്നെ വർഷങ്ങൾക്കുശേഷം വീണ്ടും പ്രസിദ്ധമായ ഈ സ്ഥലത്തേക്ക് അയാൾ വരികയാണ്. പണ്ട് താമസിച്ച അതേ റസ്റ്റോറന്റിൽ തന്നെ താമസം. എവിടെയോവെച്ച് മാറിപ്പോയ അദ്ദേഹത്തിന്റെ പെട്ടി. മുറിയിലെത്തി തുറന്നപ്പോഴാണ് അതിൽ സ്ത്രീയുടെ വസ്തുങ്ങൾ. എങ്ങനെ യഥാർത്ഥ വ്യക്തിയെ കണ്ടെത്തും. യാത്രയിലെ ഓർമ്മകൾ. ഹോട്ടലിലെ മറ്റു താമസക്കാർ. ഇങ്ങനെ നിരവധി കാഴ്ചകൾ. മരണത്തോടടുക്കുന്നു എന്ന തോന്നൽ. അവസാനം ധീരതയോടെ ഏറ്റുവാങ്ങണം. അതിനു വേണ്ടിയാണിപ്പോൾ വായിക്കുന്നതും ധ്യാനിക്കുന്നതും. ബാല്യവും യൗവ്വനവും വാർദ്ധക്യവും കഴിഞ്ഞാൽ മരണമില്ല. മറ്റൊരു ദേഹത്തെ പ്രാപിക്കുന്നു.

'അയൽക്കാർ' എന്ന കഥയിലെ നായകൻ വർഷങ്ങൾക്കുശേഷം നാട്ടിൽ വരികയാണ്. അദ്ദേഹം പുതിയ വീടുപണിയാൻ തീരുമാനിക്കുന്നു. ഇതറിഞ്ഞ നാട്ടുകാർ തെക്കെപ്പാട്ടെ വാസു വലിയ പണക്കാരനായിരിക്കുന്നു എന്ന് പറഞ്ഞുതുടങ്ങി. സ്നേഹമുള്ള അയൽക്കാർ, സൗഹൃദത്തിന്റെ ഇഴയടുപ്പം, വാസുവിന്റെ മനസ്സിനെ ഈറനണിയിക്കുന്നു. വടക്കേതിലെ പത്മാവതിയുടെ കുട്ടിയുടെ പിറന്നാളിനുപോയ വാസു അവരുടെ സ്നേഹം കണ്ട് അന്ധാളിച്ചു. വാസു മുറ്റത്തേക്കിറങ്ങി അടുത്ത അതിര് കടന്നാൽ വീടായി, എന്നിട്ടും ദൂരയാത്രക്ക് പോകുന്ന ബന്ധുവിനെ യാത്രയാക്കുന്നപോലെ എല്ലാവരും കോലായിലിറങ്ങി വന്നുനിന്നു - ഞങ്ങളൊക്കെ സാധുക്കളാണ്, ഞങ്ങളെ ഓർമ്മ വേണം, എന്ന ദയനീയ ഭാവം അവിടെ കണ്ടു. "വ്യത്യസ്തമായ ലോകങ്ങളിലേക്ക് ഇടയ്ക്കൊക്കെ ഇറങ്ങിച്ചെന്നാലും വീണ്ടും തന്റെ പ്രിയപ്പെട്ട ഗ്രാമസംസ്കൃതിയിലേക്ക് മടങ്ങിവരുന്നവയാണ് എം ടിയുടെ ചെറുകഥകളിൽ ഏറെയും." (2017, 10)

**കുടുംബബന്ധങ്ങൾ**

ഒരു വ്യക്തിയുടെ ജീവിതത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്ന ഒന്നാണ് താൻ ജീവിച്ച് വളർന്ന കുടുംബം. ഈ കുടുംബത്തിലെ അനുകൂലവും പ്രതികൂലവുമായ സാഹ

ചര്യങ്ങൾ വ്യക്തിജീവിതത്തെ സ്വാധീനിക്കുന്നു. പ്രത്യേകിച്ച് എം.ടി. കഥകളിൽ ജന്മിത്വവും നമ്പൂതിരിജീവിതവും, നായർ തറവാടുകളിലെ മരുമക്കത്തായ കൂട്ടുകുടുംബ വ്യവസ്ഥകളും ഉൾ ച്ചേർന്നിരിക്കുന്നു. ഇത്തരത്തിലുള്ള ഒരു കഥാപാത്രത്തെയാണ് 'വിത്തുകൾ' എന്ന കഥയിൽ കാണാൻ സാധിക്കുക. ഭാഗം വാങ്ങിപ്പോയ ആങ്ങള ഒരു വൈകുന്നേരം കയറിവന്ന് അമ്മയെ കഠിനമായി ശകാരിച്ചു. ഇന്നിപ്പോൾ അമ്മയുടെ ചാത്തത്തിന് വന്നതാണ്. രാഘവേട്ടൻ എത്തി യിട്ടില്ല. ചന്ദ്രേട്ടൻ എത്തിയിട്ടുണ്ട്. അമ്മിണി വന്നിട്ടില്ല. ഉണ്ണി താഴെയുള്ള മകനാണ്. ഉണ്ണി ക്ക് ചെറിയൊരു ജോലി മാത്രം, പത്രമാഫീസിൽ. ആഴ്ചതോറും എല്ലാവരും കത്തെഴുതണം, അമ്മയുടെ നിർബന്ധമായിരുന്നു. രാഘവേട്ടന്റേയും അമ്മിണിയുടെയും കത്തുവന്നു. ചന്ദ്രേട്ടന്റെ കത്ത് കിട്ടിയിട്ടും കുറച്ച് ദിവസമായി. രാഘവേട്ടൻ കയ്യൊഴിഞ്ഞതിൽ അത്ഭുതമില്ല. അക്കങ്ങ ളിൽ ജീവിക്കുന്ന ആളാണ്. നിലമ്പൂരിലെ കാടുകളിൽനിന്ന് കല്ലായിലേക്ക് മരം കയറ്റിയ ഒരു ലോറി ഓടിക്കഴിഞ്ഞാൽ രാഘവേട്ടന്റെ മേശപ്പുറത്ത് നോട്ടുകൾ വീഴുന്നു. വീടിന്റെ പണയം വീട്ടിയത് രാഘവേട്ടനാണ്. പത്തായപ്പുര പുതുക്കിപ്പണി ചെയ്തത് ചന്ദ്രേട്ടനാണ്. മുറ്റത്ത് സദ്യ യൊരുക്കത്തിന്റെ ആഘോഷം - നാളെ അമ്മയുടെ മരണം ആഘോഷിക്കുന്നു - കലണ്ടറിൽ ഫെബ്രുവരിയായാൽ ഓർമ്മവരുന്നു, അമ്മയുടെ ചാത്തമടുത്തിരിക്കുന്നു. ചന്ദ്രേട്ടൻ വരുന്നത് പതിനഞ്ചു ദിവസത്തെ ആന്വൽ ലീവെടുത്തിട്ടായിരിക്കും. അമ്മയുടെ ചടങ്ങ് കഴിഞ്ഞയുടനെ ഉണ്ണി ജോലിസ്ഥലത്തേക്ക് ഇറങ്ങി. മാതാപിതാക്കളും സഹോദരങ്ങളുമായുള്ള ബന്ധത്തി ന്റെ തീവ്രത സ്വന്തമായി കുടുംബവും പ്രാരബ്ധങ്ങളുമാകുമ്പോൾ ക്രമേണ കുറയുന്നു. പിന്നീട് വീട്ടിലേക്കുള്ള സന്ദർശനങ്ങൾ വെറും ചടങ്ങിനുവേണ്ടിയുള്ളതായി മാറുന്നുവെന്ന് ഈ കഥ ഓർമ്മിപ്പിയ്ക്കുന്നു.

സമ്പന്നതയുടെ നടുവിൽ സ്വന്തം നാട്ടിൽ നിന്നും മാറി മറ്റൊരിടത്ത് ഒരു മാളിക പണിത കുടുംബത്തിന്റെ അവസ്ഥയാണ് 'മൂടുപടം' എന്ന കഥയിൽ നമുക്ക് വായിക്കാൻ സാധിക്കുന്നത്. അച്ഛനും അമ്മയും പരസ്പരം ശത്രുക്കൾ. അച്ചൻ രാത്രി വൈകിയേ വരൂ. വന്നാൽ മുകളിലേക്ക് കയറിപ്പോകും. അമ്മ താഴെയാണുറങ്ങുന്നത്. അച്ഛൻ നിത്യവും പറയുന്ന വാക്കുകൾ മകനോർ ത്തു. നീ വലിയ ഒരാളുടെ മകനാണ്, അതോർത്തോ. നിന്റെ അമ്മ എന്തുപറഞ്ഞാലും നിനക്ക് ഞാനുണ്ട് അമ്മക്ക് ഭ്രാന്താണ് - കോവണിയിറങ്ങുമ്പോഴേക്കും അമ്മ എത്തും. അച്ഛനെന്താ ണ് പറഞ്ഞത്, നീ പറയില്ല. നീയാ വിത്തല്ലേ - മകൻ ചിന്തിക്കുന്നത് ഒരു ദിവസം ഞാൻ എല്ലാം വിളിച്ചുപറയും. ഞാനിതെല്ലാം വെറുക്കുന്നു, നിങ്ങൾ രണ്ടുപേരേയും, ഈ വീടിനേയും വെറുക്കുന്നു. ഒരു ദിവസം അച്ഛൻ നേരത്തെയെത്തി. ഡ്രൈവർ പറഞ്ഞു മൂപ്പർക്ക് സുഖമില്ല രണ്ടുവട്ടം ഛർദ്ദിച്ചു. പിന്നീട് അച്ഛൻ കൂടുതൽ രോഗിയായി. ഡോക്ടർ വന്നും പോയുമിരുന്നു. ഒരു ദിവസം ഒരു കുതിരവണ്ടിയിൽ ഒരു സ്ത്രീവന്നു വൈകീട്ടാണ് പോയത്. അമ്മയും അച്ഛ നരികെയിരുന്നിരുന്നു. അവൾ പിറ്റേന്നും വന്നു. അമ്മ മകനോട് പറഞ്ഞു അച്ഛനോടിനിയും കുടിക്കാൻ പറയൂ - പിന്നീട് ഡോക്ടർ വന്നു ഇഞ്ചക്ഷനെടുത്തു. ഏതാനും നിമിഷങ്ങൾക്കകം അച്ഛൻ മരിച്ചു. സമ്പത്തും സ്ഥാനമാനങ്ങളും മനുഷ്യന് ആസ്വദിക്കാൻ സാധിക്കണമെങ്കിൽ കുടുംബബന്ധങ്ങൾ സൗഹാർദ്ദപരമാകണം. ആരോഗ്യമുള്ള മനസ്സുപോലെ ആരോഗ്യമുള്ള ശരീരവും ജീവിതമാസ്വദിക്കാൻ അത്യാവശ്യമാണ്. മാതാപിതാക്കളുണ്ടാക്കുന്ന സമ്പത്തി നേക്കാൾ മക്കളിഷ്ടപ്പെടുന്നത് അവർ സമ്പാദിച്ചുവെച്ച സത്കീർത്തിയാണ് എന്ന് ഈ കഥ ഓർമ്മിപ്പിക്കുന്നു.

**നാടോടി മിത്തുകൾ**

കൊടിക്കുന്നത്തു കാവിലമ്മയുടെ കഥകൾ കൂടല്ലൂർക്കരയുടെ നാടോടിമിത്തുകളാണ്. ഈ പശ്ചാത്തലത്തിലാണ് 'ഒടിയൻ' എന്ന കഥ എം ടി എഴുതിയിട്ടുള്ളത്. കണക്കരുകാവു പുഴയുടെ എവിടെയോ ആണ് ചെറുമക്കളുടെ അമ്പലം. കൊല്ലംതോറും അവിടെ വേലയുണ്ട്. അവിടേക്ക് മറ്റുള്ളവരാരും പോകാറില്ല. എന്നാൽ ആ ഭഗവതി ആദ്യം ചെറുമക്കളുടെ അമ്മയായിരുന്നില്ല. ആ ഐതിഹ്യമാണ് താഴെ പറയുന്നത്. കൊടിക്കുന്നത്തമ്മയും അനുജത്തിമാരും കൂടി മൂത്ത ശ്ശിയാരെ കാണാൻ പോകുകയായിരുന്നു. ഒരു ഭഗവതി വഴിക്ക് ചെറുമക്കളുടെ കളി കണ്ടു രസിച്ചുനിന്നു. ബാക്കിയുള്ളവർ മുൻപേ നടന്നു. ഏട്ടത്തിമാർ പോകുന്നതു കണ്ട് അനുജത്തി പിന്നാലെ ഓടിയെത്തിയപ്പോൾ മൂത്ത ഭഗവതി പറഞ്ഞു: 'ചെറുമക്കളി കണ്ടുനിന്ന നിന്നെ കൂട്ടത്തിൽ കൂട്ടില്ല. നീ അവരുടെ കൂടെ പൊയ്ക്കോ.' ഈ കഥയെ ഓർമ്മിപ്പിച്ചുകൊണ്ട് കൊടുക്കുന്നത്തമ്മയുടെ അനുജത്തി ഇപ്പോഴും അക്കരെ ഇരിമ്പിളയത്ത് ചെറുമക്കളുടെ അമ്മയായി കണക്കർകാവിലിരിക്കുന്നു. ഈ അമ്മ കന്നുകാലികളെ കാത്തുരക്ഷിക്കുന്നു എന്നാണ് വിശ്വാസം. അതിനുവേണ്ടി കണക്കർ കാളവഴിപാട് നടത്തുന്നു.

അന്നത്തെ സാമൂഹിക സാഹചര്യത്തിൽ പാണനേയും പറയനേയും ചെറുമനേയും പുലയനേയും സവർണ്ണൻ തല്ലിയാലും കൊന്നാലും ചോദ്യമില്ല. അതിനെതിരെ അതിജീവന ശക്തിയായി അവർ കൊണ്ടുനടന്ന ഒരേയൊരു ഗോത്രബലമായിരുന്നു ഒടിവിദ്യയെക്കുറിച്ച് പ്രചരിച്ചിരുന്ന ഭയപ്പെടുത്തുന്ന കഥകൾ. കണക്കരുടെ കാവ് പുഴയുടെ അക്കരെ എവിടെയോ ആണ്. ചെറുമക്കളുടെ അമ്പലമായതുകൊണ്ട് മറ്റുള്ളവരാരും അവിടെ പോകാറില്ല. കൊല്ലന്തോറും വേലയുണ്ട്. കാളവേലയാണ് പ്രധാനം. കൃഷിയുള്ള വീടുകളിൽ നിന്നെല്ലാം കാളയുണ്ടാകും. കാരണം കണക്കരുകാവിലെ അമ്മ കന്നുകാലികളെ നോക്കുന്ന അമ്മയാണ്. ഒരു കാലഘട്ടത്തിലെ ആചാരാനുഷ്ഠാനങ്ങളുടെ പകർത്തിയെഴുത്തും ഓർമ്മപ്പെടുത്തലുമാണ് ഈ കഥ. കാള വൈകിയതിന് കണ്ടങ്കാളിക്ക് നല്ലപോലെ അടികൊണ്ടു. വീണപ്പോൾ വീണേടത്തിട്ടും അമ്മമ്മ അടിച്ചു. ഉണ്ണി ഇതുകണ്ട് വല്ലാതെ ഭയപ്പെട്ടു. കണ്ടങ്കാളി ഒടിയനാണ്. ഒടിയന്റെ പക വല്ലാത്തതാണ്. അതിനെ തടഞ്ഞുനിർത്താൻ ഒന്നിനും വയ്യ. നടക്കുമ്പോഴും ഇരിക്കുമ്പോഴും അതുതന്നെയായിരുന്നു ഉണ്ണിയുടെ ആലോചന. കുട്ടിക്കാലം മുതൽക്കേ കണ്ടങ്കാളിയെ അറിയാം. അന്നൊക്കെ കണ്ടങ്കാളിയെ ഇഷ്ടായിരുന്നു. കണ്ടങ്കാളി ഒടിയനാണെന്ന് പിന്നീടല്ലേ അറിഞ്ഞത്. ഒടിയന് ഇഷ്ടമുള്ള രൂപത്തിൽ വരാം. കാളയായും, നായയായും, കുഴലായും, വൈക്കോൽ കുണ്ടയായും, വേലിയായും. ഇങ്ങനെ ഒടിയനിൽ വിശ്വസിച്ചിരുന്ന ഒരു ജനസമൂഹത്തിന്റെ ചിന്തകളും മനോവ്യാപാരങ്ങളും ഈ കഥയിലൂടെ വെളിവാകുന്നു.

മന്ത്രവാദത്തിലും അപശകുനങ്ങളിലും വിശ്വസിച്ചിരുന്ന ഒരു സമൂഹത്തിന്റെ കഥയാണ് 'രാജി'. ഈ കഥയിലെ ശങ്കുപ്പണിക്കർ, മന്ത്രവാദിയും ജ്യോത്സ്യനും മഷിനോട്ടമെന്ന അതിനിഗൂഢ വിദ്യയറിയുന്നയാളുമാണദ്ദേഹം. ഇവിടത്തുകാർ പരസ്പരം എന്തെങ്കിലും അസുഖമുണ്ടായാൽ പകപോക്കുന്നത് ദുർമന്ത്രവാദം ചെയ്താണ്. ഇവരുടെ കുത്സിതവൃത്തികളിൽനിന്ന് നാടിനെയും നാട്ടാരെയും രക്ഷിച്ചിരുന്നത് ശ്രീ ശങ്കുപ്പണിക്കരാണ്. ഇദ്ദേഹം ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചിരിക്കുന്നു എന്നതാണ് ആ നാട്ടിലെ പ്രധാന വാർത്ത. നാട്ടുപ്രമാണികൾ ശ്രീ പണിക്കരുടെ തീരുമാനം പുനരാലോചിക്കേണ്ടതാണെന്ന് അദ്ദേഹത്തോട്

ആവശ്യപ്പെട്ടു. വമ്പിച്ച ഒരു പ്രതിഷേധപ്രകടനം നടത്താൻകൂടി ആ നാട്ടുകാർ തയ്യാറായി നിൽക്കയാണ്. ഒരുപക്ഷേ ഇതൊരരക്ഷിതാവസ്ഥക്കുതന്നെ വഴിതെളിയിക്കുമെന്നും അതു കൊണ്ട് ശ്രീ പണിക്കർ വീണ്ടും പ്രവർത്തനം തുടരണമെന്നുമാണ് ശക്തിയായ ബഹുജനാഭി പ്രായം. അദ്ദേഹം ദുർമന്ത്രവാദം ചെയ്യുതായി കേട്ടുകേൾവിയില്ല. മുപ്പത്തുമുക്കോടി ദേവതകളും മൂവായിരത്തി മുന്നൂറ്റി മുപ്പത്തിരണ്ട് പിശാചുക്കളും ആ എഴുത്താണിത്തുമ്പിനെ ഭയപ്പെടുന്നു. ഒരു പത്രലേഖകന്റെ റിപ്പോർട്ട് പോലെയാണ് ഈ കഥ അവസാനിപ്പിച്ചിരിക്കുന്നത്. പണ്ട് കാലത്ത് നിലനിന്നിരുന്ന അന്ധവിശ്വാസങ്ങളും ആഭിചാരക്രിയകളും മനുഷ്യജീവിതത്തെ എത്രമാത്രം സ്വാധീനിച്ചിരുന്നു എന്ന് മനസ്സിലാക്കിത്തരുന്നതാണ് ഈ കഥ. തെക്കേടത്ത് വീട്ടുകാരും പുളിയങ്കണ്ടത്ത് വീട്ടുകാരും തമ്മിലുള്ള ശത്രുതയിൽ തെക്കേടത്ത്കാരുടെ കൂടെ ശങ്കുപ്പണിക്കർ കൂടുന്നു. നാട്ടുകാരും അവരുടെ കൂടെയായിരുന്നു. പുളിയൻകണ്ടത്ത്കാരുടെ ദുർമ്മന്ത്രവാദം അവസാനിപ്പിക്കണം. ഇത്തരമൊരു പശ്ചാത്തലത്തിലൂടെയാണ് ഈ കഥ മുന്നോട്ടുപോകുന്നത്.

എം.ടിയുടെ നാട്ടുമായി ബന്ധപ്പെട്ട് എഴുതപ്പെട്ട കഥയാണ് 'സ്ഥലപുരാണം'. ഭഗവതിയും ആചാരങ്ങളും വിശ്വാസങ്ങളും കുരുതിയും എല്ലാം ചേർന്നുകിടക്കുന്ന കഥയാണിത്. അമ്മയു ടെ നല്ലച്ചൻ വാഴും മുത്തുമിളയും കുന്നിന്റെ നെറുകയിൽ ഞങ്ങൾ കാവൽ നിന്നു. പട വരുന്നു, അസുരന്മാരുടെ പട. സുൽത്താന്റെ കുതിരപ്പട വന്നപ്പോൾ തമ്പുരാൻ മനം നൊന്ത് അമ്മയെ വിളിച്ചു. "അമ്മേ ഭഗവതി", കണ്ണുതുറന്നപ്പോൾ പട നിന്നു. പട വന്നതുപോലെ തിരിച്ചു പോയി. വിജയം ആഘോഷിക്കാൻ കുരുതിയൊരുക്കി. ഒരു പ്രദേശത്തിലെ ജനങ്ങളിൽ രൂഢമൂലമായ വിശ്വാസത്തിന്റെ നാൾവഴികൾ സ്ഥലപുരാണത്തിൽ മനോഹരമായി വിവരിച്ചിരിക്കുന്നു.

നാട്ടിൻ പുറത്തിന്റെ നാൾവഴികളിൽ അതിന്റെ പിന്നാമ്പുറങ്ങൾ പരതുമ്പോൾ വർത്തമാന കാലത്തിന് അവിശ്വസനീയമായ കുറേ കാര്യങ്ങൾ കണ്ടെത്താൻ കഴിയും. അത് കഴിഞ്ഞകാല മനുഷ്യരെ സംബന്ധിച്ചിടത്തോളം അവരുടെ വിശ്വാസവും ജീവിതവുമായി കെട്ടുപിണഞ്ഞു കിടക്കുന്നതാണ്. അങ്ങനെയൊന്ന് ഇല്ല എന്ന് അവർ ഒരിക്കലും സമ്മതിച്ചു തരില്ല. എന്നാൽ അക്കാലത്തെ കാഴ്ചകൾ എന്തുകൊണ്ട് ഇപ്പോൾ ഉണ്ടാകുന്നില്ല എന്ന ചോദ്യത്തിന് അവർ ക്കുത്തരവുമില്ല. അത്തരത്തിലുള്ള ഒരു കഥയാണ് 'ചെറിയ ചെറിയ ഭൂകമ്പങ്ങൾ'. അതിലെ യക്ഷിയും ജാനകിക്കുട്ടിയും കൊത്തക്കല്ല് കളി മടുത്തപ്പോൾ വേറെ വഴികളിലൂടെ ചുറ്റിനടക്കാൻ തുടങ്ങി എന്ന് സൂചിപ്പിക്കുന്നുണ്ട്. രണ്ടു സമയത്താണ് മേലെ പറമ്പിലൂടെ യക്ഷിയുടെ നടത്തം. ഉച്ചക്കും പിന്നെ പാതിരക്കും. കയ്യാലമുറ്റത്തുകൂടി മറ്റൊരു യക്ഷി, അത് സരോജിനിയേടത്തി യാണ്. ഇല്ലക്കാരുടെ പുറത്തെ കുളത്തിൽ ചൂണ്ടയിട്ട് ഇരിക്കുന്ന ഗന്ധർവനെ കാണാനുള്ള പോക്കാണത്. കാഞ്ഞിരത്തിന്റെ ചോട്ടിൽ കലനീലി. ഇങ്ങനെ മുത്തശ്ശിയും പേരക്കുട്ടികളും അവരുടെ വിശ്വാസങ്ങളും കുടുംബബന്ധങ്ങളും കെട്ടുപിണഞ്ഞ കഥയാണിത്.

### വ്യക്തിബന്ധങ്ങൾ

സൗഹൃദങ്ങൾ മനുഷ്യന് എന്നും തണലാണ്. സുഹൃത്തിനുവേണ്ടി എന്തും ചെയ്യാൻ തയ്യാ റായി നിൽക്കുന്ന ഒരാളുണ്ടെങ്കിൽ അത് അവരെ സംബന്ധിച്ചിടത്തോളം സൗഹൃദത്തിന്റെ ഇഴയടുപ്പമാണ് കാണിക്കുന്നത്. 'പുതിയ അടവുകൾ' എന്ന കഥയിലെ നായകൻ സുഹൃത്തിന്റെ വിവാഹത്തിൽ പങ്കെടുത്ത് തിരിച്ചു വരികയാണ്. അദ്ദേഹത്തിന്റെ മനോവ്യാപാരങ്ങളിലൂടെ

യാണ് ഈ കഥ മുന്നോട്ട് പോകുന്നത്. യാത്രച്ചെലവിന് മൂന്നുറുപ്പിക, സമ്മാനം കൊടുക്കാൻ വാങ്ങിയ അഞ്ചുറുപ്പിക വിലയുള്ള പുസ്തകം, ഉറങ്ങാത്ത ഒരു രാത്രി, അസൂയയിൽ നിന്നുടലെടുത്ത മാനസികവൈഷമ്യങ്ങൾ. ഏതായാലും ഈ ഏർപ്പാട് നിർത്താൻ തന്നെ നിശ്ചയിച്ചു. ഇനി ഞാൻ ഒരൊറ്റ വിവാഹത്തിൽ മാത്രമേ സജീവമായി പങ്കെടുക്കുകയുള്ളൂ; എന്റേത്. തലേദിവസം രാത്രി കൂട്ടുകാരന്റെ വിവാഹത്തിൽ പങ്കെടുത്ത് വരുന്ന ഒരാൾ ബസ്സിൽ അമ്പത് നാഴിക സഞ്ചരിച്ച് മൂന്ന് മണിക്കൂർ നീണ്ട തീവണ്ടിയാത്ര എങ്കിലേ വീട്ടിലെത്തൂ. റെയിൽവേ സ്റ്റേഷനിൽ ഇരുന്നപ്പോൾ പരിചയപ്പെട്ട രണ്ട് വ്യക്തികളിലൂടെയാണ് കഥ മുന്നോട്ട് പോകുന്നത്. ഒരാൾ സായിപ്പിനെയും, വടക്കെ ഇന്ത്യക്കാരെയും ഇഷ്ടപ്പെടുന്നയാൾ. മറ്റേയാൾ ട്രെയിൻ ടിക്കറ്റിന് കാശില്ലാതെ തന്റെ ടോർച്ച് വിൽക്കാൻ നിർബന്ധിതനാകുന്നു. ട്രെയിനിൽ വെച്ച് കഥാനായകന്റെ പേഴ്സ് മോഷ്ടിക്കപ്പെടുന്നു. എല്ലാം നഷ്ടപ്പെട്ടവന് ചായ വാങ്ങിക്കൊടുത്തത് കാശില്ലാതെ ടോർച്ച് വിറ്റ യാത്രക്കാരനാണ്. പരിഷ്ക്കാരിയായ മറ്റേ യാത്രക്കാരൻ വലിയ വലിയ സംഭാഷണങ്ങളുമായി മറ്റൊരു ചെറുപ്പക്കാരനെ വധിച്ചുകൊണ്ടിരിക്കയാണ്.

എം.ടിയുടെ ജീവിതത്തെ സ്വാധീനിച്ച ഒരു കഥയാണ് 'നിന്റെ ഓർമ്മക്ക് ' എന്നത്. ലീല വാസുവിന്റെ സഹോദരിയാണ്. അവൾ തന്നതാണ് റബ്ബർ മൂങ്ങയെ. അടിഭാഗത്തെ കുറ്റി അമർത്തിയാൽ അതിന്റെ വായ തുറക്കും. വയറിനകത്ത് കടുംനീലനിറത്തിലുള്ള ചെറിയ കുപ്പി. അതിൽ സെന്റായിരുന്നു. അടപ്പു തുറന്നാൽ അരിമുല്ലപ്പൂക്കളുടെ മണം. പിൻവശത്തെ കമ്പികളിളക്കിയാൽ മൂങ്ങ കണ്ണുരുട്ടും. ആ മൂങ്ങ എന്റെ ജീവനായിരുന്നു. അച്ഛൻ സിലോണിൽ നിന്ന് വന്നപ്പോൾ കൂടെ ഒരു പെൺകുട്ടിയുമുണ്ടായിരുന്നു. ബോംബാക്രമണത്തിൽ സുഹൃത്ത് മരിച്ചപ്പോൾ അയാളുടെ മകൾ അനാഥയായി. അമ്മ നേരത്തേ മരിച്ചിരുന്നു. പക്ഷേ, ആ നുണകളെല്ലാം നിലനിൽക്കുന്നതായിരുന്നില്ല. ലീല അയാളുടെ മകളാണെന്ന കാര്യം എല്ലാവർക്കും ബോധ്യമായി. വീട്ടിൽ അമ്മയും അച്ഛനും തമ്മിൽ വഴക്കുകളുണ്ടായി. അച്ഛനെ പ്രതീക്ഷിച്ചിരുന്ന മക്കൾക്ക് ലീലക്ക് അച്ഛനോടുള്ള അടുപ്പം അത്രക്ക് ഇഷ്ടമായില്ല. ഇളയ മകനായ വാസുവിനേക്കാൾ അടുപ്പം ലീലക്കായിരുന്നു. ഒരു ദിവസം അച്ഛൻ പെട്ടിയൊതുക്കി ലീലയെക്കൂട്ടി വീട്ടിൽ നിന്നിറങ്ങി. വ്യക്തിജീവിതത്തിലെ ഇഷ്ടാനിഷ്ടങ്ങൾ കുടുംബജീവിതത്തിന് വിലങ്ങുതടിയാകുമ്പോൾ സാഹചര്യങ്ങളെ അതിജീവിക്കാൻ ഏതിനെ സ്വീകരിക്കണം ഏതിനെ പരിത്യജിക്കണം എന്നുള്ളതിനുത്തരം കണ്ടെത്താൻ ബുദ്ധിമുട്ടാണ്. ഇവിടെ കഥാനായകൻ തിരഞ്ഞെടുത്ത വഴി ചോദ്യങ്ങളിൽ നിന്നും രക്ഷപ്പെടാൻ സാഹചര്യങ്ങളെ ഒഴിവാക്കുക എന്നതാണ്. ഇതിന്റെ ശരിതെറ്റുകൾ വായനക്കാർക്ക് തീരുമാനിക്കാം.

വേറിട്ട ഒരു സൗഹൃദത്തിന്റെ കഥയാണ് 'കോട്ടയുടെ നിഴൽ'. ഏതോ സുൽത്താൻ പണിത കോട്ടയുടെ അരികിലിരിക്കുമ്പോൾ 'സുബൈദ..' എന്നാരോ വിളിക്കുന്നു - അൻവർഖാന്റെ മകൾ, സമീപമിരുന്ന മനുഷ്യനെ മരണത്തിൽ നിന്ന് രക്ഷിച്ചവൾ. കമ്പനിപ്പട്ടാളത്തിലായിരുന്നപ്പോൾ സുൽത്താന്റെ സൈന്യങ്ങളുടെ വിവരമറിയാൻ സായ്പ്പ് അയച്ചതാണയാളെ. കാടിന്റെ അതിർത്തിയിൽവെച്ച് സുൽത്താന്റെ പട്ടാളക്കാർ ബന്ധനസ്ഥനാക്കി, കാരാഗൃഹത്തിലടച്ചു. സായ്പ്പിന്റെ ഭാവി പരിപാടി അൻവർഖാനറിയണം. പറയാതെ വന്നപ്പോൾ മാറി മാറി തല്ലി, ചോര പൊടിഞ്ഞു. ഇടക്കിടക്ക് ഇതാവർത്തിച്ചു, ആ രാത്രിയിൽ ഒരു കാലിന്റെ ചലനശേഷി നഷ്ടപ്പെട്ട സുബൈദ-അൻവർഖാന്റെ മകൾ- അയാളെ രക്ഷിച്ചു. പക്ഷേ സുബൈദയെ അവർ

 ISSN: 2582 - 2594

കൊന്നുകളഞ്ഞു. രാജാവിനെ സംബന്ധിച്ചിടത്തോളം അധികാരമാണ് പ്രധാനം. മക്കൾ തമ്മിൽ പോരടിച്ച് അധികാരം സ്ഥാപിക്കാനായി കൊലനടത്തേണ്ടിവന്ന നിരവധി കഥകൾ രാജ ഭരണകാലത്തെ ചരിത്രത്താളുകളിൽ വായിച്ചെടുക്കാം. അവിടെയെല്ലാം സൗഹൃദത്തേക്കാളും കുടുംബബന്ധങ്ങളേക്കാളും അധികാരത്തിനും സമ്പത്തിനും വേണ്ടിയുള്ള നെട്ടോട്ടമാണ് കാണാനാവുക. ഈ കഥയിലും രാജശത്രുവിനെ സഹായിച്ച എന്ന പേരിൽ സ്വന്തം മകളെ കൊലചെയ്യാൻപോലും മടിക്കാത്ത ഒരു ഭരണാധികാരിയെയാണ് നാം കാണുന്നത്.

**ജാതിചിന്ത**

'ഒരു പിറന്നാളിന്റെ ഓർമ്മ' എന്ന കഥ ആ കാലഘട്ടത്തിൽ നിലനിന്നിരുന്ന ജാതീയമായ വേർതിരിവുകളെ ചൂണ്ടിക്കാണിക്കുന്നു. പിറന്നാൾ എന്നുപറയുമ്പോൾ പണ്ടെല്ലാം ആഹ്ലാദം തോന്നിയിരുന്നു. ഇപ്പോഴാകട്ടെ ഒരു നേർത്ത വേദനയാണ് അനുഭവപ്പെടുന്നത്. ഞങ്ങളുടെ സ്കൂളിൽ കൊല്ലത്തിലൊരു ദിവസം അവിലും ശർക്കരവെള്ളവും എല്ലാവർക്കും കിട്ടും. അന്ന് മാനേജരുടെ പിറന്നാളാണ്. ഞങ്ങളുടെ മാസ്റ്റർമാർക്ക് അന്നുച്ചക്ക് മാനേജരുടെ വീട്ടിലാണ് ഊണ്. അടപ്രഥമനും വലിയപപ്പടവും ശർക്കരയുപ്പേരിയുമുള്ള സദ്യയാണ്. നമ്പിടിമാസ്റ്റർ മാത്രം പോവില്ല. നമ്പിടിമാഷ് മാനേജരേക്കാളും മുന്തിയ ജാതിയാണത്രേ. ഇത് ഒരു കാലത്തിന്റെ, സംസ്കാരത്തിന്റെ ഓർമ്മപ്പെടുത്തലാണ്. ഓണത്തേക്കാൾ വലുതാണോ പിറന്നാൾ എന്നുകൂടി തോന്നി. വീട്ടിൽ ഓണത്തിന് സദ്യയുണ്ടാകും പ്രഥമനുണ്ടാവില്ല. വല്യമ്മാവന്റെ പിറന്നാളും പൊടിപൊടിക്കും. വീട്ടിൽ സദ്യയുണ്ടാകുന്നത് ഞങ്ങൾക്കിഷ്ടമാണ്. പക്ഷേ ഞങ്ങൾക്ക് ഉച്ച തിരിയുമ്പോഴേ ഊണുകിട്ടൂ. ക്ഷണിച്ച വരുത്തിയവരുടെയെല്ലാം കഴിയണം. വല്യമ്മാമനും മകൻ ദാമോദരനും ഉണ്ണുന്നത് ഞങ്ങൾ കുത്തഴിയിലൂടെ പാളിനോക്കും. കാച്ചിയ പപ്പടവും, അരച്ചുകലക്കിയും കൊണ്ടാട്ടവും. കുറേനേരം കഴിയുമ്പോൾ അമ്മയുടെ വിളി കേൾക്കാം. ഞങ്ങൾക്ക് നടപ്പുരയിൽ വിളമ്പിവെച്ചിട്ടുണ്ടാകും. ചോറല്ല. വരിവരിയായി ഓട്ടുകിണ്ണങ്ങളിൽ കഞ്ഞിയും മഞ്ഞനിറത്തിലുള്ള കൂട്ടാനും. ലോകത്തെ മുഴുവൻ ശപിച്ചുകൊണ്ട് ഞാനകത്താക്കും. വല്യമ്മാവന് ഞങ്ങളോടിത്ര പകയുണ്ടാവാൻ കാരണമെന്ത്? അമ്മാവനാണ് വീട്ടുചെലവിന് നെല്ലളന്ന് കൊടുക്കുക. ആഴ്ചയിലൊരിക്കൽ പത്തായപ്പുരയുടെ താഴത്തുള്ള വലിയ പെട്ടിപ്പത്തായം തുറക്കും. എന്നിട്ട് നാലു പുരയിലേക്ക് ഒരു വിളി. എല്ലാവരും അമ്മാവന്റെ മുന്നിൽ വരിവരിയായി നില്ക്കും. എന്റെ പിറന്നാളിന് നേർച്ച പായസത്തിന് നെല്ല് ചോദിച്ചതിന് അമ്മാവൻ അമ്മയെ തല്ലി. അന്ന് എന്റെ പിറന്നാളായിരുന്നു. അന്ന് ഞാൻ കുളിച്ചില്ല. അത് കഴിഞ്ഞിട്ട് ഇരുപത്കൊല്ലമായിരിക്കുന്നു. നാളെ എന്റെ പിറന്നാളാണ്. എം ടി ചെറുപ്പകാലംതൊട്ടുള്ള എല്ലാം വളരെ കൃത്യമായി ഓർക്കുന്നു. ഈ ഓർമ്മകളാണ് പിന്നീട് മനോഹരമായ കഥകളായി വായനക്കാരിലെത്തുന്നത്. "ചുറ്റുപാടുകളുടെ നിറം, ശബ്ദം, ഗന്ധം ഇതു മൂന്നും കുട്ടിക്കാലം മുതലേ ശ്രദ്ധിച്ചുപോന്നിരുന്നു. പുഴുങ്ങിയ നെല്ലിന്റെ ഗന്ധം, മഴക്കാലത്ത് ഉണങ്ങാനിട്ട് മുഴുവനും ഉണങ്ങാതെ കരിമ്പനടിക്കുന്ന തുണിയുടെ ഗന്ധം ഇതൊക്കെ കഥകളിൽ വരാറുണ്ട്." (2014, 25)

**ഉപസംഹാരം**

എം.ടിയുടെ കഥകൾ അനുഭവിക്കാനുള്ളതാണ്. അതുപോലെ ഒരു കാലഘട്ടത്തിന്റെ സൂക്ഷിപ്പുകളാണ്. കൂടാതെ വരുന്ന തലമുറക്ക് കൈമാറാനുള്ള നിധികുംഭങ്ങളാണ്. ഓരോ

കഥയിലും ജീവിതത്തിന്റെ പരപ്പും ആഴവും നിഷ്കളങ്കതയും നിറഞ്ഞിരിക്കുന്നു. ഈ കഥകൾ മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കുമ്പോൾ ചിലപ്പോൾ അതിന്റെ തനിമ നഷ്ടപ്പെട്ടെന്നിരിക്കും. എം.ടി.യെ മനസ്സിലാക്കണമെങ്കിൽ എം.ടിയുടെ കൃതികളിലൂടെ ആഴത്തിൽ സഞ്ചരിക്കണം. എം.ടികഥകളുടെ ഭംഗി നിലനിൽക്കുന്നത് അദ്ദേഹം കഥകളെഴുതിയത് തന്റെ ചുറ്റുപാടും കണ്ടു പരിചയിച്ച വ്യക്തിബന്ധങ്ങളിൽ നിന്നാണ്. അതുകൊണ്ടാണ് വായനക്കാർ അദ്ദേഹത്തിന്റെ കഥാപാത്രങ്ങളെ തേടി കൂടല്ലൂരിൽ എത്തുന്നത്. ഈ കഥാപാത്രങ്ങളെ തന്റെ മനസ്സിലിട്ട് രൂപപ്പെടുത്തി സ്വന്തമായ കാഴ്ചപ്പാടുകളും ചിന്തകളും വീക്ഷണങ്ങളും ഊതിനിറച്ചാണ് ഒരു കഥ രൂപപ്പെടുന്നത്. "മറ്റൊരു എഴുത്തുകാരന്റെയും നാമങ്ങളിൽ ഇല്ലാത്ത ഒരു സംശുദ്ധിയും ഗാംഭീര്യവും ആ അക്ഷരങ്ങളിൽ കുടികൊള്ളുന്നു. ഓരോ വാക്കും സൂക്ഷ്മതയോടെ മാത്രം ഉപ യോഗിക്കുന്ന എഴുത്തുകാരനാണ് എം ടി" (2018, 21). എം.ടി.യുടെ കഥകളിൽ കഥാപാത്ര ങ്ങൾ സഞ്ചരിക്കുന്ന വഴിയും അവർ താമസിക്കുന്ന ഇടങ്ങളും പ്രകൃതിതന്നെയും ആ കഥക്ക് അനുരൂപമായി രൂപപ്പെടുത്തിയെടുക്കുന്നു. ഓരോ കഥയിൽനിന്നും കഥാപാത്രത്തെ മാത്രം അടർത്തിയെടുക്കുക സാധ്യമല്ല. കഥയ്ക്ക് ജീവനേകുന്നത് കഥാപരിസരം കൂടിയാണ്. അതു കൊണ്ടാണ് എം.ടി. കഥകൾ ഗൃഹാതുരമായ ഓർമ്മകളുടെ സർഗ്ഗാവിഷ്കാരമായി മാറുന്നത്.

## സഹായകഗ്രന്ഥങ്ങൾ


- ഡോ. ജോസ് തങ്കച്ചൻ, എം ടി യാത്രകളുടെ കഥാകാരൻ, 2018: കോട്ടയം, ഡോൺ ബുക്സ്.
- എഡി. പ്രതാപൻ തായാട്ട്, എം ടി, 2018: പാലക്കാട്, ആപ്പിൾ ബുക്സ്.
- ഡോ. കെ.എസ് രവികുമാർ, എം ടി, അക്ഷരശില്പി, 2017: തിരുവനന്തപുരം, ചിന്ത പബ്ലിഷേഴ്സ്.
- എം.ടി. വാസുദേവൻ നായർ, എംടിയുടെ കഥകൾ, 2023, കോട്ടയം: ഡി.സി. ബുക്സ്.
- എഡി. സജിൽ ശ്രീധർ, എം ടി, എഴുത്തിന്റെ ആത്മാവ്, 2014: തിരുവനന്തപുരം, ചിന്ത പബ്ലി ഷേഴ്സ്.

# രാപ്പാടിയും നൈറ്റിംഗേലും

## വിവർത്തനത്തിന്റെ സ്ത്രൈണചാരുതയും താദാത്മീകരണവും

**ജിനി എം.ടി**
അസിസ്റ്റൻറ് പ്രൊഫസർ
മലയാളവിഭാഗം
സെക്രഡ് ഹാർട്ട് കോളേജ്,
ചാലക്കുടി
E-mail: jinithomasmenachery@gmail.com

**സംഗ്രഹം**

ജോൺ കീറ്റ്സിന്റെ 'Odd to a Nightingale' സുഗതകുമാരി 'രാപ്പാടിയോട്' എന്ന പേരിൽ വിവർത്തനം ചെയ്തിട്ടുണ്ട്. ഈ വിവർത്തനത്തിന് മൂലകൃതിയുമായുള്ള സാമ്യവ്യത്യാസങ്ങൾ കണ്ടെത്തുന്നു. സ്ത്രീപക്ഷവായനക്കുള്ള സാധ്യതകൾ ഈ വിവർത്തനത്തിൽ ഒളിഞ്ഞിരിക്കുന്നുണ്ട്. സമാനഭാവുകത്വത്തിന്റെ വക്താക്കളായി കീറ്റ്സിനെയും സുഗതകുമാരിയെയും അടയാളപ്പെടുത്താം എന്നിരിക്കെത്തന്നെ പുരുഷകേന്ദ്രീകൃതവാക്കുകളും അതിന് സ്ത്രീ ബോധപൂർവമോ അബോധപൂർവമോ നൽകുന്ന സ്ത്രീപക്ഷ വിവർത്തനവും ഈ വിവർത്തനത്തെ ശ്രദ്ധേയമാക്കുന്നുണ്ട്. മൂലഗ്രന്ഥകാരനുമായുള്ള സമാന ഹൃദയത്തിന്റെ ഇഴയടുപ്പങ്ങൾ ഇതിൽ ദർശിക്കാനാകും. അത്തരത്തിലുള്ള പഠനത്തിന് ഈ പ്രബന്ധത്തിൽ ശ്രദ്ധയൂന്നുന്നു.

**താക്കോൽവാക്കുകൾ :** കവിതാവിവർത്തനം, സമാനഭാവുകത്വം, സ്ത്രീപക്ഷവിവർത്തനം, താദാത്മീകരണം.

സാഹിത്യവ്യവസ്ഥയുടെ അനുപേക്ഷണീയമായ ഭാഗമാണ് വിവർത്തനം. മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയിൽ മറ്റ് ഭാഷകളുമായുണ്ടായ സമ്പർക്കത്തിന് അതിപ്രധാനമായ പങ്കുണ്ട്. വാൾട്ടർ ബെഞ്ചമിൻ തന്റെ 'വിവർത്തകന്റെ ദൗത്യം' എന്ന പ്രബന്ധത്തിൽ ഭാഷകൾക്ക് അന്യോന്യമുള്ള രക്തബന്ധങ്ങൾ പൂർത്തീകരിക്കപ്പെടുന്നത് അവ പരിഭാഷകളിലൂടെ ആദർശമണ്ഡലത്തിലേക്ക് സഞ്ചരിക്കുമ്പോളാണെന്ന് പറയുന്നു[1]. ഭാഷകൾ പരസ്പരപൂരകങ്ങളാണ്. വിവർത്തനം അവ തമ്മിലുള്ള സംഭാഷണമാണ്.

കവിതാരചന പോലെത്തന്നെ ഏറെ ശ്രമകരമായ ഒരു സൃഷ്ടികർമ്മമാണ് കവിതാവിവർ

ത്തനവും. ഒരു നിർദിഷ്ട ഭാഷയിൽ ഒരു കവി സൃഷ്ടിക്കുന്ന ഭാവപ്രപഞ്ചം മറ്റൊരു ഭാഷയിൽ, സന്ദർഭത്തിൽ, പുനഃസൃഷ്ടിക്കുന്ന ഒരു തീവ്രധ്യാനമാണത്.[2] വിവർത്തിതകവിതയിൽ മൂലകവിതയുടെ ആത്മചൈതന്യം പൂർണമായും പ്രതിബിംബിക്കുവാൻ വിവർത്തകന് കഴിയുകയില്ലെന്ന് ഡോ. ജോൺസൻ അഭിപ്രായപ്പെടുന്നുണ്ട്.[3] എന്നാൽ മൂലകൃതിയുടെ വിമർശനാത്മകമായ വ്യാഖ്യാനമാവുകയും അതേസമയം സ്വതന്ത്രകൃതിയെപോലെ വിമർശനവും വ്യാഖ്യാനവും ക്ഷണിച്ചു വരുത്തുകയും ചെയ്യുന്ന കാവ്യവിവർത്തനത്തിന്റെ ഇരട്ട മുഖത്തെക്കുറിച്ച് ഹോംസ് പറയുന്നതിങ്ങനെയാണ്. "എല്ലാ വിവർത്തനങ്ങളും വിമർശനാത്മകമായ ഒരു വ്യാഖ്യാനമാണെങ്കിലും കവിതാവിവർത്തനം അവയിൽ നിന്നെല്ലാം വേറിട്ട് നിൽക്കുന്നത് അതിന് കാവ്യമായി പെരുമാറുക എന്ന ലക്ഷ്യം കൂടിയുള്ളതിനാലാണ്. ഒരേ സമയം അതിസാഹിത്യമായും (Meta Language) അടിസ്ഥാനസാഹിത്യമായും പെരുമാറുന്ന ഈ ഇരട്ട സ്വഭാവമുള്ളതിനാൽ ഈ പ്രത്യേക സാഹിത്യരൂപത്തിന് അതികവിത എന്ന സ്ഥാനം നൽകുന്നതായിരിക്കും ഉചിതം."[4]

ഭാവം എന്ത് തന്നെ ആയാലും നല്ല വിവർത്തനം തന്മയീഭാവത്തിന്റെ കലയാണ്. നിർവൃതിയുടെ ലയമാണ്. കവിക്ക് അനുഭൂതമായ ഭാവസമാധിയോട് സമാനമായ തരംഗദൈർഘ്യത്തിൽ സംവദിക്കാനാവുന്നവനുമാത്രമേ നല്ല കവിതാവിവർത്തകനാകാനാവൂ എന്ന് എൻ. ആർ. ഗോപിനാഥപിള്ള അഭിപ്രായപ്പെടുന്നു.[5] സുഗതകുമാരിയുടെ വിവർത്തന കവിതകളുടെ തിരഞ്ഞെടുപ്പിലും മൂലഗ്രന്ഥകാരന്മാരുമായുള്ള സമാനഹൃദയത്തിന്റെ ഇഴയടുപ്പങ്ങൾ ദർശിക്കാനാകും. മൂലകൃതിയുമായുള്ള മനപ്പൊരുത്തം, ആത്മബന്ധം ഉണ്ടാക്കുന്ന കൃതികൾ, ഇവ പലപ്പോഴും അനുകരണത്തിന് പ്രേരിപ്പിക്കുന്നു. തന്റെ മൗലികരചനകളുടെ വിഷയങ്ങളുമായി അങ്ങേയറ്റം പൊരുത്തപ്പെടുന്ന പ്രമേയങ്ങൾ സ്വീകരിച്ചിട്ടുള്ള കവിതകളാണ് സുഗതകുമാരി വിവർത്തനത്തിന് എടുത്തിട്ടുള്ളതെന്ന കാര്യം ശ്രദ്ധേയമാണ്. അത്തരത്തിൽ ആകെ ഇരുപത്തിയൊന്ന് കവിതകളാണ് സുഗതകുമാരി വിവർത്തനം ചെയ്തിട്ടുള്ളത്.

കവിത്വം ചോർന്നുപോകാത്ത കവിതാവിവർത്തനങ്ങൾ മലയാളത്തിൽ ധാരാളം ഉണ്ടായിട്ടുണ്ട് എന്നത് നിസ്തർക്കമാണ്. ഇംഗ്ലീഷ് സാഹിത്യത്തിലെ ഏറ്റവും ശ്രദ്ധേയനായ പ്രതിഭയും കാല്പനിക പ്രസ്ഥാനത്തിന്റെ നായകസ്ഥാനീയരിൽ പ്രമുഖനുമായി വിലയിരുത്തപ്പെടുന്ന ജോൺ കീറ്റ്സിന്റെ കവിത സുഗതകുമാരി വിവർത്തനം ചെയ്തിട്ടുള്ളത് കവിത്വം ഒട്ടും ചോർന്നുപോകാതെയാണ്.

അർച്ചനാഗീതങ്ങളിൽ ഏറെ ശ്രദ്ധേയമായ Ode to a Nightingale എന്ന കവിത രാപ്പാടിയോട് എന്ന പേരിൽ സുഗതകുമാരി വിവർത്തനം ചെയ്തിരിക്കുന്നത് ഏറെ ശ്രദ്ധേയമാണ്. ജോൺ കീറ്റ്സിന്റെ അർച്ചനാകാവ്യങ്ങളുടെ പരമ്പര അവയുടെ ബിംബസമൃദ്ധികൊണ്ട് ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. അതിൽ Ode to a Nightingale "എല്ലാ കാലത്തെയും എല്ലാ യുഗങ്ങളിലെയും മനുഷ്യഭാവനയുടെ അത്യുന്നത നായകശില്പങ്ങളിൽ ഒന്നാണ്"[6] എന്ന് ചാൾസ് സ്വിൻബേൺ വിശേഷിപ്പിക്കുന്നുണ്ട്.

കീറ്റ്സിന്റെയും സുഗതകുമാരിയുടെയും കാവ്യവഴികളിൽ ഒട്ടേറെ സമാനതകളുണ്ട്. കാല്പനിക യുഗത്തിലെ (Romantic Era) കവിയാണ് കീറ്റ്സ് (1795-1821). "അടിസ്ഥാനപരമായി കാല്പനികവും വ്യക്തിവാദപരവുമായ ഭൂമികയിൽ നിന്നുകൊണ്ടാണ് സുഗതകുമാരിയും കാവ്യജീവിതം ആരംഭിച്ചത്. കാല്പനികഭാവനയുടെ മാന്ത്രികഭംഗികളും ഭാവഗീതത്തിന്റെ ഗാനാ

ത്മകതയും ആത്മാവിഷ്കാരത്തിന്റെ വികാരസാന്ദ്രതയും മുറ്റിയ ആ രചനകൾ തുടക്കത്തിൽ തന്നെ ചങ്ങമ്പുഴക്കുശേഷം അപചയപ്പെട്ടുതുടങ്ങിയ മലയാളത്തിലെ കാല്പനിക കവിതക്ക് നവോന്മേഷം പകർന്നവയാണ്"[7]. കാല്പനികതയുടെ ശക്തനായ പ്രയോക്താവായിരുന്ന ജോൺ കീറ്റ്സിനോട് സുഗതകുമാരിക്ക് തോന്നിയ സമാനഭാവുകത്വമായിരിക്കാം അവരെ ഇത്തരത്തിലൊരു വിവർത്തനത്തിന് പ്രേരിപ്പിച്ചത്.

കീറ്റ്സ് എഴുതിയ ഒരു കത്തിൽ 'മരയോന്ത്'എന്ന് സ്വയം വിശേഷിപ്പിക്കുന്ന ഒരു സന്ദർഭമുണ്ട്.[8] ഒരുപാട് കവികൾ പരിസ്ഥിതി കവിതകളെഴുതിയിട്ടും 'മരക്കവി' എന്ന ചെല്ലപ്പേര് സുഗതകുമാരിക്ക് മാത്രമാണ് കിട്ടിയത്.

സുഗതകുമാരിയുടെ കാവ്യചേതനയുടെ ഒരിക്കലും വറ്റാത്ത ഉറവയാണ് പ്രകൃതി. ആ കവിതകളിൽ ഇടയ്ക്കിടെ കടന്നുവരുന്ന ഒരു ബിംബമാണ് പക്ഷി. ഉള്ളിലെപ്പോഴും ഒരു മരം സൂക്ഷിച്ചുവയ്ക്കുന്ന, ആ മരത്തിലിരുന്ന് പാടുന്ന പക്ഷിക്ക് കാതോർത്തിരിക്കുന്ന കവയിത്രിയാണ് സുഗതകുമാരി. ഇനിയീ മനസ്സിൽ കവിതയില്ല എന്ന ഏറ്റുപറച്ചിലിനു തൊട്ടുപിറകേ, 'ഒരു പാട്ടു പിന്നെയും' എന്ന് ആ കുളിരരുവിയിലെ ഉറവ കിനിയുന്നുണ്ട്. ഒറ്റച്ചിറകു മുറിഞ്ഞ്, ആ നോവ് മറന്ന്, വീണ്ടും തെളിഞ്ഞ് പാടുന്ന ആ പക്ഷി സുഗതകുമാരിയുടെ സ്വച്ഛന്ദമായ പ്രതിബിംബമാണെന്ന് പ്രൊഫ.കെ.പി. ശങ്കരൻ വിലയിരുത്തുന്നുണ്ട്.[9] ഈയൊരു പക്ഷിയുടെ സാദൃശ്യം 'Ode to a Nightingale' എന്ന കവിതയിൽ സുഗതകുമാരി കണ്ടെത്തുന്നു. നൈറ്റിംഗേൽ എന്ന പേര്, ആഹ്ളാദത്താൽ കണ്ഠം തുറന്നൊഴുക്കും സംഗീതം, ഇവയെല്ലാം സുഗതകുമാരിയുടെ കാവ്യഹൃദയത്തിന്റെ താദാത്മീകരണത്തിന് വഴിയൊരുക്കുന്നതായിരുന്നു. സുഗതകുമാരിയുടെ രാത്രിമഴ എന്ന കവിതാസമാഹാരത്തിലാണ് രാപ്പാടിയോട് എന്ന വിവർത്തന കവിത പ്രസിദ്ധീകരിച്ചിരിക്കുന്നത് (1977). ഒരു ചതുഷ്പദിയും ഒരു ഷഡ്പദിയും ചേർന്ന പത്ത് വരികളുള്ള എട്ട് ഖണ്ഡങ്ങളിൽ കീറ്റ്സ് എഴുതിയ അർച്ചനാഗീതം സുഗതകുമാരി കേകയിൽ വിവർത്തനം ചെയ്തിരിക്കുന്നു. "ഭാഷാവൃത്തത്തിന്റെ ഈരടികളിൽ അർച്ചനാഗീതത്തിന്റെ സവിശേഷതകൾ ഉണ്ടാകുന്നില്ല എങ്കിലും ആലാപനമധുരവും ആശയസമ്പുഷ്ടവുമാണ് സുഗതകുമാരിയുടെ ഈ വിവർത്തനകവിത."[10] വൈകാരികതയും കാവ്യാത്മകതയും നിലനിർത്തിക്കൊണ്ടുള്ള വിവർത്തനമാണിതെന്ന് പ്രൊഫ.സി.പി.പിള്ള അഭിപ്രായപ്പെടുന്നു.[11]

"കീറ്റ്സിന്റെ കവിതകളിൽ ഒട്ടു മിക്കതിലും കടുത്ത വേദനയിൽ, കാതരമായി, അലിവോടെ പാടുന്ന ഒരു ഹൃദയമുണ്ടായിരിക്കും. സൗന്ദര്യം മൃതിപ്പെട്ടു പോകുന്നതാണെന്ന ബോധത്തിൽനിന്നാണ് ആ തീവ്രമായ ഹൃദയവേദനയുടെ ഗാനം ഉതിർന്നു വീഴുന്നത്. രാപ്പാടിയോട് എന്ന കവിത ഗാനം ചെയ്യുന്ന സത്യവും മറ്റൊന്നല്ല. അതുതന്നെയാണീ വിവർത്തനത്തിന്റെ ശക്തിയും".[12] ആ വേദന അലിവോടെ കേൾപ്പിക്കാൻ വിവർത്തനത്തിന് കഴിഞ്ഞിട്ടുണ്ട്.

അർച്ചനാഗീതങ്ങളുടെ പ്രത്യേകതയാണല്ലോ ഒരു അവസ്ഥയെയോ വ്യക്തിയെയോ അഭിസംബോധന ചെയ്തുകൊണ്ടുള്ള കവിതകൾ. രാപ്പാടിയെ അഭിസംബോധന ചെയ്ത് സംസാരിക്കുകയാണ് കീറ്റ്സ് ഈ കവിതയിൽ. നൈറ്റിംഗേലിനെ ഒരു സ്ത്രീയായി കീറ്റ്സ് ഒരിടത്തും വിശേഷിപ്പിക്കുന്നില്ല. എന്നാൽ വിവർത്തനത്തിൽ രാപ്പാടിയെ ഒരു സ്ത്രീയായിത്തന്നെ സുഗതകുമാരി വിശേഷിപ്പിക്കുകയും അഭിസംബോധന ചെയ്യുകയും ചെയ്തിരിക്കുന്നു.

"മുകളിൽ ഇലച്ചാർത്തിൽ വാഴുവോൾ
നിത്യഗായികേ,മൃതയാകുവാൻ പിറന്നൊരു
പക്ഷിയല്ലോ നീ,മരിക്കില്ല നീയൊരു നാളും"

ഇങ്ങനെ രണ്ടിടങ്ങളിൽ സ്ത്രീത്വം സുഗതകുമാരി ആ പക്ഷിയിൽ ആരോപിക്കുന്നുണ്ട്. ഒരുപക്ഷെ ബോധപൂർവ്വമല്ലെങ്കിലും തന്നോട് താദാത്മ്യപ്പെടുന്ന, കൂട്ടുചേരുന്ന, ഒരുവേള തന്റെ തന്നെ സ്വത്വമായി ആ പക്ഷിയെ അവർ കാണുമ്പോൾ, ഒരു സ്ത്രീവിവർത്തനത്തിന്റെ ചാരുതയായി ഈ താദാത്മീകരണം മാറുകയാണ്. മാത്രമല്ല പ്രകൃതിയിലെ ചരാചരങ്ങളുമായി സാഹോദര്യം പുലർത്തുന്ന മനോഭാവം സുഗതകുമാരികവിതകളുടെ പ്രത്യേകതയാണ്.

But here there is no light
Save what from heaven is
with the breezes blown.

എന്ന വരിയുടെ തർജ്ജമ ഇപ്രകാരമാണ്.

എങ്കിലും വെളിച്ചമില്ലിങ്ങ്,വിണ്ണിൽ നിന്നൽപ്പ -
മൻപിലീയിളം കാറ്റിൽ പാറി വീഴുവതെന്യേ ........

ഈ വരിയിലെ 'അൻപ്' എന്ന പദം സുഗതകുമാരിയുടെ കൂട്ടിച്ചേർക്കലാണ്. പ്രകൃതിയോടുള്ള സ്നേഹം, പ്രകൃതി നമ്മോട് കാട്ടുന്ന സ്നേഹം, പ്രകൃതിയുമായുള്ള ലയം ഈ വാക്കിൽ നിറയുന്നുണ്ട്.

Where but to think is to be full of sorrow
and leaden - eyed despairs

എന്നതിന്

എങ്ങു ഹാ! ചിന്തിക്കലെ വേദന! നനവൂറും
കണ്ണുകൾ കല്ലായ് മാറ്റും നിർദയ നിരാശത!

ഇവിടെ നനവൂറും എന്ന വാക്ക് കൂട്ടിച്ചേർക്കുന്നു. സ്വഭാഷയുടെ ഹൃദയത്തിലൂടെയും സ്വഭാവനയിലൂടെയും സ്വതന്ത്രമായ ലാവണ്യബോധത്തിലൂടെയുമാണ് ഈ മൊഴിമാറ്റം സുഗതകുമാരി നിർവഹിച്ചത്.

സുഗതകുമാരിയുടെ കവിതകളിൽ നിന്ന് ഊറിവരുന്ന പ്രധാന ഭാവങ്ങളിലൊന്ന് വിഷാദമാണ്. ആ വിഷാദഭാവം വിവർത്തനത്തിലും വന്നിട്ടുള്ളത് നോക്കുക.

Fade far away, dissolve and quiet forget

എന്ന ഒരു വരിയെ വിവർത്തനത്തിൽ,

മങ്ങിമാഞ്ഞെങ്കിൽ, ദൂര-ദൂരത്തിലലിഞ്ഞെങ്കിൽ...
ഒന്ന് ഞാൻ മറന്നെങ്കിൽ,നീയറിയാത്തീ ശോകം.

എന്ന് ഈരടിയാക്കുന്നു. ഈ വിഷാദാവസ്ഥ വാക്കുകളായി അബോധപൂർവം പുറത്തുവരുന്നു എന്നതിനുദാഹരണമാണ്, ഈ വരിയിലെ നീയറിയാത്തീ ശോകം എന്ന കൂട്ടിച്ചേർക്കൽ. കീറ്റ്സ് പാതിവഴിയിൽ നിറുത്തിയതിന് ഇവിടെ പൂരണം നൽകുക കൂടി ചെയ്യുന്നുണ്ട് സുഗതകുമാരി.

 ISSN: 2582 - 2594

I cannot see what flowers are at my feet

എന്ന വരിക്ക്

ഞാനറിയുന്നില്ലേതു പൂക്കളോ .........കാൽക്കൽ? തങ്ങി -
യീ മരങ്ങളിലേതു സൗരഭ്യമുലാവുന്നു.

എന്നാണ് പരിഭാഷ. ഇവിടെ എനിക്ക് കാണാൻ കഴിയുന്നില്ല എന്നതിന് ഞാനറിയുന്നില്ല എന്നാണ് സുഗതകുമാരിയുടെ ഭാഷ്യം. സ്ത്രീയുടെ കാഴ്ചകൾ കണ്ണിന്റേതുമാത്രമല്ല, അത് മനസ്സിന്റേതുകൂടിയാണ്. അത് അറിവാണ്. പുറമെയുള്ള ലോകത്തോടെന്നതിനേക്കാൾ അവൾ അഭിരമിക്കുന്നത് അവളുടെ ആന്തരിക ലോകത്തോടാണ്. ഇവിടെ സുഗതകുമാരിയുടെ പ്രണയസങ്കല്പം കൂടി ചേർത്തുവായിക്കാം. കിനാവും നിലാവും പോലെ മറഞ്ഞു പോകാവുന്ന ഒന്നാണ് അനുരാഗമെങ്കിലും മനസ്സിനുള്ളിൽ നേർത്തൊരു സുഗന്ധം അവശേഷിപ്പിക്കാൻ അതിന് കഴിവുണ്ട്.

"അത് പൂവുപോലെ, കിനാവുപോലെ,
തിരിനാളം പോലെ, നിലാവുപോലെ
മറയും, എന്നാലും മനസ്സിനുള്ളിൽ
ഒരു തെല്ല പൂമണം ബാക്കി നിൽക്കും".

(അനുരാഗികൾക്കായി.....,കുറിഞ്ഞിപ്പൂക്കൾ)

കൂട്ടിച്ചേർക്കലുകൾക്കു പുറമെ അർത്ഥഭേദമുള്ള പദങ്ങൾ പകരം വയ്ക്കുന്നുണ്ടീ വിവർത്തനത്തിൽ.

But on the viewless wings of Poesy

എന്ന വരിയിലെ Poesy (കാവ്യരചന) എന്നതിന് ഗാനം എന്നാണ് സുഗതകുമാരി പകരം വയ്ക്കുന്നത്. സുഗതകുമാരി കവിതകൾ പൊതുവെ സംഗീതാത്മകമാണ്. മാത്രമല്ല, തന്റെ ഒരുപാട് കൃതികളിൽ, കവിതയെ ഗാനം എന്നുതന്നെയാണ് സുഗതകുമാരി വിശേഷിപ്പിച്ചിരിക്കുന്നത്.

ഉദാഹരണമായി

വാടിപ്പോവുകിലാകട്ടെ,യെന്നുയിരിലീ -
ഗാനങ്ങൾ പേറീ സ്വയം തേടും നിൻപദം

(പാതിരാപ്പൂക്കൾ)

എങ്കിലുമനശ്വരനാക്കട്ടെ നിന്നെ ദീപ്ത -
മെന്റെ ഗാനത്താൽ എന്റെ ആത്മാവിൻ സുഗന്ധത്താൽ
നിഷ്ഫലമല്ലീ ജന്മം തോഴാ,
നിനക്കായി പാടുമ്പോൾ
നിഷ്ഫലമല്ലീ ഗാനം
നീ ഇത് മൂളി നടക്കുമ്പോൾ

(സമാനഹൃദയാ നിനക്കായി പാടുന്നേൻ)

തുടങ്ങി ഒട്ടേറെ വരികൾ കണ്ടെത്താനാകും.

മരണം ഒരു യക്ഷിയെ പോലെ തന്നെ സമീപിക്കുമ്പോൾ കീറ്റ്സ് ഏറെ സംഘർഷത്തോടെ വേദനയോടെ യാത്രാമൊഴി ചൊല്ലുന്നു. Adieu എന്ന ഫ്രഞ്ച് പദമാണ് മൂലകവിതയിൽ വിടപറയാൻ കീറ്റ്സ് ഉപയോഗിക്കുന്നത്. Good Bye, Farewell എന്നൊക്കെയാണ് ആ വാക്കിന്റെ അർഥം. അതിന് തത്തുല്യമായ പദങ്ങൾ മലയാളത്തിൽ ഉണ്ടായിരിക്കെ സുഗതകുമാരി പകരം വയ്ക്കുന്നത് 'വന്ദനം' എന്ന വാക്കാണ്. ഭാരതീയസംസ്കാരത്തിന്റെ സവിശേഷതകളിൽ ഒന്നാണ് മരണത്തെ ശാന്തമായി എതിരേൽക്കുക എന്നത്. യാത്രാമൊഴി ചൊല്ലുന്നതിനപ്പുറത്ത് തന്റെ അരികിലെത്തിയ മരണത്തിന് ആഢ്യത്വത്തോടെയുള്ള ഒരു സ്വാഗതവും അടിയറവ് പറയലും ഈ വാക്കിൽ കാണാം.

> Adieu!  adieu thy plaintive anthem fades
> past the near meadows, over the still stream
> up the hill side, and now tis buried deep
> in the next valley glades

എന്ന വരികൾ

> വന്ദനം ഹാ! വന്ദനം ദുഃഖനിർഭരം നിന്റെ
> സംഗീതമരികത്തെ പുൽത്തട്ടിൽ മങ്ങികേൾപ്പൂ
> സ്തബ്ധയാം പുഴക്കുമേലാണിപ്പോൾ! അതാ കുന്നി-
> ന്നപ്പുറത്തായി! മുങ്ങിതാണുപോയി താഴ്വാരത്തിൽ

Buried Deep എന്നതിന് 'മുങ്ങിതാണുപോയി താഴ്വാരത്തിൽ' എന്ന് വിവർത്തനം ചെയ്യുമ്പോൾ സൂര്യാസ്തമയത്തിന്റെ വാങ്മയചിത്രമാണ് മുന്നിൽ തെളിയുന്നത്. ഇന്ന് അസ്തമിക്കുന്ന സൂര്യൻ പിറ്റേന്ന് ഉദയശോഭയിലേക്ക് വിടരും. മരണം ഒരു പുനർജന്മത്തിലേക്കുള്ള വാതിൽ തുറക്കൽ മാത്രം. ഭാരതസംസ്കാരത്തിന്റെ പുനർജന്മ വിശ്വാസത്തോട് ഇതിനെ ചേർത്ത് വായിക്കാം. ഒ.എൻ.വി.കുറുപ്പ് സുഗതകുമാരിയുടെ കവിതകളെപ്പറ്റി ഒറ്റവാക്യത്തിൽ കുറിക്കുന്നതിങ്ങനെയാണ്. "സത്യവും സൗന്ദര്യവും രണ്ടല്ലെന്ന് സുഗതകുമാരിയുടെ കവിതകൾ എന്റെ മനസ്സിൽ കുറിച്ചിടുന്നു". ഇതുതന്നെയല്ലേ കീറ്റ്സും പറഞ്ഞത്. Truth is Beauty, Beauty is Truth – That's all. കീറ്റ്സിന്റെ ഈ വാക്കും സുഗതകുമാരിയുടെ കാവ്യസാരവും ഒന്നായി മാറുന്ന തന്മയീഭാവത്തിന്റെ കല ഈ തർജ്ജമയിൽ വായിച്ചെടുക്കാം. സുഗതകുമാരി വിവർത്തനത്തിനായി തിരഞ്ഞെടുത്ത കവിതകൾക്കും കവികൾക്കും പൊതുവായ ചില ഇടങ്ങളും സമാനമായ ചില ഭാവങ്ങളുമുണ്ട്, അവ സവിശേഷ സംസ്കാരങ്ങളെ അടയാളപ്പെടുത്തുന്നവയാണെങ്കിൽ കൂടിയും. മൂലകൃതിയുടെ കർത്താവുമായി പരിഭാഷകനിലുണ്ടാവുന്നത് തികഞ്ഞ ഭാവൈക്യം തന്നെയാണ്. താദാത്മ്യം പ്രാപിക്കാൻ കഴിയാത്ത ഒരാളുടെ കഥയോ കവിതയോ വിവർത്തനം ചെയ്യാനാവില്ല. ആ കവിത അയാളുടെ മുമ്പിൽ തുറന്നുവരില്ല. സത്യത്തിൽ പരകായപ്രവേശനമാണ് വിവർത്തനം. സുഗതകുമാരി 'സമാനഹൃദയർക്കുവേണ്ടി' കവിതയെഴുതിയ കവയിത്രിയാണ്. ഒപ്പം, സമാനഹൃദയമുള്ളവരുടെ കവിതകളാണ് അവർ മലയാളത്തിൽ വിവർത്തനം ചെയ്തിട്ടുള്ളതും.

 ISSN: 2582 - 2594

### കുറിപ്പുകൾ

1. അരുൺലാൽ കൊകേരി (2021). വിവർത്തകന്റെ ദൗത്യം (വാൾട്ടർ ബെഞ്ചമിന്റെ ലേഖനത്തിന്റെ പരിഭാഷ), അന്യോന്യം ത്രൈമാസികം, 77–78.
2. എൻ.ആർ.ഗോപിനാഥപിള്ള (1994). സംസ്കൃതകാവ്യവിവർത്തനം. പി.ആർ.പ്രബോധചന്ദ്രൻ (Ed.) വിവർത്തനചിന്തകൾ. ഡി.സി.ബുക്സ്, കോട്ടയം, 53.
3. സി.പി.പിള്ള (1994). മലയാളവിവർത്തനത്തിന്റെ സംക്ഷിപ്തചരിത്രം. പി.ആർ. പ്രബോധചന്ദ്രൻ (Ed.) വിവർത്തനചിന്തകൾ. ഡി.സി.ബുക്സ്, കോട്ടയം. 34.
4. സോമനാഥൻ പി. (2014). വിവർത്തനപഠനങ്ങൾ. കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്. തിരുവനന്തപുരം. 105.
5. എൻ.ആർ.ഗോപിനാഥപിള്ള, സംസ്കൃതകാവ്യവിവർത്തനം, പി.ആർ.പ്രബോധചന്ദ്രൻ (Ed.), വിവർത്തനചിന്തകൾ, കോട്ടയം, ഡി.സി.ബുക്സ്, 1994, 52.
6. ജോൺ കീറ്റ്സ്, ബ്രിട്ടാണിക്കാ വിജ്ഞാനകോശം, ഒൻപതാം പതിപ്പ്, വാല്യം XIV, (കേംബ്രിഡ്ജ് സർവകലാശാല പ്രസ്, 1992), 22–24.
7. കെ.എസ്.രവികുമാർ, കവിതയുടെ രാഷ്ട്രീയം, ടോണി മാത്യു (എഡി.) കാട്ടുകിളിയുടെ പാട്ട്, തിരുവനന്തപുരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011, 105–106.
8. സ്കോട്ട്, ഗ്രാന്റ്, ജോൺ കീറ്റ്സിന്റെ തിരഞ്ഞെടുത്ത കത്തുകൾ, ഹാർവാർഡ് സർവകലാശാല പ്രസ്, 2002.
9. കെ.പി.ശങ്കരൻ, സുഗതകുമാരിയുടെ കുറിഞ്ഞിപൂക്കൾ എന്ന കവിതാ സമാഹാരത്തിന്റെ അവതാരികയിൽ നിന്ന്, 1987.
10. കെ.എം.അജീർകുട്ടി, സുഗതകുമാരിയുടെ വിവർത്തനകവിതകൾ, ടോണിമാത്യു (എഡി.)കാട്ടുകിളിയുടെ പാട്ട്, തിരുവനന്തപുരം,കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 2011, 226.
11. സി.പി.പിള്ള, മലയാളവിവർത്തനത്തിന്റെ സംക്ഷിപ്ത ചരിത്രം, പി.ആർ.പ്രബോധചന്ദ്രൻ (Ed.), വിവർത്തനചിന്തകൾ, കോട്ടയം, ഡി.സി.ബുക്സ്, 1994, 37.
12. കെ.എം.അജീർകുട്ടി, സുഗതകുമാരിയുടെ വിവർത്തനകവിതകൾ, ടോണിമാത്യു (എഡി.)കാട്ടുകിളിയുടെ പാട്ട്, തിരുവനന്തപുരം, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 2011,226.

### ഗ്രന്ഥസൂചി


1. പ്രബോധചന്ദ്രൻ പി.ആർ. (എഡി.), 1994, വിവർത്തന ചിന്തകൾ, ഡി.സി.ബുക്സ്, കോട്ടയം.
2. സോമനാഥൻ പി., 2014, വിവർത്തനപഠനങ്ങൾ, കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. മാത്യു, ടോണി (എഡി.), 2011, കാട്ടുകിളിയുടെ പാട്ട്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. സുഗതകുമാരി, 2006, സുഗതകുമാരിയുടെ സമ്പൂർണ കവിതകൾ, ഡി.സി.ബുക്സ്, കോട്ടയം.
5. സ്കോട്ട്, ഗ്രാന്റ്, 2002, ജോൺ കീറ്റ്സിന്റെ തിരഞ്ഞെടുത്ത കത്തുകൾ, ഹാർവാർഡ് സർവകലാശാല പ്രസ്, കേംബ്രിഡ്ജ്.
6. ജോൺ കീറ്റ്സ്, 1992, ബ്രിട്ടാണിക്കാ വിജ്ഞാനകോശം, ഒൻപതാം പതിപ്പ്, വാല്യം XIV, സർവകലാശാല പ്രസ്, കേംബ്രിഡ്ജ്.
7. അന്വോന്യം ത്രൈമാസികം, 2021.

# Mushroom Cultivation in a Techno – Savvy Environmental Space

**Dr. Jinu GV**
Assistant Professor
Department of History,
Govt College, Nedumangad,
E-Mail: jinugv2018@gmail.com

**Abstract**

We are living in a techno-savvy globally driven world. Technologies play a pivotal role in day to day life. In this robotic world, we are enveloped with different programmes in changes of technologies with respect to mushrooms. Its production and cultivation too technologies play a key role. How to increase the productivity, how to resist diseases, how into breed news strains, how to use strains with higher yields and how to reduce the use of chemicals pest control are answered with the assistance of technologies. New technologies were launched in the field of mushroom harvesting, composting, mushrooms production on non – biodegradable substrate, substrate disinfections and new spawning methods. This will improve the quality and quantity of mushrooms on a large scale.

**Keywords:** Spawning culture, substrate, non-biodegradable, biotechnology, climate change, Automation, AI, Sterilization, variables

## INTRODUCTION

Mushroom Cultivation is a biotechnological and a recycling process. The cheap and easy availability of raw materials for Mushroom Cultivation adds an impetus to its potentiality. It has manifold medical, economics and nutritional legacies. It played a paramount role in the livelihood of people with disabilities, women and the landless poor. There were numerous challenges posed for the cultivation of mushrooms. China is the leader in mushroom production. This is because of

community based agriculture and diversity of mushrooms. These species are good sources of proteins, folic acid, iron vitamins and minerals. They are good for anemic patients. Mushrooms climatic change (CC) is a key factor for the impedimency of the crop cultivation. Agricultural wastes have been doomed in India and add fuel to the fire. In this context, a study was made to identify cultivation goals of mushrooms, the challenges posed by species cultivation technologies, to identify techno-based innovations in the production of mushroom cultivation and to make an estimate on monetary benefits to by adopting mushroom cultivation.

## METHODOLOGY

The methodology is purely descriptive in character and is based on secondary sources of data. The data on techno driven schemes in ecofriendly practices, substrate preparation, sterilization, AI and machine learning, automated development systems, LED light, monetary benefits were analysed and conclusions were made.

## RESULTS

### 1.Eco – Friendly Practices

A sustainable and eco-friendly zone has to be developed in this global area as SDG (Sustainable Development Goals) are the key pathways to the progress of mushroom cultivation. Recylcing mode has been utilized for the purpose. The nutritional profile of mushroom has to be enhanced. Renewable energy sources such as solar or wind in an automated gross system to be adopted.

### 2.Substrata preparation and Sterilization

Substrate include compost, saw dust or straw. Sterilization process has to be included. But the disadvantage was energy – intensive and time increasing. New technologies are imparted which are more efficient and less pollutants, this will improve the overall status of mushroom cultivation.

### 3.A I and Machine Learning

Machine Learning algorithm are used for optimization. Algorithms foster to identify patterns and make predictions about the best conductions mushroom growth. Thus energy conservation can be minimized. The algorithm helps to analyze data on $CO_2$ levels, humidity and temperature.

### 4.Automated Development Systems

The right procedure for mushroom growth is visible through ADS or Automated Development Systems. They can control variables such as humidity, temperature and

$CO_2$ levels. Thus human intervention subsidizes to the bottom because automated system monitor and adjust the growing environment.

**5.LED Light**

The more energy efficient light system, improves sustainability and reduce energy. Traditional lighting system has subsided now. LED light are long-lived and unit specific. They faster mushroom growth. Higher yields, faster growth are its output.

However there are hurdles and hindrances to any venture. Mushroom clustering also hampers different sort of serious handicaps. They are enumerated as follows:

**i.Monetary Benefits**

They contribute to sustainable food security, nutrition and medicine. Thus income – raising through business venture is aimed at. Thus opportunities are awaiting for these business. They throw light on livelihood opportunities. Thus income generation is provided by growing mushrooms. It avoids some of the challenges that would mushroom farmers face. They includes:

- Identifying species
- Obtaining access and permits to collect
- Practicing sustainable harvesting

**ii) Domestic Income**

Mushroom cultivation is integrated with other traditional agricultural and house hold activities. It contributes significantly to the livelihood of the disabled income and the land less poor. Thus income is generated through adequate training and inputs. Self esteem can also be enhanced. This can be achieved by careful planning in tune with the market opportunities. Thus trade and economic prosperity will be the output. A good entrepreneur skill and training in this field led to successful commercial mushroom farming.

**iii) Collaborative Farming**

Co-operative and community groups should take up the venture for production costs, harvesting and marketing. Partnership, business or joint ventures with regional agricultural industries, university or wholesalers helps small scale producers, reduce vulnerability and risk. Producers can have access to training and other farms of support.


ISSN: 2582 - 2594

**iv) Disease and contamination**

Mushroom are susceptible to a variety of contamination and diseases. This will destroy the entire crop. Hygiene protocols and measures must be taken to prevent and to create a sustainable eco space. New Technologies must be scrutinized for the same.

**v) Cost of Living Increases**

The system is expensive and costly. It is costly to install and maintain. This is a great impediment for small scale farmers who do not have the sources to invest in advanced technology.

## CONCLUSION

In a nutshell, mushroom cultivation offers remarkable opportunities to urban and rural women and youth. Public and private intervention through financial constraints are a great boost to its growth. It is an indoor crop which expand domestic market. Scientific and technological expansion adds to skill development. It can be grown seasonally and year-round in environment characteristically controlled grow rooms, years come will determine the demand for food (2020–2025) spectrum. Thus malnutrition and poverty in rural area can be regulated. We have to maintain current consumption patterns. Schemes and plans have to be formulated to double the cultivation of mushroom production in the next 20-25 years. Yield have to be doubled in parallel with current consumption. Mushroom cultivation is a great indoor crop production programme which can be cultivated in traditional ways and means. Through modern technological drives it can be raised up to unreasonable extent.

## BIBLIOGRAPHY


1. Anonymous, Directorate of Mushroom Research (ICAR) Solan, (H.P) India, 2011.
2. Bah L. Neeta, Oxford and IBH Publishing co, New Delhi, 1984.
3. Daba, A.S., Kabeil, S., Botros, W. A. El-Saadani, M., Production of mushroom (Pleurotus ostreatus) in Egypt as a source of nutrient and medicinal food world. J Agric. Sa 2008.
4. Gulbet F. A., Robinson, R.F, Food from fungi, Economic Botany, 1957.
5. Lekhanpal, T. N., Rena, M. Medicinal and pharmaceutical Genetic resources of mushrooms. Plant genetics Res 2005.
6. Oei, P, Manual on mushroom with techniques, species and opportunities for the commercial application in developing countries, Tool publications, Amsterdam 1991.
7. Vancetic B Termate C, Ickwite, A Pawells B, Kchlenback K, Hunter D, The contribution of forests and trees to Sustainable Diets. Sustainability, 2013.

## PANEL OF EXTERNAL PEER REVIEWERS

**Dr. T.S. Preetha**
Associate Professor
Department of Botany
University College
Thiruvananthapuram

**Dr. Lekshmi S.**
Assistant Professor
Department of Malayalam
Government College
Nedumangad

**Dr. M. Ramachandran Pillai**
Assistant Professor
Department of Malayalam
Government College
Nedumangad

**Dr. Krishna Aravind**
Assistant Professor
Department of Malayalam
PM Government College
Chalakudy

**Dr. Ganga Devi M.**
Assistant Professor
Department of Malayalam
Government College for Women
Thiruvananthapuram

Vol. 6 No. 2 July 2023 ISSN 2582-2594 RNI No. KERMUL/2018/77513

www.akgct.org

Printed by **K. K. DAMODARAN** and published by **K. K. DAMODARAN**
and owned by **Association of Kerala Government College Teachers**
and printed at **Akshara Offset,** Vanchiyoor, Thiruvananthapuram 35 and published
at AKGCT Bhavan, Panavila Jn., Thiruvananthapuram - 695014, Kerala.
Ph: 04171 - 2329900, E-mail: akgctresearchjournal@gmail.com
Web: www. akgct.org